
# താമരമൊട്ടുകൾ

വാല്യം 23 | ജൂലൈ 2021 | ലക്കം 07 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 22 താമരമൊട്ടുകൾ ജൂലൈ 2021 ലക്കം 07

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവ്
കല്പിച്ചതുപോലെ പ്രവർത്തിച്ചു."
(മത്താ. 1:24)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 415 |
| 2. | പ്രോഗ്രാം ജൂലൈ 2021 | 417 |
| 3. | സർക്കുലർ 10/2021 | 418 |
| 4. | സർക്കുലർ 11/2021 | 422 |
| 5. | സർക്കുലർ 12/2021 | 426 |
| 6. | ഇടയലേഖനം | 429 |
| 7. | യുവജനദിനം 2021 | 436 |
| 8. | ലോക മാധ്യമദിനസന്ദേശം 2021 | 440 |
| 9. | കച്ചേരിക്കാര്യം | 448 |
| 10. | വൈദിക സമിതി റിപ്പോർട്ട് | 452 |
| 11. | അനുസ്മരണ പ്രഭാഷണം | 457 |
| 12. | സെമിനാരി വാർത്തകൾ | 461 |
| 13. | വിശ്വാസപരിശീലനം | 464 |
| 14. | ചെറുപുഷ്പ മിഷൻലീഗ് | 466 |
| 15. | തിരുബാലസഖ്യം | 470 |
| 16. | ലിറ്റർജി കമ്മീഷൻ | 471 |
| 17. | വിദ്യാഭ്യാസം | 472 |
| 18. | സ്റ്റാർട്ട് | 474 |
| 19. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 476 |
| 20. | ആൽഫ മരിയ അക്കാദമി | 477 |
| 21 | അൽഫോൻസ കോളേജ് തിരുവമ്പാടി | 478 |
| 22. | ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് സൊസൈറ്റി | 484 |
| 23. | മാതൃവേദി | 485 |
| 24. | കുടുംബകൂട്ടായ്മ | 488 |
| 25. | കെ.സി.വൈ.എം | 489 |
| 26. | ജീസസ് യൂത്ത് | 494 |
| 27. | എ.കെ.സി.സി | 496 |
| 28. | കരിസ്മാറ്റിക് മൂവ്മെന്റ് | 499 |
| 29. | ബഥാനിയ ധ്യാനകേന്ദ്രം | 501 |
| 30. | മലബാർ ലേബർ മൂവ്മെന്റ് | 503 |
| 31. | വികസനവേദി | 504 |
| 32. | അജപാലനക്കുറിപ്പുകൾ | 506 |

# ജൂലൈ 26–ാം തീയതി ജന്മദിനം ആഘോഷിക്കുന്ന മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന് രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ!





21.06.2021ന് ഡൊമിനിക്കൻ സന്യാസ സമൂഹത്തിനു വേണ്ടി അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ച ചക്കിട്ടപാറ ഇടവകാംഗം ബഹു. ജോ ആന്റണി വളയത്തിന്

**താമരശ്ശേരി രൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും...**

**ഫാ. ജോ ആൻണി വളയത്ത്**
**ചക്കിട്ടപാറ**
**പൗരോഹിത്യം : 21-06-2021**

സ്പെയിനിലെ സലമാങ്കാ യൂണിവേഴ്സിറ്റിയിൽ കാനൻ ലോയിൽ ഉപരിപഠനം നടത്തിക്കൊണ്ടിരിക്കുന്ന ഡീ. ജോസഫ് മുതലക്കുഴിയിൽ 15.07.2021ന് പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെടുന്നു.

താമരശ്ശേരി രൂപതയുടെ ആശംസകളും പ്രാർത്ഥനകളും...



**ഫാ. ജോസഫ് മുതലക്കുഴി**
**കൂടരഞ്ഞി**

# Birth Day Greetings

Rev. Fathers

| | | | |
|---|---|---|---|
| | Kappil Joseph | July | 6 |
| | Ikolambil Kuriakose | | 7 |
| | Mundakal Chacko | | 9 |
| | Vayalil Abraham | | 9 |
| | Pallickavayalil John | | 12 |
| | Ezhanikattu Vincent | | 13 |
| | Pulickal Sebastian | | 14 |
| | Kavilpurayidathil Abraham | | 17 |
| | Njavallil Jose | | 17 |
| | Kizhakeveettil Jacob | | 19 |
| | Pookulam Sebastian | | 23 |
| | Puramadathil Kurian | | 23 |
| | Choorapoikayil Mathew | | 24 |
| | Puthenpura Paul | | 25 |
| Bp. | Remigiose Inchananiyil | | 26 |
| Rev. Fathers | Embrayil Sebastian (Jr) | | 28 |
| | Moolechalil Varghese | | 29 |
| | Kadaplackal Thomas | | 31 |
| | Mangalamadathil Mathew | | 31 |

Mar Remigiose Inchananiyil

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Chakkittamuriyil Thomas (Sr) | July | 3 |
| Chakkittamuriyil Thomas (Jr) | | 3 |
| Chuvappunkal Thomas | | 3 |
| Chilambikunnel Thomas | | 3 |
| Eyyalil Thomas | | 3 |
| Kadaplackal Thomas | | 3 |
| Kalarickal Thomas | | 3 |
| Kalapurackal Thomas | | 3 |
| Kochuparambil Thomas | | 3 |
| Kochukaipayil Thomas | | 3 |
| Kochumuriyil Thomas | | 3 |
| Kochumannarath Thomas Joseph Ofm | | 3 |
| Kannampally Thomas | | 3 |
| Kudiyirickal Thomas | | 3 |
| Malapravanal Thomas | | 3 |
| Nagaparambil Thomas | | 3 |
| Parankulangara Thomas | | 3 |
| Poriyath Thomas | | 3 |
| Puthiyaparambil Thomas | | 3 |
| Thevadiyil Thomas | | 3 |
| Vattottutharappel Thomas | | 3 |
| Chennamkulath Benedict | | 11 |
| Chemplani Kuriakose | | 15 |
| Ikolambil Kuriakose | | 15 |
| Pulickal Sibi Kurian | | 15 |
| Puramadathil Kurian | | 15 |
| Thalachirakuzhy Kurian | | 15 |
| Thannickal Kurian | | 15 |
| Thayyil Kurian | | 15 |
| Panachickal Alex | | 17 |
| Areethara Jacob | | 25 |
| Cherickal James | | 25 |



| | |
|---|---|
| Kappalumackal Jacob | 25 |
| Karakunnel Jacob | 25 |
| Kiliyananickal James | 25 |
| Kizhakeveettil Jacob | 25 |
| Kothanickal Chakko | 25 |
| Koothur Jacob | 25 |
| Kuzhimattathil James | 25 |
| Mundackal Chacko | 25 |
| Plakkoottathil Jacob | 25 |
| Pulthakidiyil James | 25 |
| Puthenpurackal Jacob | 25 |
| Vallikunnel James | 25 |
| Vamattathil James | 25 |

**Mar Remigiose Inchananiyil**

## പ്രോഗ്രാം ജൂലൈ 2021

| | | |
|---|---|---|
| 03 | ശനി | ദുക്റാന – കടമുള്ള ദിവസം |
| 16 | വെള്ളി | **കർമ്മലമാതാവ്** |
| 18 | ഞായർ | ചരമദിനം: ഫാ. ഫിലിപ്പ് പ്ലാത്തോട്ടം (2010) |
| 23 | വെള്ളി | ചരമദിനം: ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ (2019) |
| 25 | ഞായർ | **ഗ്രാന്റ് പേരന്റ്സ് ഡേ, വി. യാക്കോബ് ശ്ലീഹാ** |
| 26 | തിങ്കൾ | **ജന്മദിനം – മാർ റെമീജിയോസ് ഇഞ്ചനാനിയിൽ** |
| 27 | ചൊവ്വ | ചരമദിനം: ഫാ. മാത്യു പൊയ്യക്കര (2008) |
| 28 | ബുധൻ | **വി. അൽഫോൻസ, രൂപതാമദ്ധ്യസ്ഥ** |
| 30 | വെള്ളി | ചരമദിനം: ഫാ. ജോസ് മണിമലത്തറപ്പിൽ (2012) |
| 31 | ശനി | **വി. ഇഗ്നേഷ്യസ് ലയോള** |

*സർക്കുലർ 10/2021*

# കേരള കർഷക ക്ഷേമനിധി ബോർഡിന്റെ രൂപീകരണം

മിശിഹായിൽ സ്നേഹമുള്ളവരെ,

ലോകത്തിന്റെ അന്നദാതാവാണ് കർഷകൻ. കൊറോണയുടെ പശ്ചാത്തലത്തിൽ ലോകം മുഴുവൻ അടച്ചിടുമ്പോഴും പട്ടിണി കിടക്കാതിരിക്കാൻ സാധിച്ചത് കർഷകന്റെ അധ്വാനത്തിന്റെ ഫലം ആണ്. ആഹാര സാധനങ്ങൾ വാങ്ങിച്ചു നല്കാനും വിതരണം ചെ യ്യാനും ആളുകളും, വാങ്ങുവാൻ പണവും ഉണ്ടെങ്കിലും ആഹാര സാധനങ്ങൾ ലഭ്യമാകുന്നില്ലെങ്കിൽ പിന്നെ എന്താണ് ഫലം. എല്ലു മുറിയെ പണിയെടുക്കുന്ന കർഷകന്റെ വിയർപ്പിനെ ഫലമാണ് ഒരു നേരം പോലും മുടങ്ങാതെ നാം കഴിക്കുന്ന ആഹാരം.

സമയത്ത് വിത്ത് മണ്ണിൽ വിതയ്ക്കാനും വളവും വെള്ളവും നൽകാനും കാലാവസ്ഥയുടെ മാറ്റങ്ങൾ ഗ്രഹിച്ച് അതിനെ ശുശ്രൂഷി ക്കാനും ഉള്ള കർഷകന്റെ പ്രാവീണ്യം മാത്രം ഇന്നുവരെ ആരും വിലമതിച്ചു കണ്ടിട്ടില്ല. ഒരു ഡോക്ടറോ നഴ്സോ രോഗിയെ പരിചരി ക്കുന്നതുപോലെ തന്നെ കാർഷികവിളകളെ പരിചരിച്ചാണ് ഓരോ കർഷകനും ലോകത്തിന്റെ അന്നദാതാവ് ആയി മാറുന്നത് എന്ന് ഇന്നുവരെ ലോകം അംഗീകരിച്ചിട്ടില്ല.

കർഷകന്റെ ജോലിക്ക് മാന്യമായ ശമ്പളം, പെൻഷൻ എന്ന ചിന്ത പോലും ഇന്നും അന്യമാണ്. അതിനാൽ എന്നും കർഷകൻ രണ്ടാം തരക്കാരനും അവന്റെ ജോലി രണ്ടാംകിട ജോലിയുമായി തുടരുന്നു.

കർഷകന്റെ അധ്വാനത്തെ വിലമതിക്കുന്ന കാലഘട്ടത്തിലേ ക്കുള്ള യാത്രയുടെ ആദ്യപടി എന്ന് വേണമെങ്കിൽ കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരണത്തെ വിശേഷിപ്പിക്കാം. ആരോഗ്യ മുള്ള കാലം മുഴുവൻ എല്ലുമുറിയെ അധ്വാനിച്ചിട്ടും വിശ്രമ ജീവിത ത്തിൽ ഒരു സമ്പാദ്യവും ഇല്ലാതെ തലകുനിക്കേണ്ടി വരുന്ന കർഷക സമൂഹത്തിന് ആശ്വാസമാകുന്ന കാര്യമാണിത്.

60 വയസ്സ് കഴിയുന്ന കർഷകന് മാസംതോറും കുറഞ്ഞത് 5000 രൂപ വീതം പെൻഷനായി ലഭിക്കുവാനുള്ള പദ്ധതി ആണിത്. കർഷകന്റെ അധ്വാനവും ആയി താരതമ്യം ചെയ്യുമ്പോൾ ഇത് കേവലം ചെറുതാണെങ്കിലും ആദ്യപടി എന്ന നിലയിൽ ഇതിനെ ഹൃദയ പൂർവ്വം സ്വാഗതം ചെയ്യുകയാണ്.

കേരളത്തിൽ നടപ്പിലാക്കിവരുന്ന മറ്റു ക്ഷേമനിധികളെ പോലെ തന്നെ ഗുണഭോക്താവിന്റെ പങ്കാളിത്തത്തോടുകൂടി തന്നെയാണ് ഇതിന്റെയും പ്രവർത്തനം.

18 വയസ്സു മുതൽ 55 വയസ്സ് വരെ പ്രായത്തിലുള്ള ഏതൊരു കർഷകനും ഇതിൽ അംഗമായി ചേരാം. സ്വന്തമായോ പാട്ടത്തിനോ 5 സെന്റ് മുതൽ 15 ഏക്കർ വരെയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നതും കൃഷി ഉപജീവനമാർഗ്ഗമായി മൂന്നു വർഷത്തിലധികമായി സ്വീകരി ച്ചിട്ടുള്ളവരും വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ കവിയാത്ത വരുമായവരെയാണ് ഇവിടെ കർഷകൻ എന്ന് വിവക്ഷിക്കുന്നത്.

ഈ പദ്ധതിയുടെ നടത്തിപ്പ് ഇങ്ങനെയാണ്. ഇതിൽ അംഗമായി ചേരുന്ന കർഷകൻ മാസം കുറഞ്ഞത് 100 രൂപ അല്ലെങ്കിൽ വർഷം 1200 രൂപ കർഷക ക്ഷേമനിധി ബോർഡിലേക്ക് അടയ്ക്കുമ്പോൾ, തുല്യമായ തുക സർക്കാർ കർഷകനുവേണ്ടി ക്ഷേമനിധി ബോർഡി ലേക്ക് അടയ്ക്കുന്നു. ഈ തുക 60 വയസ്സ് പൂർത്തിയാകുന്നത് വരെ തുടർച്ചയായി അടയ്ക്കേണ്ടതാണ്. 60 വയസ്സ് പൂർത്തിയായി കഴിയു മ്പോൾ മാസം ഏറ്റവും കുറഞ്ഞത് 5000 രൂപ വീതം പെൻഷൻ കർഷ കന് ലഭിക്കുന്നതാണ്. 25 വർഷം കൃത്യമായി തുക അടച്ചിട്ടുള്ള അംഗ ങ്ങൾക്ക് 60 വയസ്സാകുമ്പോഴേക്കും അവർ അടച്ചിട്ടുള്ള തുക യുടെ ഒരു ഭാഗം കൂടി തിരിച്ചു കിട്ടുന്നതാണ്. അതിനോടൊപ്പം തന്നെ അംഗമായിരുന്ന വ്യക്തിക്ക് കുടുംബ പെൻഷൻ, അംഗങ്ങളുടെ കുട്ടിക ളുടെ പഠനത്തിന് സ്കോളർഷിപ്പ്, അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് സഹായധനം, പ്രസവാനുകൂല്യം, ചികിത്സാസഹായം, അംഗങ്ങൾ മരണമടഞ്ഞാൽ ആശ്രിതർക്ക് പെൻഷൻ, മരണാ നന്തര സഹായം തുടങ്ങിയ ആനുകൂല്യങ്ങളും ഇതിൽ അംഗമായി രിക്കുന്ന കാലത്ത് ലഭിക്കുന്നതാണ്.

വളരെ നാളുകളായി നാം ആവശ്യപ്പെടുന്ന ഈ പദ്ധതി നടപ്പിൽ വരുമ്പോൾ നമ്മുടെ രൂപതയിൽ കൃഷി ഉപജീവന മാർഗമായി സ്വീകരിച്ചിരിക്കുന്ന മുഴുവൻ അംഗങ്ങളും അതിന്റെ ഗുണഭോക്താക്കൾ ആകുവാൻ പ്രത്യേകം ശ്രദ്ധിക്കണം.


ഓൺലൈൻ ആയിട്ടാണ് ഈ പെൻഷൻ പദ്ധതിയിൽ കർഷകർ അംഗങ്ങളായി ചേരേണ്ടത്. സ്വയമേവ അതിൽ ചേരാൻ എല്ലാവർക്കും കമ്പ്യൂട്ടർ പരിജ്ഞാനം ഉണ്ടാകണമെന്നില്ല. അതുകൊണ്ട് നല്ല സമരിയാക്കാരനെപ്പോലെ, പാവപ്പെട്ട കർഷകനോട് അനുകമ്പയുള്ള എല്ലാവരും കർഷകരെ ഈ പദ്ധതി യിൽ ഉൾപ്പെടുത്തുന്നതിന് മുന്നോട്ടുവരണമെന്ന് ഞാൻ സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. പാവപ്പെട്ട എല്ലാ കർഷകരും ഇതിൽ പങ്കാളികളായി എന്ന്

ഉറപ്പുവരുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വവും കടമയുമാണെന്ന് മറക്കരുത്. ഏറെ പ്രത്യേകിച്ച് AKCC, KCYM പ്രവർത്തകരുടെ നിർല്ലോഭമായ സഹകരണം ഉണ്ടാകണം. ഈ പദ്ധതിയിയിൽ ചേരുന്നതിനുള്ള വിശദമായ മാർഗ രേഖ പുറത്തു വന്നതിനുശേഷം ഓരോ ഇടവകയിലും തിരഞ്ഞെടുക്ക പ്പെടുന്ന അംഗങ്ങൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിന് ഇടവക അംഗങ്ങളെ സഹായിക്കാനുള്ള പരിശീലന വും നൽകുന്ന താണ്. എല്ലാ വർഷവും അംശാദായം കൃത്യമായി അടച്ചില്ലെങ്കിൽ ക്ഷേമനിധി അംഗത്വം നഷ്ടപ്പെടും എന്നതിനാൽ നമ്മുടെ ഇടവക കളിൽ നിന്നും ചേരുന്ന ആളുകളുടെ ലിസ്റ്റ് സൂക്ഷിച്ചു വെയ്ക്കേ ണ്ടതും അത്യാവശ്യമാണ്.

വിവിധങ്ങളായ ക്ഷേമ പദ്ധതികളിൽ അംഗത്വം എടുക്കുവാൻ നമ്മെ സഹായിക്കുന്നത് കെ.സി.ബി.സി. യുടെ നേതൃത്വത്തിൽ അസംഘടിത തൊഴിലാളികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് വഴിയാണ്. ഇതിനുവേണ്ട എല്ലാ നിർദ്ദേശങ്ങളും സഹായങ്ങളും നമ്മുടെ രൂപതയിലും കേരള ലേബർ മൂവ്മെന്റ് (KLM) നൽകുന്നതാണ്.

കർഷകരുടെ നല്ല നാളേക്കുള്ള ആദ്യ കാൽവെപ്പ് എന്ന നില യിൽ ഈ ഉദ്യമം എല്ലാവരും പ്രയോജനപ്പെടുത്തണമെന്നും കർഷകരെ സഹായിക്കണ മെന്നും സ്നേഹത്തോടെ ഓർമിപ്പിക്കുന്നു.

സ്നേഹപൂർവ്വം,



✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലറിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ദൈവജനത്തെ അറിയിക്കേണ്ടതാണ്.*

***ഈ പദ്ധതിയിൽ അംഗമായ ചേരുന്നതിന് കരുതി വയ്ക്കേണ്ട രേഖകൾ:***

1. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം
2. വരുമാന സർട്ടിഫിക്കറ്റ്
3. ബാങ്ക് പാസ്സ് ബുക്ക് പകർപ്പ്
4. ആധാർ പകർപ്പ്
5. വയസ്സ് തെളിയിക്കുന്ന രേഖ
6. രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ
7. 100 രൂപയുടെ ചെലാൻ ഫീ

*സർക്കുലർ 11/2021*

# ജെ.ബി. കോശി കമ്മീഷൻ

മിശിഹായിൽ സ്നേഹമുള്ളവരെ,

2020 നവംബർ അഞ്ചാം തീയതി കേരള ആഭ്യന്തരവകുപ്പ്, റിട്ട. ജസ്റ്റിസ് ജെ. ബി. കോശി അധ്യക്ഷനായി ഒരു കമ്മീഷനെ നിയമിച്ചതിനെക്കുറിച്ച് നമുക്കറിവുള്ളതാണല്ലോ. കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ സാമ്പത്തികവും, വിദ്യാഭ്യാസപരവും, സാമൂഹികവുമായ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കുവാനും ഈ സമുദായത്തിന് വേണ്ടിയുള്ള പ്രത്യേക ക്ഷേമ പദ്ധതികളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും ഈ കമ്മീഷനെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത കമ്മീഷനു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നമ്മുടെ രൂപതയിലെ മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ശാസ്ത്രീയ വിവരശേഖരണം ഒന്നാം ഘട്ടം എന്ന നിലയിൽ നാം നടത്തിയിരുന്നു. ആ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ബഹു. വികാരിയച്ചൻമാരുടെയും കോർഡിനേറ്റർമാരുടെയും അശ്രാന്തപരിശ്രമത്തിന്റെ ഫലമായി രൂപതയിലെ ഏകദേശം മുഴുവൻ കുടുംബങ്ങളുടെയും സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുവാൻ നമുക്ക് സാധിച്ചു. ഇതിൽ സഹകരിച്ച എല്ലാവരെയും അഭിനന്ദിക്കുകയും നിങ്ങളുടെ അർപ്പണ മനോഭാവത്തിന് നന്ദി പറയുകയും ചെയ്യുന്നു.

2021 മാർച്ച് മാസം മുതൽ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. അതിനാൽ കമ്മീഷനു മുമ്പാകെ റിപ്പോർട്ടുകളും നിവേദനങ്ങളും എത്തിക്കുവാൻ നമ്മുടെ കൂട്ടായ പരിശ്രമം ആവശ്യമാണ്. ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ പിന്നാക്കാവസ്ഥ തെളിയിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നമ്മൾ നൽകുന്ന ശാസ്ത്രീയമായ റിപ്പോർട്ടുകളും നിവേദനങ്ങളും ഏറെ സഹായിക്കും.

സർവ്വേയിലൂടെ ലഭിച്ചിരിക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ, രൂപതാ തലത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ടുകളോടൊപ്പം തന്നെ ഫൊറോന, ഇടവക, കുടുംബയൂണിറ്റ് തലങ്ങളിലും ഈ റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതുണ്ട്. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നേരിട്ടോ അല്ലെങ്കിൽ ഓൺലൈൻ സാധ്യതകൾ ഉപയോഗിച്ചോ താഴെപ്പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാൻ എല്ലാവരുടെയും അകമഴിഞ്ഞ സഹകരണം ഉണ്ടാകേണ്ടതാണ്.

നാം സമർപ്പിക്കുന്ന നിവേദനങ്ങളും റിപ്പോർട്ടുകളും പരാതികളും വഴിയാണ് ക്രൈസ്തവ സമൂഹത്തിന്റെ പിന്നാക്കാവസ്ഥയെക്കുറിച്ച് കമ്മീഷന് ബോധ്യം ലഭിക്കുക. അതിനാൽ നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന എ.കെ.സി.സി, കെ.സി.വൈ.എം, മിഷൻ ലീഗ്, കുടുംബ കൂട്ടായ്മ, മാതൃവേദി, വിൻസന്റ് ഡി പോൾ സൊസൈറ്റി, ദീപിക ഫ്രണ്ട്സ് ക്ലബ്, ഇൻഫാം, പ്രോ ലൈഫ്, മദ്യ

വിരുദ്ധ സമിതി, ജീസസ് യൂത്ത്, ഫ്രാൻസിസ്കൻ അല്മായ സഭ, വിശ്വാസപരിശീലനം, ഫാമിലി അപ്പോസ്തലേറ്റ്, ബൈബിൾ അപ്പോസ്തലേറ്റ്, സ്റ്റാർട്ട്, ആൽഫ മരിയ അക്കാദമി, വൊക്കേഷൻ ബ്യൂറോ, തിരുബാലസഖ്യം, സി.ഒ.ഡി, എൽ.ഡി.എസ്, കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി തുടങ്ങി എല്ലാ ഡിപ്പാർട്ട്മെന്റുകളുടെയും രൂപത, ഫൊറോന, ഇടവക ഘടകങ്ങൾ നിവേദനങ്ങൾ സമർപ്പിക്കണം. അതോടൊപ്പം തന്നെ ആശുപത്രികൾ, എയ്ഡഡ് & സെൽഫ് ഫിനാൻസിംഗ് കോളേജുകൾ, കോർപ്പറേറ്റ് അധ്യാപകർ, കാരുണ്യ സ്ഥാപനങ്ങൾ, സന്യാസ ഭവനങ്ങൾ തുടങ്ങി എല്ലാ സഭാ സ്ഥാപനങ്ങളും ന്യൂനപക്ഷ സംബന്ധമായ പരാതികളും ക്ഷേമപദ്ധതികളെക്കുറിച്ചുള്ള നിർദ്ദേശങ്ങളും നിവേദനമായി കമ്മീഷനു മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

ക്രിസ്ത്യൻ ന്യൂനപക്ഷം അനുഭവിക്കുന്ന തൊഴിലില്ലായ്മ, വർധിച്ച കടബാധ്യത, സർക്കാർ ജോലി കിട്ടാത്തതും അതുമൂലം ജോലിതേടി അന്യനാടുകളിലേക്ക് പോകേണ്ടി വരുന്ന അവസ്ഥ, സംവരണം, കർഷകരുടെ വിവിധ പ്രശ്നങ്ങൾ, വിദ്യാഭ്യാസ മേഖലയിലുള്ള പ്രശ്നങ്ങൾ, മെഡിക്കൽ വിദ്യാഭ്യാസം , ആരോഗ്യ ക്ഷേമം, സ്പെഷ്യൽ സ്കൂളുകൾ, ഓർഫനേജുകൾ, കെയർ ഹോമുകൾ, പ്രവാസിക്ഷേമം, ചെറുകിട കച്ചവടക്കാർ, നഴ്സിംഗ് മേഖല, പൊതുവിലുള്ള സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥ, ക്രിസ്ത്യൻ പഠനത്തിനായി പൊതു വിദ്യാഭ്യാസത്തിലും ഉന്നത വിദ്യാഭ്യാസത്തിലും സുറിയാനിയും മറ്റ് ക്രൈസ്തവ പഠനങ്ങളും ഉൾ പ്പെടുത്തേണ്ടതിന്റെ ആവശ്യകത, വാസയോഗ്യമായ വീട് ഇല്ലാത്തതും, ഉണ്ടായിരുന്ന ഭൂമി കൂടി വിൽക്കുകയോ പണയപ്പെടുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യം, ഇവ കൂടാതെ പ്രസക്തവും പ്രധാനപ്പെട്ടതും എന്ന് തോന്നുന്ന മറ്റേതൊരു വിഷയവും നിവേദനത്തിൽ പരിഗണിക്കാവുന്നതും ഉൾപ്പെടുത്താവുന്നതുമാണ്.

അദ്ധ്യാപകർ, നിയമവിദഗ്ധർ, നിയമപാലകർ, ജനപ്രതിനിധികൾ, വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്ന പൊതുപ്രവർത്തകർ, മറ്റ് പ്രമുഖ വ്യക്തികൾ എന്നിവരെക്കൊണ്ടും പൊതു നിവേദനങ്ങളും ക്രൈസ്തവ പിന്നാക്കാവസ്ഥ സംബന്ധിക്കുന്ന അവരുടെ വിലയിരുത്തലുകളും കമ്മീഷന് അയക്കാൻ വേണ്ട നടപടികൾ ഫൊറോനാതലത്തിലും, ഇടവകാതലത്തിലും സ്വീകരിക്കേണ്ടതാണ്.

രൂപത, ഫൊറോന, ഇടവക തലങ്ങളിൽ രണ്ട് നിവേദനങ്ങൾ വീതം തയ്യാറാക്കാവുന്നതാണ്. എല്ലാ വിഷയങ്ങളും ഉൾക്കൊള്ളുന്ന ഒരു പൊതു നിവേദനവും ആവശ്യമായ പ്രാദേശിക ഉദാഹരണങ്ങളോടെ ഓരോ സംഘടനയും ഡിപ്പാർട്ട്മെന്റുകളും അവരവരുടെ പ്രത്യേക വിഷയത്തിൽ അധിഷ്ഠിതമായ മറ്റൊരു നിവേദനവും. ഈ നിവേദനങ്ങൾ കമ്മീഷന് നൽകുന്നുവെന്ന് നാം ഉറപ്പുവരുത്തേണ്ടതുണ്ട്. നിവേദനങ്ങളുടെ മാതൃക രൂപത പബ്ലിക് അഫയേഴ്സ് ഓഫീസിൽ ലഭ്യമാണ്.


ജൂലൈ മാസം അവസാനത്തോടെ മേൽപ്പറഞ്ഞ നിവേദനങ്ങൾ കമ്മീഷന് അയച്ചു എന്ന് ഫൊറോന വികാരിമാർ, ഇടവക വികാരിമാർ, ഇടവക കോഓർ

ഡിനേറ്റർമാർ എന്നിവർ ഉറപ്പാക്കുകയും അവ രൂപത പബ്ലിക് അഫയേഴ്സ് ഓഫീസിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്.

സമർപ്പിക്കുന്ന നിവേദനങ്ങൾക്ക് ആവശ്യകമായ രേഖകൾ കൂടി സമർപ്പിക്കുന്നത് നമ്മുടെ കണ്ടെത്തലുകൾ ശരിയാണെന്ന് തെളിയിക്കാൻ ഉപകരിക്കും. അതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, വിവരാവകാശരേഖകൾ, പത്രവാർത്തകൾ, ചിത്രങ്ങൾ, സ്റ്റാറ്റിസ്റ്റിക്സ്, മറ്റ് ആധികാരിക രേഖകൾ, ഗവ. വെബ്സൈറ്റ് രേഖകൾ എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്. പ്രാദേശികമായ വിഷയങ്ങളിൽ പൊതുപ്രവർത്തകരെ ഉൾപ്പെടുത്തിയ റിപ്പോർട്ട്, വീഡിയോ ഇന്റർവ്യൂ എന്നിവ തയ്യാറാക്കി കമ്മീഷന് നൽകുന്നതും അഭികാമ്യമാണ്.

നാളിതുവരെ ഇക്കാര്യത്തിൽ നിങ്ങൾ നല്കിയ എല്ലാ സഹകരണത്തിനും ഹൃദയപൂർവ്വം നന്ദി പറയുകയും തുടർന്നുള്ള പ്രവർത്തനങ്ങൾക്കും പരിപൂർണ്ണമായ സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു. നമുക്ക് ഒരുമിച്ച് നിന്ന് നമ്മുടെ സമുദായത്തിന്റെ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കാം.

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ആവശ്യകമായ നടപടികൾ സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.*

**നിർദ്ദേശങ്ങൾ:**

1. റിപ്പോർട്ടുകളുടെയും നിവേദനങ്ങളുടെയും ഒരു കോപ്പി രൂപതയുടെ പബ്ലിക് അഫയേഴ്സ് ഓഫീസിൽ നൽകേണ്ടതാണ്. വിലാസം : പബ്ലിക് അഫയേഴ്സ് ഓഫീസ്, പി.ബി.നമ്പർ 1, താമരശ്ശേരി പി.ഒ. 673573. ഇമെയിൽ: letter2pact@gmail.com

2. **റിപ്പോർട്ടുകളും നിവേദനങ്ങളും പരാതികളും അയക്കേണ്ട വിലാസം** : സെക്രട്ടറി, ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ, രണ്ടാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, പനമ്പള്ളി നഗർ, കൊച്ചി - 682 036, എന്ന അഡ്രസ്സിലോ അല്ലെങ്കിൽ christianminorityco mmission@gmail.com എന്ന മെയിലിലോ അയയ്ക്കാവുന്നതാണ്.

3. സംശയ ദൂരീകരണത്തിനും വിശദീകരണങ്ങൾക്കും താമരശ്ശേരി രൂപതയുടെ പബ്ലിക് അഫയേഴ്സ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ നമ്പർ 8921819236. ഇമെയിൽ : letter2pact@gmail.com

*സർക്കുലർ 12/2021*

# വൈദികദിനം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ആഗസ്റ്റ് 4-ാം തീയതി സാർവ്വത്രികസഭ വൈദികരുടെ മദ്ധ്യസ്ഥ നായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിക്കുക യാണല്ലോ. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ അനുസ്മരിക്കു ന്നതുപോലെ "അജപാലകരുടെ യഥാർത്ഥ മാതൃകയാണ്" വി. ജോൺ മരിയ വിയാനി. സകല വൈദികരുടെയും മാതൃകയായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾദിനത്തിൽ നമ്മുടെ പ്രിയപ്പെട്ട അജപാലകരെ കൃതജ്ഞതയോടെ ഓർക്കുന്നത് ഉചിതമാണ്. അവർ ക്കുവേണ്ടി പ്രാർത്ഥിക്കുവാനും ആശംസകൾ നേരുവാനും, അവരുടെ നിസ്തുലവും ത്യാഗപൂർണ്ണവുമായ സ്നേഹസേവനങ്ങളെ വിലമതി ക്കുവാനും വൈദികദിനം നമ്മെ പ്രചോദിപ്പിക്കുന്നുണ്ട്.

നാടിന്റെ വികസനത്തിനും, ദൈവജനത്തിന്റെ സമഗ്രമായ വളർ ച്ചയ്ക്കും ആത്മീയോത്കർഷത്തിനും നമ്മുടെ പ്രിയപ്പെട്ട വൈദികർ നല്കിയ സേവനം വിലമതിക്കുവാനാവാത്തതാണ്. കൂദാശകളുടെ പരികർമ്മം, ഭവന സന്ദർശനങ്ങൾ, രോഗത്തിന്റെയും വേർപാടിന്റെയും അവസരങ്ങളിലെ സാന്നിധ്യം എന്നിവയിലൂടെ നമുക്ക് സമാശ്വാസ മാകുവാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. അവരിൽ പലരും ഇന്ന് വിശ്രമ ജീവിതം നയിക്കുന്നവരായിരിക്കാം. വൈദികദിനത്തിൽ അവരെ യൊക്കെ ഓർമ്മിക്കുവാനും പ്രാർത്ഥിക്കുവാനും പ്രത്യേകം പരിശ്രമി ക്കാം. നമ്മുടെ കുഞ്ഞുങ്ങൾക്ക് മാമ്മോദീസ നല്കിയ വൈദികരെ ക്കുറിച്ച് അവരോട് സംസാരിക്കണം. വിവാഹം ആശീർവദിച്ച വൈദി കരെ ഓർക്കുകയും സാധിക്കുമെങ്കിൽ അവരെ വിളിക്കുകയും ചെയ്യ ണം. നമ്മുടെ ജീവിതത്തിൽ ഏതെങ്കിലും തരത്തിൽ സ്വാധീനിച്ച വൈദികരെയും നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സേവനം ചെയ്തവരെയും നമുക്ക് പരിചയമുള്ള എല്ലാ വൈദികരെയും വൈദി കദിനത്തിന്റെ ആശംസകൾ അറിയിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം. പൗരോഹിത്യ ദൈവവിളിയിൽ നിലനിൽക്കുവാനും തീഷ്ണതയോടെ ശുശ്രൂഷ ചെയ്യുവാനും നിങ്ങ ളുടെ പ്രാർത്ഥനയും സ്നേഹവും പിന്തുണയും നമ്മുടെ വൈദികരെ സഹായിക്കും.

1986-ൽ രൂപീകൃതമായ നമ്മുടെ രൂപതയിൽ 205 വൈദികരാണ് ഇപ്പോഴുള്ളത്. മേരിക്കുന്നിലും ഈരൂടിലുമുള്ള വൈദിക വിശ്രമ മന്ദിരങ്ങളിലായി 22 വൈദികർ വിശ്രമജീവിതം നയിക്കുന്നു. അഭിവന്ദ്യ മങ്കുഴിക്കരിപ്പിതാവും പോൾ ചിറ്റിലപ്പിള്ളി പിതാവും ഉൾപ്പെടെ 35 പേർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. നമ്മുടെ


രൂപതയിൽ അജപാലന ശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിച്ചുകൊണ്ട് എൺപതോളം വൈദിക വിദ്യാർത്ഥികൾ വിവിധ സെമിനാരികളിൽ പരിശീലനം നേടിക്കൊണ്ടിരിക്കുന്നു. നമ്മുടെ രൂപതയിൽ നിന്ന് ദൈവവിളി സ്വീകരിച്ച് വിവിധ സന്യാസസമൂഹങ്ങളിലും രൂപതകളിലുമായി നിരവധി വൈദികർ സേവനം ചെയ്യുന്നുണ്ട്. അതോടൊപ്പം രൂപത യിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസവൈദികരെയും പ്രാർത്ഥനയിൽ നമുക്ക് ഓർമ്മിക്കാം.

ജെറമിയായുടെ പുസ്തകം 35/15-ൽ നാം ഇപ്രകാരം വായിക്കുന്നു: “എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും; അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും” എന്ന്. ദൈവത്തിന്റെ നമ്മോടുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും അടയാളമാണ് ഓരോ പുരോഹിതനും. നമ്മുടെ ജീവിതയാത്രയിൽ താങ്ങും തണലുമായി മാറേണ്ട ദൈവകൃപയുടെ നീർച്ചാലുകൾ വൈദികരിലൂടെയാണ് ദൈവം നമ്മിലേക്ക് വർഷിക്കുന്നത്. “എന്റെ ആട്ടിൻപറ്റത്തെ മേയിക്കുന്നതിന് ഇടയന്മാരെ ഞാൻ നിയോഗിക്കും; ഇനിമേൽ അവ ഭയപ്പെടുകയോ വേവലാതിപ്പെടുകയോ ഇല്ല; ഒന്നും കാണാതെ പോവുകയുമില്ല” (ജെറമിയ 23/4). ഈ വാഗ്ദാനമനു സരിച്ച് അനേക പൗരോഹിത്യ ദൈവവിളികൾ നല്കി ദൈവം നമ്മെ അനുഗ്രഹിക്കുന്നതിനെയയോർത്ത് ദൈവത്തിന് നമുക്ക് നന്ദി പറയാം.

ഒരു പുരുഷായുസ്സു മുഴുവനും നമുക്കായി സ്വയം ദാനമായി നല്കിയ വൈദികരുടെ ക്ഷേമം ദൈവജനത്തിന്റെ ഉത്തരവാദിത്വ മാണല്ലോ. കോവിഡ് മഹാമാരിയുടെ വലിയ അസ്വസ്ഥതകൾ നമ്മെ വളരെയേറെ ബുദ്ധിമുട്ടിക്കുന്ന ഒരു കാലമാണല്ലോ ഇത്. നമ്മുടെ വൈദികരിൽ പലരും കോവിഡ് രോഗബാധിതരായിരുന്നു. ദൈവകൃപയാൽ വലിയ ആരോഗ്യ പ്രശ്നങ്ങളില്ലാതെ അജപാലന ശുശ്രൂഷയിൽ പ്രവേശിക്കുവാൻ എല്ലാവർക്കും സാധിച്ചു. ദൈവത്തിനു സ്തുതി.

വൈദികരുടെ രാജ്ഞിയായ പരി. അമ്മയുടെ സംരക്ഷണവും, വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ മാദ്ധ്യസ്ഥ്യവും നമ്മുടെ രൂപതാമദ്ധ്യസ്ഥയായ വി. അൽഫോൻസാ മ്മയുടെ പ്രാർത്ഥനകളും നമുക്കും നമ്മുടെ പ്രിയപ്പെട്ട വൈദികർക്കും സംരക്ഷണമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2021 ആഗസ് 1-ാം തീയതി ദൈവാലയങ്ങളിൽ വി. കുർബാന മദ്ധ്യേ വായിക്കുകയോ ദൈവജനത്തിന് അയച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

Prot. No.0671/2021

# ഇടയലേഖനം

## k `mZn\w-Zp I dm\ Xncp\mÄ

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ജൂലൈ മൂന്ന് വലിയ ഒരു ഓർമ ഉണർത്തുന്ന ദിവസമാണ്. ഭാരത ത്തിന്റെ അപ്പസ്തോലനായ മാർതോമാശ്ലീഹായുടെ ഓർമ. ദുക്റാ നതിരുനാൾ എന്നാണല്ലോ നാം അതിനെ വിശേഷിപ്പിക്കുന്നത്. ദുക്റാന എന്ന വാക്കിന്റെ അർത്ഥം ഓർമ എന്നാണ്. 2013 മുതൽ ദുക്റാനതിരുനാൾ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നുണ്ട്. ഈ വർഷത്തെ സഭാ ദിനവും കഴിഞ്ഞ വർഷത്തേതുപോലെ കോവിഡ്-19ന്റെ പശ്ചാത്തല ത്തിലാണ് ആഘോഷിക്കേണ്ടി വരുന്നത്.

### മഹാമാരിയുടെ പശ്ചാത്തലം

കോവിഡ്-19ന്റെ ഒന്നാം തരംഗത്തെ ഇന്ത്യ ഏറെക്കുറെ വിജയക രമായി നേരിട്ടു. എന്നാൽ രണ്ടാം തരംഗം കൂടുതൽ പേരുടെ മരണത്തിനു കാരണമായി. ഔദ്യോഗിക കണക്കനുസരിച്ചു ഇതിനകം ഭാരതത്തിൽ 387000 ത്തോളം ആളുകൾ കോവിഡ്-19 മൂലം മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 12000ൽ അധികംപേർ കേരളത്തിൽ നിന്നുതന്നെയാണ്. മരണമടഞ്ഞ വരെയും അവരുടെ കുടുംബങ്ങളെയും നമുക്കു ദൈവതൃക്കരങ്ങളിൽ സമർപ്പിക്കാം. മരണം സംഭവിച്ചില്ലെങ്കിലും കോവിഡ് ബാധമൂലം ഉണ്ടായ ആരോഗ്യപ്രശ്നങ്ങളാൽ ക്ലേശിക്കുന്നവർ അനേകരുണ്ട്. കോവിഡിന്റെ മൂന്നാമതൊരു തരംഗത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ മാധ്യമങ്ങളിലൂടെ നമുക്കു ലഭിക്കുന്നുണ്ട്. മൂന്നാം തരംഗത്തിൽ കുട്ടികളെ ഈ രോഗം കൂടുതൽ ബാധിക്കാൻ സാധ്യതയുണ്ടെന്നു പറയപ്പെടുന്നു. കോവിഡ് വാക്സിൻ സ്വീകരിച്ച് എല്ലാവരും പ്രതിരോധശക്തി ഉള്ളവരായിരിക്കുക എന്നതാണ് നമുക്കിപ്പോൾ ചെയ്യാനുള്ളത്. അതിനായി സർക്കാരുകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം.

കോവിഡ് നിർമാർജനത്തിനായി ജീവൻപോലും പണയംവച്ചു പ്രവർത്തിക്കുന്ന അനേകരുണ്ട്. ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും സമർപ്പിതരെയും നമുക്കു നന്ദിപൂർവ്വം സ്മരിക്കാം. രോഗീപരിചരണത്തിനിടയിൽ ജീവഹാനി സംഭവിച്ച ആരോഗ്യപ്രവർത്തകർക്കു നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. സന്നദ്ധസംഘങ്ങളായി പ്രവർത്തിക്കുന്ന വൈദികരും സമർപ്പിതരും

യുവതീയുവാക്കളും നമ്മുടെ പ്രത്യേക പ്രശംസയർഹിക്കുന്നു. കോവിഡ് രോഗംമൂലം ഇതിനകം ഇന്ത്യയിൽ നാല് മെത്രാന്മാരും 500 ലധികം വൈദികരും സമർപ്പിതരും മരണം പ്രാപിച്ചിട്ടുണ്ട്. കാരുണ്യവാനായ കർത്താവ് അവരുടെ സമർപ്പണത്തിനു പ്രതിഫലം നൽകട്ടെ. മരണമടഞ്ഞ മെത്രാന്മാരിൽ ഒരാൾ സാഗർ രൂപതയുടെ മുൻ അദ്ധ്യക്ഷനായ അഭിവന്ദ്യ ജോസ്ഫ് പാസ്റ്റർ നീലങ്കാവിൽ പിതാവാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളി ലുമുള്ള നമ്മുടെ രൂപതകൾ കോവിഡുകാലത്തു വലിയ പ്രതിസന്ധിക ളിലൂടെയാണു കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ കോവിഡ് ഇപ്പോൾ നിയന്ത്രണ വിധേയമാണല്ലോ. ഭാരതത്തിലെ നമ്മുടെ മിഷൻ രൂപതകൾ കോവിഡു പ്രതിരോധപ്രവർത്തനങ്ങളിൽ വളരെ സജീവമാണ് എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. അഭിവന്ദ്യ പിതാക്ക ന്മാരും വൈദികരും സമർപ്പിതരും അല്മായ നേതാക്കളും വലിയ പ്രതിബ ദ്ധതയോടെയാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. നമ്മുടെ പ്രാർഥന ഏവർക്കും ശക്തിയും സംരക്ഷണവും നൽകട്ടെ.

## മാർ തോമാ ചൈതന്യവും മാതൃകയും

ഈ കോവിഡ് കാലത്തു മാർ തോമാശ്ലീഹായിൽനിന്നു നമുക്കു സ്വീകരിക്കാവുന്ന പ്രചോദനം എന്താണ് എന്നു ചിന്തിക്കുന്നതു നന്നാ യിരിക്കും. പന്തക്കുസ്തായിൽ പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ച ശിഷ്യന്മാർ കൂടുതൽ ശക്തി നേടി സുവിശേഷപ്രഘോഷകരും സാക്ഷിക ളുമായി മാറിയല്ലോ. അതേ പരിശുദ്ധാത്മ ചൈതന്യത്തിലാണു തോമാശ്ലീഹാ ഇന്ത്യയിൽ വന്നു സുവിശേഷം പ്രസംഗിച്ചതും ക്രൈസ്തവ സമൂഹങ്ങൾക്കു രൂപം കൊടുത്തതും. അന്നത്തെ പലസ്തീനായിൽനിന്ന് ഇന്ത്യവരെയുള്ള യാത്രയും ഇന്ത്യയിലെ പ്രവർത്തനങ്ങളും തോമാശ്ലീഹാ നിർവഹിച്ചത് എങ്ങനെയെന്നു നമുക്ക് ഊഹിക്കാനേ സാധിക്കൂ. അടുത്തകാല ഗവേഷണങ്ങളുടെ വെളിച്ചത്തിൽ തോമാശ്ലീഹാ ഭാരതത്തി ലേക്കു രണ്ട് യാത്രകൾ നടത്തിയതായി അനുമാനിക്കാൻ കഴിയും. ഒന്നാമ ത്തേത്, കരമാർഗം ഉത്തരഭാരതത്തിലേക്കും രണ്ടാമത്തേത് കടൽമാർഗം കേരളത്തിലേയ്ക്കും. തോമാശ്ലീഹായുടെ ഈ ധീരത കോവിഡ് കാലത്തെ എല്ലാ പ്രതിസന്ധികളെയും നേരിടുവാൻ നമുക്കു പ്രചോദനം നൽകേ ണ്ടതാണ്.

തോമാശ്ലീഹാ അസാധാരണമായ ധീരത തന്റെ ജീവിതത്തിൽ പ്രകട മാക്കിയിട്ടുണ്ട്. ലാസറിനെ പുനർജീവിപ്പിക്കുന്നതിന് ഉള്ളിൽ തീരുമാനിച്ചു കൊണ്ട് യൂദയായിലേക്കു പോകുവാൻ ഈശോ ആഗ്രഹിച്ചു. എന്നാൽ അവിടത്തെ കല്ലെറിയാൻ യഹൂദർ തക്കം പാർത്തിരിക്കുന്നു എന്നുപറഞ്ഞു ശിഷ്യന്മാർ ഈശോയെ തടഞ്ഞു. അപ്പോൾ തോമാശ്ലീഹാ പറഞ്ഞു 'നമുക്കും അവനോടുകൂടി പോയി മരിക്കാം' (യോഹ.11:16). പിന്നീട്, തോമാ ശ്ലീഹാ ഭാരതത്തിൽ വന്നു 'ഈശോയോടൊപ്പം' മരിച്ചുവല്ലോ. കർത്താ വിന്റെ സുവിശേഷത്തെയും ജീവിതത്തെയും കുറിച്ചുള്ള രഹസ്യങ്ങൾ അവിടത്തോടുതന്നെ ചോദിച്ചു മനസിലാക്കാനുള്ള ആത്മധൈര്യവും

തോമാശ്ലീഹായ്ക്കുണ്ടായിരുന്നു. ഈശോ ഈ ലോകം വിട്ടു പോകാറായി എന്നറിയിക്കുകയും പോകുന്നിടത്തേക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാ മെന്നു സൂചിപ്പിക്കുകയും ചെയ്തപ്പോൾ തോമാശ്ലീഹായാണ് ഈശോ യോടു ചോദിച്ചത്, 'കർത്താവേ, നീ എങ്ങോട്ടാണ് പോകുന്നത് എന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ; പിന്നെ എങ്ങനെ വഴി അറിയും?' എന്ന്. ഈ ചോദ്യത്തിന് ഉത്തരമായാണ്, 'ഞാനാകുന്നു വഴിയും സത്യവും ജീവനു' മെന്ന (യോഹ.14:6) സുപ്രധാനമായ വെളിപ്പെടുത്തൽ ഈശോ നടത്തി യത്. ഈശോയാണു മനുഷ്യർക്കു രക്ഷയുടെ മാർഗം എന്ന സത്യം നന്നായി ഗ്രഹിക്കുവാൻ ഈശോയുടെ വെളിപ്പെടുത്തൽ തോമാശ്ലീഹാ യ്ക്ക് ഉപകരിച്ചു. സുവിശേഷത്തിലെ തോമാശ്ലീഹായുടെ സാന്നിധ്യവും ഇടപെടലുകളും ഈശോയിൽ വിശ്വസിക്കുന്നവർക്കു പ്രചോദനവും ധൈര്യവും പകരുന്നവയാണ്.

**ഓൺലൈൻ ശൈലി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഭയുടെ പ്രവർ ത്തനങ്ങളുടെ ഏകോപനം സി. ബി. സി. ഐ., കെ. സി. ബി. സി., മെത്രാൻ സിനഡ്, രൂപതകൾ, സമർപ്പിതസമൂഹങ്ങൾ, സംഘടനകൾ എന്നീ തലങ്ങളിൽ ഓൺലൈനായി നടക്കുന്നുണ്ട്. ഈ വിധത്തിൽ സഭാജീവി തത്തിന്റെ സജീവത്വം നിലനിർത്തുവാൻ നമുക്കു സാധിക്കുന്നതിൽ ദൈവത്തിനു നന്ദി പറയാം. ഒരു മഹാമാരി മനുഷ്യരെ പരസ്പരബന്ധ ത്തിൽ നിന്ന് അകറ്റിനിർത്തുമ്പോൾ ഇന്റർനെറ്റിന്റെ സാധ്യതകൾ ഈ കാലസന്ധിയിൽ നമുക്ക് ഒരു അനുഗ്രഹമായിത്തീർന്നിരിക്കുന്നു!

കോവിഡ്-19ന്റെ സാഹചര്യം മൂലം 2020 ഓഗസ്റ്റിലും 2021 ജനു വരിയിലും സഭയുടെ സിനഡ് ഡിജിറ്റൽ ഫോറത്തിലാണു നടത്തിയത്. വരുന്ന ഓഗസ്റ്റിലെ സിനഡും അങ്ങനെതന്നെ നടക്കാനാണു സാധ്യത. ഡിജിറ്റൽ ഫോറത്തിൽ സിനഡ് നടത്താനുള്ള പ്രായോഗികനിർദ്ദേശങ്ങൾ പരി. സിംഹാസനം നൽകിയിട്ടുണ്ട്.

**സഭാ വാർത്തകൾ**

നമ്മുടെ സഭയുടെ തലത്തിൽ വന്നിട്ടുള്ള ചില മാറ്റങ്ങളെക്കുറിച്ചു നിങ്ങളോടു സംസാരിച്ചുകൊള്ളട്ടെ. ഓസ്ട്രേലിയായിലെ മെൽബൺ രൂപതയുടെ അധികാരപരിധി ന്യൂസിലൻഡിലേക്കും ഓഷ്യാനിയായിലെ മറ്റു രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ചകാര്യം ഇതിനകം നിങ്ങൾ അറിഞ്ഞി ട്ടുണ്ടല്ലോ. പരിശുദ്ധ സിംഹാസനത്തോടു നമുക്കു നന്ദിയുള്ളവരായിരി ക്കാം. മെൽബൺ രൂപതയെയും അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാ വിനെയും അഭിനന്ദിക്കാം. ഭാരതത്തിലെ പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോ ആയി ആർച്ച്ബിഷപ് ലെയോപോൾദോ ജിറേല്ലി കഴിഞ്ഞ മെയ് മാസം 28-ാം തീയതി ചാർജ് എടുത്തിട്ടുണ്ട്. പുതിയ അപ്പസ്തോ ലിക് ന്യൂൺഷ്യോയെ നമുക്കു സ്നേഹപൂർവ്വം സ്വാഗതം ചെയ്യാം. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ മാർപാപ്പയുടെ പ്രതിനിധിയായി സേവനം ചെയ്ത ആർച്ച്ബിഷപ് ജംബത്തിസ്ത്ത ദിക്വാത്രോയ്ക്കു നമുക്കു നന്ദി പ്രകാശി പ്പിക്കുകയും ചെയ്യാം. സീറോമലബാർസഭാംഗങ്ങളായ മെത്രാന്മാർ ഭാരത ത്തിലും വിദേശരാജ്യങ്ങളിലും ലത്തീൻ രൂപതകളിൽ ശുശ്രൂഷചെയ്യുന്നു എന്നതു നമുക്കു സന്തോഷമുളവാക്കുന്നതാണ്. ഏറ്റവും

പുതിയതായി കാഞ്ഞിരപ്പള്ളി രൂപതാംഗവും ഹെറാൾഡ്സ് ഓഫ് ഗുഡ്ന്യൂസ് സന്യാസ സമൂഹാംഗവുമായ ബഹുമാനപ്പെട്ട സിബി മാത്യു പീടികയിലച്ചനെ പപ്പുവാ ന്യൂഗിനിയായിലെ ഐതപ്പെ രൂപതയുടെ മെത്രാനായി ഫ്രാൻ സിസ് മാർപാപ്പ നിയമിച്ചിരിക്കുന്നു. അഭിവന്ദ്യ പിതാവിനു മാതൃസഭയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാംശസകളും!

നമ്മുടെ സഭയിലെ വൈദികപരിശീലനം ലോക്ഡൗൺ നിയന്ത്രണ ങ്ങൾക്കിടയിലും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുവാൻ സെമി നാരി കമ്മീഷനുകളും സന്യാസസമൂഹങ്ങളും സെമിനാരികളിലെ ഉത്തര വാദിത്വപ്പെട്ടവരും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ പുതിയ അധ്യയനവർഷത്തിൽ ആരംഭിച്ചുകഴിഞ്ഞു. വിവിധ മൈനർ സെമിനാരികളിലും മേജർ സെമിനാരികളിലും വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

വി. കുർബാനയുടെ പരിഷ്കരിച്ച തക്സാ പരി. സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ് എന്ന കാര്യം അറിയിക്കട്ടെ. നമ്മുടെ സഭയിലെ യാമപ്രാർത്ഥനകളുടെ ഏകീകരണവും നവീകരണവും ലിറ്റർജി കമ്മീഷന്റെ ഇപ്പോഴത്തെ പ്രധാന കർമ്മപരിപാടിയാണ്. കോവിഡുകാലത്തെ കുട്ടികളുടെ വിശ്വാസപരിശീലനപദ്ധതികൾ നമ്മുടെ സഭയുടെ വിശ്വാസപരിശീലന കമ്മീഷൻ ഫലപ്രദമായി തയ്യാറാക്കി യിട്ടുണ്ട്. സൺഡേസ്കൂൾ ക്ലാസുകളും അധ്യാപകർക്കു വേണ്ടിയുള്ള ക്ലാസുകളും ഓൺലൈനിലൂടെ വിജയകരമായി നടക്കുന്നു. വിശ്വാസപ രിശീലനക്ലാസ്സുകൾ ഉദാരതയോടെ സംപ്രേക്ഷണം ചെയ്യുന്ന ഗുഡ്നെസ്, ശാലോം, ഷെക്കെയ്ന ചാനലുകൾക്കു ഹൃദയംനിറഞ്ഞ നന്ദി!

ഏതാനും വർഷങ്ങളായി മൗണ്ട് സെന്റ് തോമസിലെ സഭയുടെ കാര്യാലയത്തിൽ നിന്ന് ഇന്റർനെറ്റ് മിഷനും മീഡിയാ കമ്മീഷനും കാലഘട്ടത്തിന്റെ ആവശ്യകതകൾ കണക്കിലെടുത്തു പല നൂതന പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു. നമ്മുടെ സഭയി ലെ രൂപതകൾക്കും സമർപ്പിതസമൂഹങ്ങൾക്കും സംഘടനകൾക്കും വേണ്ടിയുള്ള വെബ്സൈറ്റ് നിർമാണവും സോഫ്റ്റ്വെയർ വികസിപ്പി ക്കലും സീറോമലബാർ മാട്രിമണിയുമാണു ഇന്റർനെറ്റ് മിഷന്റെ പ്രധാന പരിപാടികൾ. മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 'സീറോമലബാർ വിഷൻ', 'മൗണ്ട് വിഷൻ' എന്നീ രണ്ട് ഓൺലൈൻ ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുന്നു. ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ സഭാചരിത്രഗവേഷണം ആരംഭിച്ചിട്ടുണ്ട്. സീറോമലബാർ ഹെറിറ്റേജ് ആന്റ് റിസേർച് സെന്റർ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. സാമ്പത്തികപരാധീനതകൾ മൂലം ഈ പദ്ധതി ഉദ്ദേശിച്ച സമയത്തു പൂർത്തിയാക്കാൻ സാധിക്കുന്നില്ല. സഭയുടെ മിഷൻപ്രവർത്തനവും പ്രവാസികൾക്കായുള്ള കർമപരിപാടികളും ദൈവവിളി പ്രോത്സാഹനവും ദളിത് ക്രൈസ്തവ സ്കോളർഷിപ്പുകളും നല്ലരീതിയിൽ നടപ്പിലാക്കാൻ ബന്ധപ്പെട്ട കമ്മീഷനുകൾ ശ്രദ്ധിക്കുന്നുണ്ട്.

### ജനക്ഷേമ പ്രവർത്തനങ്ങൾ

നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും മിഷൻപ്രദേശങ്ങളിലും കോവിഡ് പ്രതിരോധത്തിനും സാമൂഹികക്ഷേമത്തിനുമായി നിരവധി പ്രവർത്തനങ്ങൾ നടക്കുന്നതിൽ സന്തോഷിക്കുന്നു. കേരളത്തിലെ സഭയിൽ സോഷ്യൽസർവീസ് ഫോറവും കാത്തലിക് ഹെൽത്ത് അസോസിയേഷനും കെ. സി. ബി. സി. ഹെൽത്ത് കമ്മീഷനും ചേർന്നു പി. ഒ. സി. കേന്ദ്രമായി കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷ മമായി ഏകോപിക്കുന്നു. നമ്മുടെ രൂപതാസംവിധാനങ്ങളും ഇവയോടു സഹകരിച്ചു പ്രവർത്തിക്കുന്നുണ്ടല്ലോ. പ്രവാസികളുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനും അവരുടെ ക്ലേശങ്ങൾക്കു പരിഹാരം കണ്ടെത്തു ന്നതിനും സർക്കാരിനോടു സഹകരിച്ചു നമ്മുടെ രൂപതകളും സമർപ്പിത സമൂഹങ്ങളും ചെയ്യുന്ന പ്രവർത്തനങ്ങളും അഭിനന്ദനമർഹിക്കുന്നു.

സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധികളിൽ നിന്നു സമൂഹ ത്തിലെ പാവപ്പെട്ടവരായ ആളുകൾക്കു ലഭ്യമാകാവുന്ന ക്ഷേമപദ്ധതികൾ കണ്ടെത്തി അവയെല്ലാം പ്രയോജനപ്പെടുത്തുന്നതിന് അവരെ പ്രബുദ്ധ രാക്കുകയും സഹായിക്കുകയും ചെയ്യേണ്ടത് ഓരോ രൂപതയുടെയും ഉത്തരവാദിത്വമായി കാണണം. കർഷകക്ഷേമനിധി അടുത്തകാലത്തു സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഒരു നല്ല പദ്ധതിയാണ്. ചെറുകിട കർഷകരെ ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കി അതിന്റെ പ്രയോജനം എടുക്കുവാനും സഭാശുശ്രൂഷകർ നേതൃത്വം നൽകേണ്ടതാണ്.

കാലവർഷക്കെടുതികൾ ഉണ്ടാകുന്ന സന്ദർഭമാണല്ലോ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങൾ. അവയെ നേരിടുവാനും നാം ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

### അർഹമായ അവകാശങ്ങൾ

ന്യൂനപക്ഷാവകാശങ്ങളുടെ വിതരണത്തിൽ ആനുപാതികമായതും ന്യായമായതും ആർക്കും നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാർ പ്രതിബദ്ധതയോടെയും സമഭാവന യോടെയും പ്രവർത്തിക്കണം. അതു പോലെ സംവരേണതര വിഭാഗത്തിലെ സാമ്പത്തി കമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇവിടെയെല്ലാം ലത്തീൻ കത്തോലിക്കർക്കും ദളിത് ക്രൈസ്തവർക്കും ഇതര സമുദായ ങ്ങൾക്കും അർഹതപ്പെട്ടത് ഒരു കുറവും കൂടാതെ ലഭിക്കണമെന്നതാണു നമ്മുടെ നിലപാട്. ഭരണഘടനയും ജനാധിപത്യ ഭരണവ്യവസ്ഥിതിയും നൽകുന്ന അർഹമായ അവകാശങ്ങൾ വ്യവ സ്ഥാപിത സംവിധാനങ്ങളിലൂടെയാണ് നേടിയെടുക്കേണ്ടത്. അതിന്റെ പേരിൽ മതങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലും കേരളത്തിൽ നിലനിൽക്കുന്ന സൗഹാർദാന്തരീക്ഷം തകർക്കുന്ന യാതൊരു സമീപ നവും ആരുടെയും ഭാഗത്തു നിന്നുണ്ടാകരുത്. സാമൂഹ്യമാധ്യമങ്ങളിലൂ ടെയുള്ള പ്രതികരണങ്ങളിൽ മിതത്വവും ക്രൈസ്തവ സമീപനവും നഷ്ടപ്പെടുത്താതിരിക്കാൻ ഏവർക്കും കരുതലുണ്ടാകണം. സാമൂഹിക വിഷയങ്ങളിൽ സഭയുടെ പബ്ലിക് അഫേയേഴ്സ് കമ്മീഷൻ കാര്യക്ഷ മമായ ഇടപെടലുകൾ യഥാസമയം നടത്തുന്നുണ്ട്.

സമുദായ സംഘടന എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസും ഈ വിഷയങ്ങളിൽ ജാഗ്രത പുലർത്തുന്നു.

**അവസാനമായി**

കോവിഡ് മഹാമാരിയിൽനിന്നു മോചിതരാകാൻവേണ്ടി നമ്മുടെ പ്രത്യേക പ്രാർത്ഥനകളും ആരാധനയും തുടർന്നും നടത്തേണ്ടതാണ്. എല്ലാക്കാര്യങ്ങളും മനുഷ്യന്റെ മാത്രം കഴിവുകൾകൊണ്ടു സാധിക്കുന്ന തല്ല എന്ന തിരിച്ചറിവും ഈ കാലഘട്ടം നമുക്കു നൽകുന്നുണ്ട്. 'കർത്താ വാണ് എന്റെ ഇടയൻ, എനിക്ക് ഒന്നിനും കുറവുണ്ടാകില്ല... മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടില്ല' (സങ്കീ. 23:1-4). നമുക്കു ദൈവത്തിൽ ആശ്രയിക്കാം. നല്ല സമറിയാക്കാരനെപ്പോലെ ഏതെങ്കിലും രീതിയിൽ നമ്മുടെ ശുശ്രൂഷകൾ ആവശ്യമുള്ളവർക്കു നൽകുവാൻ സമർപ്പണ മനോഭവത്തോടെ നമുക്കു പരിശ്രമിക്കാം.

ജൂലൈ മൂന്നാം തീയതി വിശുദ്ധകുർബാനയുടെ അനുഭവം ഏതെങ്കിലും രീതിയിൽ എല്ലാവർക്കും നൽകുവാൻ ബഹു. വൈദികർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ കഴിയുന്നിട ത്തോളം ഓൺലൈൻ പരിപാടികൾ സംഘടിപ്പിച്ചു സഭാമക്കളുടെ കൂട്ടായ്മ പരിപോഷിപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

എല്ലാവർക്കും ദുക്റാനാ തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാ ത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർ വദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ജൂൺ മാസം 21-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്



# യുവജനദിനം 2021, ജൂലൈ 4, ഞായർ

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാ സഭ ജൂലൈ 4 ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

ലോകമാസകലം പടർന്നു പിടിച്ചിരിക്കുന്ന കോവിഡ് 19-ന്റെ തീരാവേദനയിൽ ആയിരിക്കുമ്പോഴും സഭയെയും സമൂഹത്തെയും ജീവസ്സുറ്റതാക്കി നിർത്തുവാൻ സഭ നേതൃത്വത്തോടൊപ്പം നിലകൊണ്ട യുവജനങ്ങളെയും അവരെ നയിക്കുന്ന വൈദികരെയും സന്ന്യസ്തരെയും അല്മായ സഹോദരങ്ങളെയും നന്ദിയോടെ ഓർത്തുകൊണ്ട് അഭിവാദനങ്ങൾ അറിയിക്കുന്നു.

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ സഭയെ യൗസേപ്പിതാവിന് സമർപ്പിച്ച ഈ വർഷം കേരളസഭ കുടുംബവർഷമായി ആചരിക്കുന്നു. അതുകൊണ്ട് തന്നെ കേരളത്തിലെ യുവജന ശുശ്രൂഷയുടെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത് 'ക്രൈസ്തവയുവത്വം: കരുതലായി കുടുംബത്തിലും സമൂഹത്തിലും' എന്നതാണ്. ഉപവിഷയങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നത് 'സഭയും മാധ്യമവിചാരണയും, ന്യൂനപക്ഷാവകാശങ്ങൾ, യുവാക്കളും ഭരണപങ്കാളിത്തവും, 'ഫ്രത്തേലിതൂത്തി' അനുബന്ധ പഠനങ്ങൾ' എന്നിവയാണ്.

ക്രിസ്തീയ യുവത്വം, ഉത്തരവാദിത്വബോധമുള്ള മാതാപിതാക്കളാകുവാനും, വിശുദ്ധരായ വൈദികരും സന്ന്യസ്തരും ആകുവാനും ഒരുങ്ങുന്ന യൗവനകാലത്ത്, സഭയുടെയും സമൂഹത്തിന്റെയും കുടുംബത്തിന്റെയും കാവലാളാകാൻ പരിശ്രമിക്കണമെന്ന് സഭ ആഗ്രഹിക്കുന്നു. അതോടൊപ്പം രാഷ്ട്രത്തിന്റെ അധികാരത്തിലും, ഭരണപ്രക്രിയയിലും ഉത്തമപൗരന്മാരായി പങ്കുചേരാനും വേണ്ട പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. സ്ഥാപിത താത്പര്യങ്ങളൊടെയുള്ള മാധ്യമവിചാരണകൾ സഭ നേരിടുന്ന വേളയിൽ സഭയിലെ യുവജനങ്ങൾ സഭയുടെ ധാർമികസ്വരമായി മാറേണ്ടതുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴും അനീതിപരമായി പങ്കുവയ്ക്കപ്പെടുമ്പോഴും നീതിയുടെ പക്ഷം ചേരാൻ യുവാക്കൾക്കാകണം. ലോകം മുഴുവന്റെയും സുസ്ഥിതിക്കായി സർവലൗകികമായ ഒരു ദർശനം രൂപപ്പെടുത്താൻ

ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയ്ക്ക് ഈ ലോകത്തിൽ സാധ്യമാകണം എന്ന ഓർമപ്പെടുത്തൽ നടത്തുന്ന 'ഫ്രത്തേലി തൂത്തി' എന്ന ചാക്രികലേഖനം യുവജനം ആഴത്തിൽ പഠിക്കേണ്ടതുണ്ട്. പ്രത്യേകമായി പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച 'പുരാതന ശുശ്രൂഷ' എന്ന അപ്പസ്തോലിക ലേഖനത്തിൽ പറയുന്നതുപോലെ സഭയുടെ വിശ്വാസ പരിശീലനരംഗത്ത് "യുവജനങ്ങളുടെ ആത്മാർത്ഥമായ ഇടപെടൽ ആവശ്യമുണ്ട്" (പുരാതന ശുശ്രൂഷ 5).

## യുവജനങ്ങൾ കാവൽക്കാർ

'പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരുടെ ജാഗ്രത'യോടെ സത്യത്തിന്റെയും, നീതിയുടെയും, പ്രകാശത്തിന്റെയും കാവൽക്കാരാണ് യുവജനങ്ങൾ. സ്വപ്നങ്ങളെ അനുധാവനം ചെയ്യുന്നവർ. നേരിന്റെയും നുണകളുടെയും അതിസങ്കീർണമായ സങ്കലനങ്ങളെ കുടഞ്ഞിടുന്ന വിവരസാങ്കേതികവിദ്യകളുടെ അതിപ്രസരമുള്ള സത്യാനന്തരകാലത്ത്, ക്രൈസ്തവവിശ്വാസത്തിന്റെ കാവലാളുകളാകാൻ ദൈവം പ്രത്യേകം വിളിച്ചുചേർത്തവരാണ് യുവാക്കൾ. തിരുവചനം അതിനു ധാരാളം മാതൃകകൾ നല്കുന്നു. ദാവീദ്, മോശ, ജോഷ്വാ, സ്നാപകയോഹന്നാൻ ഏറ്റവും ഒടുവിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി യുവാവായ ക്രിസ്തു. അവനാൽ ആകർഷിക്കപ്പെട്ടും അവനിൽ അനുരുക്തരായും യുവജന സമൂഹം ഈ തീർത്ഥടകസഭയുടെ ഉത്തമസാക്ഷികളാകാനാണ് കാലം അവരെ ക്ഷണിക്കുന്നത്.

സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ; അതു യുവജനങ്ങളുടേതുമാണ്. മതമൗലികവാദം, പ്രണയത്തിന്റെ മറവിൽ നടക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾ, ഫാസിസ്റ്റ് മനോഭാവമുള്ള രാഷ്ട്രീയ ചിന്തകൾ, ആഗോളതലത്തിലുള്ള തീവ്രവാദ ആശയങ്ങൾ, മതങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള വൈരം, മദ്യത്തിന്റെയും മാരകമായ ലഹരികളുടെയും അനിയന്ത്രിതമായ ലഭ്യത, അർഹമായ ആനുകൂല്യങ്ങളും, സംവരണങ്ങളും, ക്ഷേമപദ്ധതികളും പങ്കുവയ്ക്കുന്നതിലെ കുറ്റകരമായ പക്ഷപാതം, പ്രണയത്തിന്റെ രക്തസാക്ഷികളായി മാറുന്ന യൗവനതീഷ്ണത, സത്യത്തിൽനിന്നും കല്ലേറുദൂരം മാറിനില്ക്കുന്ന സമൂഹമാധ്യമങ്ങളുടെ വിവരപ്രക്ഷേപണങ്ങൾ, വിചാരണകൾ, ജീവനെതിരേയുള്ള നിയമനിർമ്മാണങ്ങൾ, സ്ത്രീധനം എന്ന തിന്മ അങ്ങനെ എടുത്തുപറയാൻ അനവധിയാണ് ഈ കാലത്തിന്റെ വെല്ലുവിളികൾ. യുവജന ശുശ്രൂഷയിലേർപ്പെടുന്നവരുടെ സവിശേഷമായ ഇടപെടലുകൾ ആവശ്യമുള്ള ഇടങ്ങളാണ് ഇവയെല്ലാം. സഭാമേലധ്യക്ഷന്മാരുടെയും, വൈദികരുടെയും സന്ന്യസ്തരുടെയും മുതിർന്ന അല്മായ സഹോദരങ്ങളുടെയും ശ്രദ്ധാപൂർവമായ അനുധാവനം ആവശ്യപ്പെടുന്ന ഇത്തരം മേഖലകളിൽ അത് ലഭ്യമാവുന്ന ക്രമബന്ധമായ ഒരു സംവിധാനവും ചട്ടക്കൂടും സഭയ്ക്കുണ്ട്. അത്തരം സംവിധാനങ്ങളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ ഏവരും തയ്യാറാവണം എന്നേയുള്ളൂ.

ആത്മാവിൽ നിറഞ്ഞ യുവജനം സഭയുടെ സമ്പത്താണ്. അവർ ദിവ്യബലിയർപ്പണത്തിൽ സജീവമായി പങ്കുചേരുന്നു. തിരുവചനപാരായണവും പഠനവും നടത്തുന്നു. വിശ്വാസം പങ്കുവയ്ക്കുന്ന പ്രേഷിതരാണവർ. സഭാപഠനങ്ങളെക്കുറിച്ച് ഉറച്ച ധാരണയുള്ളവർ. ഇടപെടലുകൾ ആവശ്യമുള്ളിടത്ത് ഇടപെടാൻ ചങ്കുറ്റമുള്ളവർ. സഭയുടെ മതബോധനപ്രക്രിയയിൽ പങ്കുകാരാവുന്നവർ. അവർ ആധുനിക ലോകത്തിനു യോജിച്ച രീതിയിലും, ഭാഷയിലും ക്രിസ്തുവിനെ പങ്കുവയ്ക്കുകയും സത്യത്തിനും നീതിക്കുംവേണ്ടി പോരാടുകയും ചെയ്യുന്നു. സാർവത്രികസഭയിലും, സഭാപാരമ്പര്യത്തിലും അഭിമാനംകൊള്ളുന്ന യുവത സഭയുടെ സജീവമായ മുഖമാണ്. സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ മുഖകാന്തിയാണ്!

കോവിഡനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുലതകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷണതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തികരംഗത്തിന്റെ തിരിച്ചടികൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം അവശ്യസാധനങ്ങളുടെയും മരുന്നുകളുടെയും ദൗർലഭ്യം തുടങ്ങിയ കാര്യങ്ങളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവശ്യമുണ്ട്. ധീരരായ കാവൽക്കാരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. ക്ഷണം സ്വീകരിക്കാൻ തയ്യാറാകുന്നവരുടെ ത്യാഗങ്ങളെ കരുണാപൂർവം ഹൃദയത്തിലേറ്റി അവരെ അനുധാവനം ചെയ്യുവാൻ സഭയും സമൂഹവും സജ്ജമാകേണ്ടതുണ്ട്. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബലവിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ അഭിനന്ദനീയമാണ്. ഇത് ത്യാഗത്തോടെ തുടരുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കുവാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹസമ്പന്നമായ കുടുംബജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാവട്ടെ. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന" (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി തീരുവാനും യുവാവായ ക്രിസ്തുവുമായി ഒരു സൗഹൃദത്തിലെത്തി ചേരാനും യുവത്വമെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ കാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം പകരുന്ന കരുതലും കാവലുമാകുന്ന യുവജനങ്ങളെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, AICUF, യൂക്കരിസ്റ്റിയ,

ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യരായി ജീവിക്കാൻ ജീവന്റേയും ജീവിതങ്ങളുടേയും കാവലാളാവാൻ സർവേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ. സഭയുടെ കാവലാളായ വിശുദ്ധ യൗസേപ്പിതാവ് നമുക്ക് പ്രചോദനമാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

---

Ref: 3515/K-5/KCBC/OL/DS

# ലോക മാധ്യമദിനസന്ദേശം 2021

**"വന്ന് കാണുക" (വി. യോഹ. 1-46)**

## ലോക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

ജനങ്ങൾ എവിടെ എങ്ങനെയായിരിക്കുന്നോ, അങ്ങനെതന്നെ അവരെ കണ്ടുമുട്ടി സംവദിക്കുക.

പ്രിയ സഹോദരീ സഹോദരന്മാരേ,

"വന്ന് കാണുക" എന്ന ക്ഷണം യേശുവിന്റെ ശിഷ്യന്മാരുമായുള്ള ചലനാത്മകമായ അഭിമുഖങ്ങളിൽ ഒന്നും, മനുഷ്യർ തമ്മിലുള്ള അകൃത്രിമമായ സംവേദന രീതികളിൽ ഒന്നുമാണ്. 'ചരിത്രമാകുന്ന ജീവിതമെന്ന' സത്യം പ്രചരിപ്പിക്കാൻ (24 ജനുവരി 2020-ലെ ആഗോളവാർത്താവിനിമയ ദിനത്തിലെ സന്ദേശത്തിൽ നിന്നുമുള്ള റഫറൻസ്). "നേരത്തെതന്നെ നമുക്കറിയാം" എന്ന അലംഭാവപൂർവ്വമായ മനഃസ്ഥിതിയിൽനിന്നും നാമെല്ലാവരും മാറി മുന്നോട്ട് പോവേണ്ടതായിരിക്കുന്നു. ഇതിന് പകരം, ചിലപ്പോഴെങ്കിലും നമ്മൾ തന്നെ

ആശ്ചര്യപ്പെട്ട് പോവുന്ന രീതിയിൽ കേൾക്കുകയും, കാണപ്പെടുകയും ചെയ്യുന്ന, ജീവിക്കുന്ന മനുഷ്യരുടെ കഥകളും കാര്യ ങ്ങളും അറിയാനായി നമ്മൾ തന്നെ അവരെ അവർ എവിടെയായിരിക്കുന്നു വോ, അവിടെപോയി അഭിമുഖീകരിക്കുകയും സംവദിക്കുകയും വേണം, അതിനായി നമ്മൾ നമ്മുടെ സമയം കണ്ടെത്തുകയും ഉപയോഗിക്കുകയും വേണം. 2010-ൽ വാഴ്ത്തപ്പെട്ട സ്പാനിഷ് പത്രപ്രവർത്തകനായ മാന്വേൽ ലോസാനോ ഗാരീഡോ (1920-1971) തന്റെ സഹപത്രപ്രവർത്തകർക്ക് നൽ കിയ ഉപദേശമിങ്ങനെയായിരുന്നു. "നിങ്ങൾ കാണുന്നത് കാണുവാനായി വിസ്മയ കൗതുകങ്ങളോടെ വേണം നിങ്ങൾ നിങ്ങളുടെ കണ്ണുകൾ തുറക്കു വാൻ...നിങ്ങൾ വസ്തുക്കളെ സ്പർശിക്കുന്നത് അവയുടെ നൂതനത്വവും ചേതനയും ഓജസ്സും അറിയുവാൻ വേണ്ടിയായിരിക്കണം. കാരണം, എന്നാൽ മാത്രമേ മറ്റുള്ളവർ നിങ്ങളെഴുതിയത് വായിക്കുമ്പോൾ അവർക്ക് ജീവന്റെ ചൈതന്യത്തിന്റെ ഊർജസ്വലമായ ആ അത്ഭുതം സ്പർശിച്ച റിഞ്ഞ് ആസ്വദിക്കാനായി സാധിക്കുകയുള്ളൂ. ആയതിനാൽ, ഈ വർഷ ത്തെ എന്റെ ഈ സന്ദേശം ഞാൻ 'വന്നു കാണുക' എന്ന ക്ഷണത്തിന് സമർപ്പിക്കാനാഗ്രഹിക്കുന്നു. കാരണം, വ്യക്തവും സ്പഷ്ടവും സത്യസന്ധ വുമായ എല്ലാ ആശയ-വാർത്താവിനിമയങ്ങൾക്കും പ്രചോദന പ്രേരകങ്ങ ളായി വർത്തിക്കാനിതിന് ഊർജ്ജമുണ്ട് - അത് പത്രമാസികകളിലാവട്ടെ, ഇന്റർനെറ്റിലാവട്ടെ, പള്ളികളിലെ ദൈനംദിന പ്രഭാഷണങ്ങളിലാവട്ടെ, ഏതിലുമാവട്ടെ.... ഗലീലി കടൽ തീരങ്ങളിലും ജോർദ്ദാൻ നദീതടങ്ങളിലും നിന്നും ആരംഭിച്ച അഭിമുഖസമാഗമങ്ങളിലൂടെ ക്രിസ്തീയ വിശ്വാസം പടർന്ന് പ്രചരിച്ചതും ഇങ്ങനെ തന്നെയാണ് - വന്നു കാണുക എന്ന ക്ഷണ ത്തിലൂടെ. "നിരത്തുകളിലേക്കിറങ്ങുക" വാർത്താവിനിമയവിതരണത്തിലെ ഇപ്പോഴത്തെ പ്രധാന പ്രശ്നത്തിലേക്ക് നമുക്കാദ്യം ശ്രദ്ധ തിരിക്കാം.

അന്തർലീനോദ്ദേശ്യങ്ങളുള്ള ചില പ്രത്യേക രീതികളിലുള്ള ആഖ്യാനങ്ങളും വിവരണങ്ങളും റേഡിയോ, ടി.വി., പത്രങ്ങൾ, ഇന്റർനെറ്റ് എന്നീ മാധ്യമങ്ങളിൽ കൂടുതൽ സ്ഥാനം പിടിക്കുന്നതിന്റേയും, മൗലിക മായ അന്വേഷണാത്മക വാർത്താവിവരണങ്ങൾ അതിന്റെ പേരിൽ ഒഴിവാ ക്കപ്പെടുന്നതിന്റേയും ആപത്ത് സൂചനകൾ, ദീർഘദൃഷ്ടികളും, ഉൾക്കാഴ് ചയുള്ളവരുമായ പ്രഗൽഭർ വളരെനാളായി നമ്മളെ അറിയിച്ച് കൊണ്ടിരി ക്കുകയായിരുന്നു. ഈ രീതികൾ, താഴേക്കിടയിലെ സത്യാവസ്ഥകളും സാമൂഹിക വ്യവസ്ഥകളിലെ അഭൂതപൂർവ്വമായ ചെറുതും വലുതുമായ വ്യതിയാനങ്ങളും, മനുഷ്യരുടെ ദൈനംദിന കഷ്ടപ്പാടുകളും വേദനകളും നിറഞ്ഞ ജീവിതങ്ങളെ ഒപ്പിയെടുക്കുന്നതിൽ വിജയിക്കാൻ സാധ്യതകൾ കുറവാണെന്ന നുമാനിക്കാം. പ്രസാരണ-പ്രസിദ്ധീകരണ വ്യവസായ ത്തിലെ ഇപ്പോഴുള്ള പ്രതിസന്ധികൾ വിരൽ ചൂണ്ടുന്നത്, വ്യക്തിയുടെയോ, സ്ഥാനങ്ങളുടെയോ, സാമൂഹ്യ മാധ്യമങ്ങളിലെ കമ്പ്യൂട്ടറുകളിലൂടെ മാത്രം സൃഷ്ടിക്കപ്പെടുന്ന സംഭവവിവരണങ്ങളാണ് - "നിരത്തിലേക്കിറങ്ങുകയോ", ജനങ്ങളെ മുഖാഭിമുഖം കാണാതെ, സംസാരിക്കാതെ, സംഭവപരമ്പരകൾ, സാഹചര്യങ്ങൾ ശരിയാണോ, സത്യമാണോയെന്ന് ഒന്ന് വ്യക്തമാക്കാൻ പോലും സാധിക്കാതെ പടച്ചുവരുന്ന വിവരണങ്ങൾ. നമ്മൾ നിരത്തിലിറങ്ങി ജനങ്ങളെ അഭിമുഖീകരിക്കുന്ന രീതികൾ

അവലംബിച്ചില്ലെങ്കിൽ, നമ്മൾ സാങ്കേതിക വിദ്യകളിലഭിരമിക്കുന്ന വെറും കാഴ്ചകാരായി മാറുമെന്ന ആപ ത്ത് നിലനിൽക്കുന്നു. ഏതൊരു സാങ്കേതിക ഉപകരണസാമഗ്രികളും നമ്മ ളെ 'നിരത്തിലിറങ്ങാനും', അല്ലാതെ അറിയാൻ സാധിക്കാത്ത വസ്തുത കളെ നേരിട്ട് പോയി അറിയാനും, മുഖാഭിമുഖം സംവദിച്ച് മനസ്സിലാക്കാനും സഹായിക്കുകയോ പ്രചോദിപ്പിക്കുകയോ വേണ്ടതാണെന്ന് വേണം മനസ്സിലാക്കാൻ.

## "സുവിശേഷങ്ങൾ വാർത്താവിശേഷങ്ങളാവുമ്പോൾ"

ജോർദ്ദാൻ നദീതടങ്ങളിൽവച്ച് ജ്ഞാനസ്നാനം സ്വീകരിച്ചതു മുതൽ, തന്നെ ജിജ്ഞാസാപരമായി പിന്തുടർന്ന അനുയായികളോട് യേശു ആദ്യമായുച്ചരിച്ചത് 'വന്നു കാണുക' എന്ന വാക്കുകളാണ് (വി. യോഹ.1:39). ഈ വാക്കുകളിലൂടെ താനുമായുള്ള ഒരു സ്നേഹാധിഷ്ഠിത ബന്ധത്തി ലേക്കാണവരെ യേശു ക്ഷണിച്ചത്. പിന്നീട് അൻപത് വർഷങ്ങൾക്കിപ്പുറം, വാർദ്ധക്യത്തിലേക്ക് പ്രവേശിച്ചശേഷം വി. യോഹന്നാൻ തന്റെ സുവിശേഷ രചനയിലേക്ക് തിരിഞ്ഞപ്പോൾ, തന്റെ ജീവിതത്തെ തന്നെ മാറ്റിമറിച്ച ഒരു പാട് സന്ദർഭങ്ങളും, സംഭവങ്ങളും വിവരിക്കുന്നത് നമുക്ക് മനസ്സിലാക്കി തരുന്നത്, അദ്ദേഹം അതിലെല്ലാം ഒരുയർന്ന 'വാർത്താമൂല്യം' ദർശിച്ചു എന്നതും അതിലുപരി ആ സാഹചര്യസന്ദർഭങ്ങളിൽ വി. യോഹന്നാൻ വ്യക്തിപരമായി സന്നിഹിതനായി രുന്നു എന്നതാണ് 'അപ്പോൾ ഏകദേശം പത്താം മണിക്കൂർ ആയിരുന്നു' വി. യോഹന്നാൻ ഓർത്തെടുക്കുന്നു ഏക ദേശം വൈകുന്നേരം 'നാല് മണിയായി കാണും'. അടുത്ത ദിവസം – വി. യോഹന്നാൻ വീണ്ടും നമ്മോട് പറയുന്നു – നഥാനിയിലിനോട് ഫിലിപ്പ് പ്രവാചകനെ കണ്ടുമുട്ടിയത് വിവരിക്കുമ്പോൾ – നഥാനിയേലിന് സംശ യമുണരുന്നു – 'നസറത്തിൽ നിന്നെന്തെങ്കിലും നന്മ ഉൽഭവിച്ചു വരുമോ' എന്ന്. ഫിലിപ്പ് യാതൊരു വാദഗതികളുമുപയോഗിച്ച് നഥാനിയേലിനെ ജയിക്കാൻ ശ്രമിക്കാതെ അവനോട് പറയുന്നത് 'വന്നു കാണുക' എന്നു മാത്രമാണ്. അങ്ങനെ ചെന്നു കണ്ട നഥാനിയേലിന്റെ ജീവിതം ആ നിമിഷം മുതൽ മാറ്റിമറിക്കപ്പെട്ടു. അങ്ങനെയാണ് ക്രിസ്തീയ വിശ്വാസം പുലരു ന്നതും, ആരംഭിക്കുന്നതും – അത് കിംവദന്തികളിലോ, കേട്ടു കേൾവികളിലോ അല്ല – പക്ഷേ നേരിട്ടനുഭവങ്ങളിലും, അടുത്തറിഞ്ഞ് ശക്തിപ്പെടുന്ന അവബോധങ്ങളിലും ആണ്. സമരിയാക്കാരി സ്ത്രീയോട് അവരുടെ നാട്ടു കാർ, യേശു അവരുടെ ഗ്രാമത്തിൽ ജീവിച്ചതിന് ശേഷം പറഞ്ഞതിങ്ങ നെയാണ് – "ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നത് നിന്റെ വാക്കുമൂലമല്ല. കാരണം ഞങ്ങൾ തന്നെ നേരിട്ട് ശ്രവിക്കുകയും, ഇവനാണ് യഥാർത്ഥ ത്തിൽ ലോകരക്ഷകൻ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു (വി. യോഹന്നാൻ 4:42). "വന്നു കാണുക" എന്നത് ഒരു സാഹചര്യത്തെ, സന്ദർ ഭത്തെ മനസ്സിലാക്കാൻ ഏറ്റവും ലളിതസുന്ദരമായ ഒരു മാർഗ്ഗമാണ്. എല്ലാ സന്ദേശങ്ങളുടെയും പരീക്ഷകൾക്കുതകിയ ഏറ്റവും സത്യസന്ധമായ രീതിയാണ്, കാരണം – തിരിച്ചറിയാൻ, നമ്മുടെ മുൻപിലുള്ള വ്യക്തി നമ്മളോട് തുറന്ന് സംസാരിക്കാൻ, അവരുടെ സത്യസന്ധമായ സാക്ഷ്യം നമ്മി ലെത്താൻ നമ്മൾ അവരെ ചെന്നു കണ്ട് മുഖാഭിമുഖം ഇടപെടുകതന്നെ വേണം.

## ധൈര്യശാലികളായ കുറേ പത്രപ്രവർത്തകർക്ക് നന്ദി

പരമാർത്ഥങ്ങളെ അടയാളപ്പെടുത്തി വിവരിക്കേണ്ടതിനാൽ - പത്ര പ്രവർത്തനം നടത്തുന്നതിന് അവശ്യം വേണ്ട ഒരു കഴിവാണ് വേറെ ആരും കടന്നുചെല്ലാനായി ആലോചിക്കുകപോലും ചെയ്യാത്ത ഇടങ്ങളിലേക്ക് കടന്നു ചെല്ലുക എന്നത്. പുറപ്പെടാനും വേണ്ട ഒരുങ്ങലും, കാണുവാനും വീക്ഷിക്കാനുമുള്ള അദമ്യമായ ആഗ്രഹവും. തങ്ങളുടെ ജീവിതങ്ങൾക്കുള്ള അപകട ആപത്ത് സാധ്യതകളും തിരിച്ചറിഞ്ഞിട്ടുപോലും തങ്ങളുടെ കർത്തവ്യങ്ങൾ ദൈനംദിനം, നിരന്തരം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന - പത്ര പ്രവർത്തകർ, പത്രാധിപ പ്രസാധകർ, ക്യാമറ വിദഗ്ദർ, സംവിധായകർ - അങ്ങനെയുള്ള എല്ലാവരോടും അവരുടെ സ്ഥൈര്യമായ നിർഭയത്വത്തിനും, പ്രതിജ്ഞാബദ്ധതയ്ക്കും നമ്മൾ നന്ദിയുള്ളവരായിരിക്കാൻ കടപ്പെട്ടവ രാണ്. പരിഗണിക്കപ്പെടാതിരിക്കുമായിരുന്ന യുദ്ധങ്ങളിൽ ചിലതെങ്കിലും, പ്രകൃതിക്കും, പാവപ്പെട്ടവർക്കുമെതിരേ പലയിടങ്ങളിൽ സംഭവിക്കുന്ന അനീതികളും, അടിച്ചമർത്തലുകളും ലോകത്തിന്റെ പലയിടങ്ങളിലും പീഡിപ്പിക്കപ്പെടുന്ന ന്യൂനപക്ഷങ്ങൾ കാലാകാലങ്ങളായി സഹിക്കുന്ന കഷ്ടപ്പാടുകളുമെല്ലാം - ഇവയെല്ലാം ഇവരുടെ പ്രവർത്തനങ്ങളിലൂടെയാണ് നാമെല്ലാവരും ബോധവാന്മാരാവുന്നത്. ഇങ്ങനെയുള്ള ഉച്ചത്തിലുള്ള ശബ്ദങ്ങൾ മാഞ്ഞുപോവുക അല്ലെങ്കിൽ ദുർബലപ്പെടുക എന്നത് കേവലം പത്രപ്രവർത്തന മണ്ഡലത്തിന് മാത്രമല്ല, മറിച്ച് സമൂഹങ്ങൾക്കും, സകല ജനാധിപത്യങ്ങൾക്കും തീരാനഷ്ടങ്ങളായി തീർന്നേനേ. സകല മനുഷ്യകു ലത്തിന് തന്നെ അതൊരു വീര്യം കെടുത്തി ദരിദ്രാവസ്ഥയിലെത്തിക്കു മായിരുന്ന ഒരു വിപത്തായി മാറിപോകുമായിരുന്നു.

ലോകത്തിലുരുത്തിയിരുന്ന ചില സംഭവങ്ങളിലെങ്കിലും, പ്രത്യേകിച്ച് ഇപ്പോഴുള്ള ഈ മഹാമാരിയുടെ സമയത്താണ് എങ്കിൽപോലും, വാർത്താ വിനിമയവിതരണ മണ്ഡത്തിലുള്ളവരെ 'വന്നു കാണുക' എന്ന് ക്ഷണിക്കു ന്നുണ്ട്. രണ്ട് കണക്കുപുസ്തകങ്ങളെപ്പോഴും സൂക്ഷിക്കുന്ന സമ്പന്ന രാജ്യങ്ങളുടെ വീക്ഷണ കോണുകളിലൂടെയും ഭൂതക്കണ്ണാടികളിലൂടെയും മാത്രം എല്ലാ പ്രതിസന്ധികളെയും ഈ മഹാമാരിയേയും നോക്കിക്കാ ണുന്ന തരത്തിലുള്ള വാർത്താകുറിപ്പുകളുടെ ആപത്ത് സൂചനകൾ നമ്മുടെ മുൻപിലുണ്ട്. ഉദാഹരണത്തിന്, കൂടുതൽ ദരിദ്രരായ ജനങ്ങളെ രോഗപ്രതിരോധ കുത്തിവെയ്പ്പിൽനിന്ന് ഒഴിവാക്കപ്പെടുന്ന സാഹചര്യ ങ്ങളെ ചോദ്യം ചെയ്യുന്നത് ആഫ്രിക്കയിലെയും, ലാറ്റിനമേരിക്കയിലെയും, ഏഷ്യയിലെയും ദരിദ്ര ഗ്രാമങ്ങളിലെ പാവപ്പെട്ടവർ ചികിത്സയ്ക്ക് വേണ്ടി ചിലപ്പോഴെങ്കിലും മരണം വരെ കാത്തുനിൽക്കേണ്ടി വരുന്നത് വേറെ ഏത് മേഖലയിലുള്ളവരാണ് നമ്മെ ബോധവാന്മാരാക്കുക? ആഗോളതലത്തിൽ തന്നെ നിലനിൽക്കുന്ന സാമൂഹിക സാമ്പത്തിക ഭിന്നതകൾ, കോവിഡിനെതിരായ രോഗപ്രതിരോധ കുത്തിവെയ്പ്പുകളുടെ വിതരണത്തിന്റെ നയങ്ങൾ രൂപീകരിക്കപ്പെടുന്നതിന്റെ ആപത്ത് നമ്മൾ കണ്ടുകൊണ്ടിരിക്കു ന്നുണ്ടല്ലോ. അങ്ങനെ സംഭവിക്കുമ്പോൾ ദരിദ്രർ എപ്പോഴും പിന്തള്ള പ്പെടുകയും, അവസാനം മാത്രം

പരിഗണിക്കപ്പെടുകയും ചെയ്യുന്നത്, "സാർവ്വത്രിക ആരോഗ്യപരിപാലനം" തത്ത്വത്തിലെല്ലാവരും സമ്മതിച്ചിട്ടു ള്ളതാണെങ്കിലും യഥാർത്ഥ തലത്തിലെത്തുമ്പോൾ കീഴ്മേൽ മറിഞ്ഞു പോവുന്നതിന്റെ ഉത്തമോദാഹരണമാണ്. എങ്കിലും സമൃദ്ധിയിലും സമ്പന്ന തയിലും ജീവിക്കാൻ സൗഭാഗ്യപ്പെട്ടവരുടെ കാഴ്ചയുടെയും അവബോധത്തിന്റെയും തലങ്ങളിൽ - കുറേ കുടുംബങ്ങൾ ദാരിദ്ര്യത്തിലേക്ക് വഴുതി വീഴുന്നത് പലപ്പോഴും മറയ്ക്കപ്പെടുന്നു - അതൊരു സാമൂഹിക വിപ ത്തായിട്ടു പോലും...ദരിദ്രർ ഒരു പൊതി ഭക്ഷണസാധനങ്ങൾക്കുവേണ്ടി ജീവകാരുണ്യ സ്ഥാപനങ്ങളുടെ മുൻപിൽ വരിവരിയായി നിന്ന് കൈനീട്ടുന്നത് ഒരു നാണകേടായി പോലും കരുതാത്തത് ഒരു വാർത്തയേ അല്ലാ താവുന്നു.

## ഇന്റർനെറ്റിന്റെ സാധ്യതകളും ചതിക്കുഴികളും

ഇന്റർനെറ്റിന് അതിന്റെ കണക്കറ്റ സാമൂഹിക മാദ്ധ്യമ ആവിഷ്ക്കാര ശക്തികളാൽ വാർത്തകളുടെ വിതരണത്തിലും പങ്ക് വെക്കലുകളിലും ഒരുപാട് വിസ്തൃതികളും ശേഷികളും വർദ്ധിക്കാനാകുമെന്ന് ഉറപ്പാണല്ലോ. അത് ലോകത്തിന്മേൽ ഒരുപാട് കണ്ണുകളുള്ളതിനാലും, ഇടതടവില്ലാതെ ചിത്രങ്ങളും, കുറിപ്പുകളും പങ്കുവെയ്ക്കപ്പെടുന്നതിനാലുമാണ്. ഡിജിറ്റൽ സാങ്കേതികവിദ്യ നമുക്ക് നൽകുന്ന സാധ്യതകൾ അപാരമാണ് - പ്രത്യേ കിച്ച് സമയോചിതമായി ലഭിക്കുന്ന - ഇടനിലക്കാരില്ലാതെ നേരിട്ട് ലഭിക്കുന്ന - സ്ഥിതിവിവരണക്കുറിപ്പുകൾ. ഇത്തരുണത്തിൽ ലോകത്തിൽ പലയിടത്തും നടന്ന അത്യാഹിത-അടിയന്തിര സാഹചര്യങ്ങളിൽ ഇന്റർനെറ്റ് സൗകര്യങ്ങളാൽ ആ സാഹചര്യങ്ങൾ ലോകത്തിന് മുമ്പ് വെളിവാക്ക പ്പെട്ടതും, ഔപചാരിക വിവരങ്ങൾ പ്രചരിപ്പിക്കാനായതും നമുക്കോർക്കാം. ഇന്റർനെറ്റ് വളരെ പ്രാഭവമുള്ള ഒരു ഉപകരണ സാമഗ്രി ആയതിനാലും, അതിന്റെ സാധ്യതകൾ ബഹിർമുഖമായതിനാലും, നമ്മളേവരും അതിനെ വളരെ ഉത്തരവാദപ്പെട്ട രീതിയിൽ ഉപയോഗിക്കേണ്ടതുമാണ്. ഉപഭോക്താവെന്ന നിലയിലും ഉടമസ്ഥനെന്ന നിലയിലും. നമുക്കെല്ലാവർക്കും, യാഥാസ്ഥിതിക മാധ്യമങ്ങളിൽനിന്നും മറഞ്ഞുപോകുന്ന സംഭവങ്ങൾക്ക് ഇന്റർനെറ്റ് വഴി സാക്ഷികളാവാനും, സമൂഹത്തിന് കുറേയധികം സംഭവ വിവരണങ്ങളും, സത്യാവസ്ഥകളും പങ്കുവെയ്ക്കാനും, സകാരാത്മങ്ങളായ കഥകൾ വിവരിക്കാനുമുതകുന്നു ഇന്റർനെറ്റ് സൗകര്യങ്ങൾ. ഇതേ ഇന്റർനെറ്റ് വഴി തന്നെ, നമ്മൾ കാണുന്നതും, സാക്ഷ്യം വഹിക്കുന്നതുമായ എല്ലാ സംഭവങ്ങളും വിവരിച്ച് നൽകാനും, മറ്റുള്ളവരുമായ് പങ്കുവെക്കു വാനും നമുക്കാവുന്നുണ്ട്.

അതേസമയം തന്നെ, വഴിതെറ്റിക്കുന്നതും, അസത്യവുമായ കാര്യങ്ങൾ സാമൂഹിക മാദ്ധ്യമങ്ങളിലൂടെ അതിവേഗം പങ്കുവെയ്ക്കപ്പെടുന്ന തിനും നമ്മൾ സാക്ഷികളാവുന്നുണ്ടല്ലോ. പലപ്പോഴും ഇത്തരത്തിലുള്ള അസത്യപ്രചരണങ്ങൾ സ്വയമാരാധനയ്ക്കും സ്വയംലാഭത്തിനും വേണ്ടി മാത്രമാകുന്നുവെന്നും നമ്മളറിയുന്നു. ഇങ്ങനെ വിമർശിക്കുന്നത് ഇന്റർനെറ്റ് എന്ന സങ്കേതത്തെ തള്ളിക്കളയാനോ, ഒഴിവാക്കാനോ അല്ല, മറിച്ച് നമ്മുടെ ഉപയോഗം

വിവേചനബുദ്ധിയിലധിഷ്ഠിതമായ വേർതിരിച്ചറിയലുകൾ ഉപയോഗിച്ച് ശക്തിയാർജ്ജിക്കാൻ മാത്രമാണ്. നമ്മുടെ ആശയവിനിമയ ങ്ങൾക്ക് നമ്മൾ തന്നെ ഉത്തരവാദികൾ, നമ്മൾ നൽകുന്ന വിവരണങ്ങളും, അസത്യപ്രചരണത്തിന്റെമേൽ അപ്പോഴാണ് നമുക്ക് നിയന്ത്രണാധികാരം പ്രയോഗിക്കാനും, വെളിവാക്കാനും സാധിക്കുന്നതും. നാമെല്ലാവരും സത്യ ത്തിന് സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ടവരാണ് - പോകാനും, പോയി സാക്ഷ്യം വഹിക്കാനും, സത്യ സാക്ഷ്യം പങ്കുവെക്കാനും.

## നേരിട്ട് കാണുന്നതിനെ ഒന്നിനും മാറ്റിവെയ്ക്കാനാവില്ല

ആശയ-വാർത്താവിനിമയ മേഖലയിൽ വ്യക്തിപരമായി നേരിട്ട് കാണുന്നതിനെ പകരം വെക്കാനായ് ഒന്നുമില്ല എന്നതാണ് വസ്തുത. നമ്മൾ വാക്കുകളിലൂടെ മാത്രമല്ല ആശയവിനിമയം ചെയ്യുന്നത്: നമ്മുടെ കണ്ണുകളാലും, അംഗവിക്ഷേപങ്ങളാലും, നമ്മുടെ സ്വരഭേദങ്ങളാലും ശബ്ദധ്വനികളാലുമാണ്. യേശുവിനെ കണ്ടുമുട്ടിയവർ അവനിൽ ഹൃദയ ഹാരിയായി ദർശിച്ചത് അവന്റെ സത്യപ്രചാരത്തിലായിരുന്നു. എങ്കിലും അതിന്റെ പ്രഭാവസിദ്ധി - അവനെങ്ങനെ അവരെ നോക്കിയിരുന്നു, അവ രോടെങ്ങനെ പെരുമാറിയിരുന്നു, അവനെങ്ങനെ എപ്പോൾ നിശബ്ദനായി രുന്നു എന്നതിനെയെല്ലാം ആശ്രയിച്ചിരുന്നു. അല്ലെങ്കിൽ അവയൊന്നും അവനിൽനിന്നും വേർപ്പെടുത്തിയെടുക്കാനാവാതെ അഭേദ്യമായിരുന്നു. യേശുവിന്റെ ശിഷ്യർ അവനെ ശ്രവിച്ചിരിക്കുക മാത്രമല്ല അവന്റെ സംസാ രങ്ങളെ, സംസാരരീതികളെ വീക്ഷിക്കുമായിരുന്നു. വചനം അവതാരമെ ടുത്ത അവനിൽ - യേശുവിൽ വചനം ഒരു മുഖമെടുത്ത്, അദൃശ്യരൂപമാ യിരുന്ന ദൈവം തന്നെത്തന്നെ വെളിപെടുത്തി, ശ്രവ്യമാക്കി, സ്പർശയോഗ്യ മാക്കപ്പെട്ടതായ് വി. യോഹന്നാൻ തന്നെ വെളിപെടുത്തുന്നു (1 യോഹന്നാൻ 1:1-13). 'വചനം' കാണപ്പെടുമ്പോഴാണ് കൂടുതൽ പ്രഭാവമുള്ളതാവുന്നത്; അനുഭൂതികളിലൂടെ ഹൃദയഹാരി യാവുമ്പോഴാണ് സംഭാഷണങ്ങളിലൂടെ വചനം വിളങ്ങുന്നതും. ഈ വസ്തുത മൂലം 'വന്ന് കാണുക' എന്ന ക്ഷണം അന്നും ഇന്നും പ്രബലമാണ്, സത്യസന്ധവുമാണ്.

നമുക്കറിയാം, നമ്മുടെ ഈ കാലഘട്ടത്തിലും എത്രമാത്രം പൊള്ള യായ വാഗ്പാടവങ്ങളാണ് നിറഞ്ഞ് കവിഞ്ഞ് പെരുകിയിരിക്കുന്നതെന്ന് - എല്ലാ മേഖലകളിലും - പൊതുജീവിതത്തിൽ, വ്യവസായ വാണിജ്യമാ യാലും - രാഷ്ട്രീയത്തിലായാലും. വില്ല്യം ഷേക്സ്പിയറിന്റെ 'വെനീസിലെ വ്യാപാരി' എന്ന നാടകത്തിലെ ആരംഭത്തിൽ തന്നെ പറഞ്ഞ് വെച്ചിരി ക്കുന്ന പോലെ - അവരോ ഇവരോ എല്ലാവരുമോ ഒരിക്കലും അളക്കാനാ വാത്ത മാത്രയിൽ ഒന്നുമില്ലായ്മയെ പറ്റി വിസ്തരിക്കുന്നു - രണ്ടിടങ്ങഴി പതിരിൽ തിരഞ്ഞാൽ കിട്ടുന്നത് വെറും രണ്ട് തരി ഗോതമ്പ് മണികളും - മുഴുവൻ ദിനമെടുത്ത് തിരഞ്ഞാലും, ലഭിക്കുമ്പോൾ ചിലവഴിച്ച സമയ ത്തിന്റെ മൂല്യത്തിനെ കളിയാക്കുന്ന അളവിലെ ലഭിക്കൂ - ഇങ്ങനെ രൂക്ഷ മായി വിമർശിക്കുന്ന ആ നാടകകൃത്തിന്റെ വരികൾ നമ്മൾ ക്രിസ്ത്യൻ സംവാദകർക്കും എപ്പോഴും

ബാധകമാണ്. സുവിശേഷങ്ങളിലെ സദ്വാർത്ത കൾ ലോകം മുഴുവൻ പകർന്നതും പടർന്നതും വ്യക്തികൾ തമ്മിലും, ഹൃദയങ്ങൾ തമ്മിലും നേരിട്ട് സംവദിച്ചത് മൂലമാണ് – അതിലൂടെ ലഭിച്ച 'വന്നു കാണുക' എന്ന ക്ഷണം സ്വീകരിച്ച് വന്നു കണ്ടപ്പോഴോ - പറഞ്ഞ് പ്രതീക്ഷിച്ചതിലുമധികം 'മനുഷ്യത്വം' സൂക്ഷ്മ ദൃഷ്ടികളിൽ വിളങ്ങി തെളി ഞ്ഞു നിന്നു - യേശുവിന്റെ ദൃക സാക്ഷികളായിരുന്നവരുടെ സംസാരങ്ങ ളിലും അംഗവിക്ഷേപങ്ങളിലും അതേ മനുഷ്യത്വം വിളങ്ങി തിളങ്ങിനിന്നു. എല്ലാ ഉപകരണത്തിനുമതിന്റേതായ മൂല്യമുണ്ടല്ലോ. താർസൂസിലെ പോൾ എന്ന മഹാനായ സംവാദകൻ - അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഇമെ യിൽ, സോഷ്യൽ മീഡിയ തുടങ്ങിയ ഉപകരണങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും അദ്ദേഹമത് ഉപയോഗിച്ച് കൂടുതൽ തലങ്ങളിൽ സുവിശേഷം പ്രചരിപ്പിക്കുമായിരുന്നുവെന്നതാണ്. എങ്കിലും, അദ്ദേഹത്തിന്റെ സമകാ ലികരും സഹവർത്തികളും പൗലോസ് ശ്ലീഹായുടെ വിശ്വാസം, പ്രത്യാശ, ദീനാനുകമ്പയും, സഹാനുഭൂതിയും എല്ലാം കണ്ട് തന്നെയാണ് – അത് അവർ പരസ്പരം സംസാരിച്ചിരുന്നപ്പോഴാണെങ്കിലും, ഒരു കൂട്ടായ്മയെ പൗലോസ് ശ്ലീഹാ അഭിസംബോധന ചെയ്യുമ്പോഴാണെങ്കിലും – അദ്ദേഹ ത്തിലാകൃഷ്ടരായതും, മാതൃക പിഞ്ചെന്നതും. ദൈവപിതാവിന്റെ അരൂപി യാൽ പൗലോസ് ശ്ലീഹാ സുവിശേഷ പ്രചരണത്തിനെത്തിയതും പ്രവർ ത്തിച്ചതും നേരിട്ടനുഭവിച്ചതും ദൃക്സാക്ഷികളാകുവാനും കൂടെയുണ്ടാ യിരുന്ന സമകാലികരായ ആദ്യകാല സുവിശേഷ പ്രചാരകർക്ക് അനുഭവി ച്ചറിയാൻ സാധിച്ചത് എത്രയോ സത്യവത്തായതും, സ്വന്തം ജീവിതത്തിലെ എത്രയോ അർത്ഥവത്തായ രക്ഷാകര സന്ദേശമാണെന്നവർ തിരിച്ചറിഞ്ഞു. എവിടെയെങ്കിലും ദൈവപുത്രന്റെ ഈ ദാസന് നേരിട്ട് എത്താൻ സാധിക്കാ തിരുന്ന കൂട്ടായ്മകളിലേക്ക് തന്റെ വിശ്വസ്തനെ തന്നെയാണ് പൗലോസ് ശ്ലീഹാ അയച്ചിരുന്നത് (1 കോറി. 4:17). ക്രിസ്തുവിന്റെ ജീവിതസാക്ഷ്യം വിവരിച്ച് മാതൃകയായി ജീവിച്ച് തെളിയിക്കാനായി. വി. ഗ്രന്ഥങ്ങളിലെ പ്രവാ ചക ശബ്ദങ്ങൾ നിറവേറുന്നതിനെക്കുറച്ച് വിശദീകരിക്കുമ്പോൾ, വി. അഗ സ്തീനോസ് പറയുന്നത് "നമ്മുടെ കരങ്ങളിലാണ് പുസ്തകങ്ങളെങ്കിൽ, കൺമുൻപിലാണ് സത്യം ആയിരിക്കുന്നത് (Sermo 360/B,20). യേശുവുമായി നേരിട്ട് സംവദിച്ച് ജീവിതം മാറിമറിഞ്ഞവരുടെ ശക്തമായ സാക്ഷ്യങ്ങൾ നമ്മൾ സ്വീകരിക്കുമ്പോഴാണ് സുവിശേഷങ്ങൾ നമ്മുടെ ജീവിതദിനങ്ങളിൽ സജീവമായി അവതരിക്കുന്നത്. ക്രിസ്തീയ ജീവിത മെന്ന വിശ്വാസത്തിലൂന്നിയ സാഹസിക ശൈലി, കഴിഞ്ഞ രണ്ടായിരം വർഷങ്ങളിലൂടെ ഇതുപോലെ ആസ്വാദ്യകരമായ രീതിയിൽ ലോകജന തയോട് സംവദിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ നമ്മുടെ മുന്നിലുള്ള കടമ്പ നമ്മൾ വിളിക്കപ്പെട്ടിട്ടുള്ളത് ഇതേ ആസ്വാദ്യതയോടെ വിശ്വാസത്തിലൂന്നിയ സാഹസികമായ ക്രിസ്തീയ ജീവിതശൈലി നമ്മുടെ സഹോദരരേ അവരെ വിടെയാണോ എങ്ങനെയാണോ അങ്ങനെ തന്നെ അവരെ കണ്ടുമുട്ടിയഭി മുഖീകരിച്ച് സംവദിക്കണമെന്നതിനാണ്.

പിതാവേ, ഞങ്ങളിൽ നിന്നുതന്നെ ഞങ്ങൾ വിടുതൽ കരസ്ഥമാക്കി നിത്യസത്യാന്വേഷികളാകുവാൻ പഠിപ്പിക്കണമെ. മുൻവിധികളെ പ്രോത്സാ

ഹിപ്പിക്കുവാനോ, സൂക്ഷ്മതയില്ലാത്ത ദ്രുതഗതിയിലുള്ള ഉപസംഹരിക്കലുകൾ ഇല്ലാതെ, കടന്ന് ചെന്ന് വീക്ഷിക്കുവാനും, ശ്രവിക്കാനും ഞങ്ങളെ പഠിപ്പിക്കണമെ. വേറെയാരും തന്നെ പ്രവേശിച്ചിരിക്കാനിടയില്ലാത്തയിടങ്ങളിലേക്ക് എപ്പോഴും കടന്ന് ചെല്ലുവാനും, മനസ്സിലാക്കേണ്ടവയെല്ലാം മനസ്സിലാക്കുന്നതിനു ആവശ്യമായ മുഴുവൻ സമയവും ചിലവഴിക്കാനും, അവശ്യം വേണ്ടവയിലെല്ലാം ശ്രദ്ധ ചെലുത്താനും, വ്യർത്ഥമായ മോടികാണിക്കുന്നതിലൊന്നും ശ്രദ്ധ പതറിപ്പോവാതെ പെരുമാറുവാനും, ആർജ്ജ വമുള്ള സത്യാവസ്ഥകളിൽനിന്നും, തെറ്റിദ്ധരിപ്പിക്കുന്ന വഞ്ചനകളെ തിരിച്ച റിയുവാനും, ഞങ്ങളെ പഠിപ്പിക്കണമെ. നേരിട്ട് ദർശിച്ച് ഞങ്ങൾക്ക് വിശ്വാസ മായവയെല്ലാം മറ്റുള്ളവരെ അറിയിക്കാനുള്ള സത്യസന്ധതയും, ഈ ലോകത്തിലെ അങ്ങയുടേതായ വാസസ്ഥലങ്ങൾ എപ്പോഴും തിരിച്ചറിയു വാനുമുള്ള അരൂപി ഞങ്ങൾക്ക് നല്കിയനുഗ്രഹിക്കണമെ.

23 ജനുവരി 2021, വി. ഫ്രാൻസിസ് ഡി സാലസിന്റെ സ്മാരകമന്ദിരത്തിലെ ജാഗരണ പ്രാർത്ഥനയിൽ ഫ്രാൻസിസ് പാപ്പ പങ്കെടുത്തപ്പോൾ നടത്തിയ പ്രഭാഷണം.

St. John Lateran, Rome

## കച്ചേരിക്കാര്യം

### 1. പുതിയ നിയമനങ്ങൾ

ഫാ. ജെയിംസ് കല്ലുങ്കൽ വി.സി. : വികാരി, ഈങ്ങാപ്പുഴ
ഫാ. മാത്യു തൂമുള്ളിൽ : ഡയറക്ടർ, പബ്ലിക് അഫയേഴ്സ്

**കെ.സി.വൈ.എം. മേഖലാ ഡയറക്ടേഴ്സ്**

ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട് കൂരാച്ചുണ്ട്
ഫാ. മാത്യു പനച്ചിക്കൽ താമരശ്ശേരി

**മിഷൻലീഗ് മേഖലാ ഡയറക്ടേഴ്സ്**

ഫാ. വർഗീസ് പനക്കൽ മരുതോങ്കര
ഫാ. ജോസഫ് ചിറത്തലക്കൽ പാറോപ്പടി

**മാതൃവേദി മേഖലാ ഡയറക്ടേഴ്സ്**

ഫാ. ആന്റണി ചെന്നിക്കര കോടഞ്ചേരി
ഫാ. ജോർജ് വരിക്കശ്ശേരി മരുതോങ്കര
ഫാ. കുര്യാക്കോസ് മുഖാലയിൽ താമരശ്ശേരി
ഫാ. മാത്യു കോട്ടയ്ക്കൽ തോട്ടുമുക്കം

### 2. സഭാദിനം - ജൂലൈ 3

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മരണത്തിരുനാളായ ജൂലൈ 3-ാം തീയതി സീറോ മലബാർ സഭാദിനമായി ആചരിക്കുന്നു. നമ്മുടെ സഭയുടെ ഐക്യത്തിനും വിശ്വാസികളുടെ നന്മയ്ക്കും വേണ്ടി മാർതോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം.

### 3. യുവജന ഞായർ - ജൂലൈ 4

ജൂലൈ 4-ാം തീയതി സഭ യുവജന ഞായറായാണ് ആചരിക്കുന്നത്. നമ്മുടെ ഇടവകയിലെ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംഘടനകളിൽ ചേർന്ന് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതാണ്.

### 4. തിരുപ്പട്ട സ്വീകരണം ജൂലൈ 15

താമരശ്ശേരി രൂപതയ്ക്കുവേണ്ടി സ്പെയിനിലെ സലമാങ്കാ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തിക്കൊണ്ടിരിക്കുന്ന കൂടരഞ്ഞി ഇടവകാംഗം **ഡീക്കൻ ജോസഫ് (അജയ് അഗസ്റ്റിൻ) മുതലക്കുഴിയിൽ** 2021 ജൂലൈ 15-ാം തീയതി താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്നും പൗരോഹിത്യപട്ടം സ്വീകരിക്കുന്നു. പൗരോഹിത്യ ശുശ്രൂഷയി ലേക്ക് കടന്നുവരുന്ന ബഹു. ജോസഫ് മുതലക്കുഴിയിൽ അച്ചന് താമര ശ്ശേരി രൂപതാ വൈദികകൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും.

### 5. വി. ജൊവാക്കീം-അന്ന ദമ്പതികളുടെ തിരുനാൾ - ജൂലൈ 25

"ഞാൻ എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന ആപ്ത വാക്യം സ്വീകരിച്ചുകൊണ്ട് വി. ജൊവാക്കീം-അന്ന ദമ്പതികളുടെ തിരുനാൾ ദിവസമായ ജൂലൈ 25 ആഗോളസഭ ഗ്രാന്റ് പേരൻസ്ഡേ ആയി ആചരിക്കുവാൻ പരി. പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നു. നമ്മുടെ ഇടവകകളിലെ വല്യപ്പന്മാരെയും വല്യമ്മമാരെയും ആദരി ക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ദൈവജനത്തെ ഓർ മ്മിപ്പിക്കേണ്ടതാണ്.

### 6. അഭിവന്ദ്യ പിതാവിന്റെ ജന്മദിനം - ജൂലൈ 26

ജൂലൈ 26-ാം തീയതി നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ ജന്മദിനമാണല്ലോ. 60-ാം വയസ്സിലേക്ക് പ്രവേശിക്കുന്ന പിതാവിന് ജന്മദിനാശംസകൾ നമുക്ക് നേരാം. തന്റെ ശുശ്രൂഷകളിലൂടെ രൂപതയ്ക്കും ദൈവ ജനത്തിനും പൊതുസമൂഹത്തിനും ഇനിയും നന്മകൾ വർഷിക്കാൻ ആവശ്യ മായ ദൈവാനു ഗ്രഹം പിതാവിനു ലഭിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

### 7. വി. അൽഫോൻസാമ്മയുടെ തിരുനാൾ –ജൂലൈ 28

രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാ ളാണ് ജൂലൈ 28. നമ്മുടെ രൂപതയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ ആവശ്യങ്ങൾക്കു വേണ്ടിയും വിശുദ്ധയുടെ മാദ്ധ്യസ്ഥ്യം നമുക്ക് അപേ ക്ഷിക്കാം.

### 8. വൈദിക ദിനം, വൈദിക ക്ഷേമനിധി

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരു നാളായ ആഗസ്റ്റ് 4-ാം തീയതി നമ്മുടെ പതിവനുസരിച്ച് വൈദിക ദിനമായി ആചരിക്കുന്നു. ബഹു. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ആശംസക ളർപ്പിക്കുവാനും ദൈവജനത്തെ ഓർമ്മിപ്പിക്കുമല്ലോ.

### 9. കോശി കമ്മീഷനും നിവേദനങ്ങളും

ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് പ്രാദേശിക പ്രശ്നങ്ങളെ സംന്ധിച്ചുള്ള നിവേദനങ്ങൾ നല്കുന്ന തുമായി ബന്ധപ്പെട്ട സർക്കുലർ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ഇടവകകൾ കേന്ദ്രീകരിച്ച് വ്യക്തികളും, സ്ഥാപനങ്ങളും, കമ്മറ്റികളും സംഘടനകളും നിവേദനങ്ങൾ സമർപ്പിക്കേണ്ടതാണ്. നിവേദനങ്ങൾ നല്കുന്നതിനുള്ള ചോദ്യാവലിയും നിവേദനങ്ങൾ തയ്യാറാക്കുന്നതിനുള്ള മാതൃകയും ഇടവകകളിൽ നല്കുന്നതാണ്.

### 10. പബ്ലിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്

സർക്കാരിന്റെ ക്ഷേമപദ്ധതികളും, ആനുകൂല്യങ്ങളും, സ്കോ ളർഷിപ്പുകളും, അറിയിപ്പുകളും തക്കസമയത്ത് നമ്മുടെ ജനത്തിന് എത്തിച്ച് നല്കുവാൻ ഓരോ രൂപതയിലും ഒരു പൊതുകാര്യ കാര്യാ ലയം ആവശ്യമാണ് എന്ന് സീറോ മലബാർ സഭാസിനഡ് നിർദ്ദേശി ച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ രൂപതയിൽ ഒരു പബ്ലിക് അഫയേഴ്സ് ഡിപ്പാർട്ടുമെന്റ് ആരംഭിച്ചു. ഡയറക്ടറായി ഫാ. മാത്യു തൂമുള്ളിൽ അച്ചനെ അഭിവന്ദ്യ പിതാവ് നിയമിക്കുകയും ചെയ്തു.

### 11. നന്ദി, സ്വാഗതം

ഈങ്ങാപ്പുഴ ഇടവകവികാരിയായി സേവനം ചെയ്തതിനുശേഷം പുതിയ സേവന രംഗത്തേയ്ക്ക് സ്ഥലം മാറിപ്പോകുന്ന വിൻസെൻ ഷ്യൻ സന്യാസസമൂഹാംഗം **ബഹു. ജോസ് പുതിയാപറമ്പിൽ വി.സി അച്ചന്** രൂപതാ സമൂഹത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

ഈങ്ങാപ്പുഴ ഇടവകയുടെ പുതിയ വികാരിയായി നിയമിതനായി രിക്കുന്ന **ബഹു. ജെയിംസ് കല്ലുങ്കൽ വി.സി.** അച്ചന് അജപാലനശു ശ്രൂഷയിലേക്ക് ഹൃദ്യമായ സ്വാഗതം.

## 12. സ്മരണാഞ്ജലി

| | | |
|---|---|---|
| 15.07.1999 | – | റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ |
| 16.07.1981 | – | റവ. ഫാ. അബ്രാഹം മൂക്കനോലിൽ |
| **18.07.2010** | **–** | **റവ. ഫാ. ഫിലിപ്പ് പ്ലാത്തോട്ടത്തിൽ** |
| **23.07.2019** | **–** | **റവ. ഫാ. ജോർജ്ജ് കഴിക്കച്ചാലിൽ** |
| 26.07.2003 | – | റവ. ഫാ. മാത്യു കൊട്ടുകാപ്പള്ളിൽ |
| **27.07.2008** | **–** | **റവ. ഫാ. മാത്യു പൊയ്യക്കര** |
| 28.07.1970 | – | റവ. ഫാ. ജേക്കബ്ബ് വെള്ളക്കട |
| **30.07.2012** | **–** | **റവ. ഫാ. ജോസ് മണിമലത്തറപ്പിൽ** |

**പ്രോട്ടോസിഞ്ചെല്ലൂസ്**

# സ്നേഹസ്മരണയ്ക്ക്



# വൈദിക സമിതി റിപ്പോർട്ട്

താമരശ്ശേരി രൂപതയുടെ പതിനൊന്നാമത് വൈദിക സമിതിയുടെ മൂന്നാമത് യോഗം 2021 ജൂൺ 7-ാം തീയിതി രാവിലെ 10.30 ന് കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഓൺലൈനായി നടത്തപ്പെട്ടു. മീറ്റിം ഗിൽ 57 പേർ പങ്കെടുത്തു. രൂപതാ വിശ്വാസപരിശീലന ഡയറക്ടർ റവ. ഫാ. ജോൺ പള്ളിയ്ക്കാവയലിന്റെ പ്രാർത്ഥനയോടെ യോഗം ആരം ഭിച്ചു. വികാരിജനറൾ മോൺ. ജോൺ ഒറവുങ്കര വൈദികസമിതിയുടെ ഉത്തര വാദിത്വങ്ങളെകുറിച്ചും കടമകളെക്കുറിച്ചും ബോധ്യപ്പെടുത്തിയശേഷം അഭിവന്ദ്യ പിതാവിനും സമതി അംഗങ്ങൾക്കം സ്വാഗതം ആശംസിച്ചു. തുടർന്ന് വൈദികസമിതി സെക്രട്ടറി ഫാ. ജോർജ് മുണ്ടനാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ടിന്മേലുള്ള ചർച്ചകൾക്ക് ശേഷം അഭിവന്ദ്യ റെമീജി യോസ് പിതാവ് ആമുഖ പ്രഭാഷണം നടത്തി, അജണ്ടയിലെ വിഷയങ്ങൾ അവതരിപ്പിച്ചു.

### 1. ന്യൂനപക്ഷ സ്കോളർഷിപ്പിലെ 80:20 അനുപാതവും ഹൈക്കോടതി വിധിയും:

ന്യൂനപക്ഷ സ്കോളർഷിപ്പിലെ 80:20 വിഷയത്തിൽ ഹൈക്കോട തിയിൽ നിന്നുണ്ടായ അനുകൂലവിധിയെ യോഗം സ്വാഗതം ചെയ്തു. മറ്റ് ന്യൂനപക്ഷങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിലല്ല, മറിച്ച് ന്യൂന പക്ഷങ്ങളിൽ ന്യൂനപക്ഷമായ ക്രൈസ്തവ സമൂഹം നേരിടുന്ന വിവേചന ത്തെ അംഗീകരിക്കാനാവില്ലെന്നും, എന്നാൽ ഇതിന്റെ പേരിൽ മുസ്ലീം- ക്രൈസ്തവ സമൂഹത്തിൽ മതസ്പർദ്ദ ഉണ്ടാകാൻ ഇടയാകരുതെന്നും യോഗം അഭിപ്രായപ്പെട്ടു. ഗവൺമെന്റ് സർവ്വകക്ഷിയോഗം വിളിച്ചതും വിദഗ്ദ സമിതിയെ നിയോഗിച്ചതും ഈ വിഷയത്തെ സർക്കാർ ഗൗരവമായി എടുത്തു എന്നതിന്റെ തെളിവായി യോഗം വിലയിരുത്തി. ന്യൂനപക്ഷാവ കാശങ്ങളുടെ പേരിൽ രാജ്യത്തെ മതസൗഹാർദ്ദം തകരത്തക്കരീതിയി ലുള്ള പ്രതികരണങ്ങൾ ആരുടെയും ഭാഗത്ത് നിന്ന് ഉണ്ടാകാൻ പാടില്ലെ ന്നും, നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുവാൻ സഭാനേതൃത്വത്തിന്റെ ശക്തമായ ഇടപെടൽ ആവശ്യമാണെന്നും ക്രൈസ്തവ ആത്മീയത അത് നമ്മെ കടപ്പെടുത്തുന്നുണ്ട് എന്നും യോഗം അഭിപ്രായപ്പെട്ടു. സമുദായത്തി ന്റെ കാര്യങ്ങൾ സംസാരിക്കുന്നതിനായി അല്മായ നേതൃത്വത്തെ വളർത്തി യെടുക്കേണ്ടതിന്റെ ആവശ്യകത യോഗം ചർച്ച ചെയ്തു. എ.കെ.സി.സി., കെ.സി.വൈ.എം. സംഘടനകളിലൂടെ സഭയ്ക്കും സമുദായത്തിനും വേണ്ടി നിലകൊള്ളുവാൻ സജ്ജരായ അല്മായരെ വളർത്തിയെടുക്കുന്നതിൽ ഇനിയും കാലതാമസം വരുത്തരുത് എന്നും യോഗം വിലയിരുത്തി. മതേത രത്വം ഒരു സമൂഹത്തിനുവേണ്ടി മാത്രം മാറ്റി എഴുതപ്പെടുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ കരുതലോടെ നമ്മുടെ ന്യായങ്ങൾക്കുവേണ്ടി നിലകൊ ള്ളണമെന്നും യോഗത്തിൽ അഭിപ്രായമുണ്ടായി.

### 2. കോവിഡ് 19-ന്റെ രണ്ടാം തരംഗം:-

കോവിഡിന്റെ രണ്ടാം തരംഗം കൂടുതൽ തീവ്രമായ സാഹചര്യം യോഗം വിലയിരുത്തി. നിരവധി ആൾക്കാരോടൊപ്പം വൈദികരും സമർ പ്പിതരും കോവിഡ്

ബാധിച്ചും, കോവിഡാനന്തര രോഗങ്ങളാലും മരണ പ്പെട്ടതിൽ സമിതി ആശങ്ക പ്രകടിപ്പിച്ചു. കോവിഡിന്റെ മൂന്നാം തരംഗത്തെ ക്കുറിച്ചുള്ള മുന്നറിയിപ്പുകൾ അവഗണിക്കരുതെന്നും ആവശ്യമായ മുൻകരുതലുകൾ എടുക്കുവാൻ ജനത്തെ ബോധവത്കരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. അതോടൊപ്പം തന്നെ രൂപതയിലെ മുഴുവൻ വൈദികരും വാക്സിനേഷൻ എടുത്തിരിക്കണം എന്ന അഭിവന്ദ്യ പിതാ വിന്റെ നിർദ്ദേശത്തെ യോഗം സ്വാഗതം ചെയ്തു. കോവിഡിന്റെ മൂന്നാം തരംഗം കുട്ടികളിൽ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ തിരുക്കർമ്മങ്ങളിൽ കുട്ടികളുടെ സാന്നിധ്യം ഉണ്ടാ കാതിരിക്കുന്നതാണ് നല്ലതെന്ന് യോഗം വിലയിരുത്തി.

**3. കോശി കമ്മീഷനും നിവേദനങ്ങളും:-**

ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠി ക്കുന്നതിന് നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് പ്രാദേ ശിക പ്രശ്നങ്ങളെ സംബന്ധിച്ചുള്ള നിവേദനങ്ങൾ നല്കുന്നതുമായി ബന്ധ പ്പെട്ടുള്ള വിഷയാവതരണം മോൺ. ജോൺ ഒറവുങ്കര നടത്തി. നമ്മുടെ ഇടവകകൾ കേന്ദ്രീകരിച്ച് വ്യക്തികളും, സ്ഥാപനങ്ങളും, കമ്മറ്റികളും സംഘടനകളും നിവേദനങ്ങൾ സമർപ്പിക്കുന്നത് നല്ലതായിരിക്കും എന്ന അഭിപ്രായം സമിതിയിൽ ചർച്ച ചെയ്തു. നിവേദനങ്ങൾ നല്കുന്നതിനുള്ള ചോദ്യാവലിയും നിവേദനങ്ങൾ തയ്യാറാക്കുന്നതിനുള്ള മാതൃകയും ഇടവകകളിൽ നല്കുമെന്ന് മോൺ. ജോൺ ഒറവുങ്കര അറിയിച്ചു. സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം എന്നീ മൂന്നു മേഖലകളിലെ പിന്നാക്കാവസ്ഥയെ കേന്ദ്രീകരിച്ചുള്ള നിവേദനങ്ങൾ നല്ക ണമെന്ന് യോഗം അഭിപ്രായപ്പെട്ടു. ഇതിനൊരുക്കമായി നമ്മുടെ ഇടവക കളിൽ നടത്തപ്പെട്ട കമ്മ്യൂണിറ്റി സർവ്വേയുടെ റിപ്പോർട്ട് തൃശ്ശൂർ കേന്ദ്രമാ യുള്ള PAROCH നെ ഏല്പിച്ച് സഭാതലത്തിലുള്ള നിവേദനം നല്കുമെന്നും മോൺ. ജോൺ ഒറവുങ്കര അറിയിച്ചു. നമ്മുടെ സമുദായത്തിന്റെ ആവശ്യ ങ്ങൾ നേടിയെടുക്കുന്നതിന് ഈ കമ്മീഷനെ പ്രയോജനപ്പെടുത്തണമെന്ന് യോഗം ആവശ്യപ്പെട്ടു.

**4. രൂപതയിൽ ഇ-ഗവേണൻസ് നടത്തുന്നതിന്റെ ഭാഗമായി കേന്ദ്രീകൃത അക്കൗണ്ടിംഗും വെബ് ഡയറക്ടറിയും തുടങ്ങുന്നത് സംബന്ധിച്ച്:-**

രൂപതയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി മാറ്റുന്ന തിന് ഭാവിയിൽ സ്വീകരിക്കേണ്ട കാര്യങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. രൂപതാ വെബ് ഡിറക്ടറി, കേന്ദ്രീകൃത അക്കൗണ്ടിംഗ്, സർട്ടിഫിക്കറ്റ് വിതര ണം എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പാറോപ്പടി ഇടവകാംഗവും Lutsjoin കമ്പനിയുടെ അംഗങ്ങളുമായ ബിജു കീമറ്റത്തിലും ടീമും യോഗ ത്തിൽ സംസാരിച്ചു. നിലവിലുള്ള Accounts and ആത്മസ്ഥിതി സോഫ്റ്റ് വെയറുകളും കലാനുസൃതമായി നവീകരിച്ച് web applications ആയി പുനഃക്രമീകരിച്ചതായി അവർ യോഗത്തെ അറിയിച്ചു.

രൂപതയുടെ ഇനിയുള്ള പ്രവർത്തനങ്ങൾ ഇപ്രകാരം പരിഷ്കരി ക്കുന്നത് നല്ലതായിരിക്കുമെന്ന് അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. തുടർന്ന് ഇതു സംബന്ധിച്ചു

നടന്ന ചർച്ചയിൽ രൂപതയുടെ ഇ-ഗവേണിംഗ് സംവി ധാനം ഇന്റർനെറ്റ് മിഷനോ, മീഡിയ കമ്മീഷനോ ഏറ്റെടുക്കുന്നത് നന്നായി രിക്കുമെന്നും Lutsjoin എന്ന കമ്പനിയുടെ വെബ് ആപ്പുകളെക്കുറിച്ച് പഠി ക്കുവാൻ റവ. ഫാ. തോമസ് ചിലമ്പിക്കുന്നേൽ, റവ. ഫാ. ഫിലിപ്പ് ചക്കും മൂട്ടിൽ, റവ. ഫാ. ഡൊമിനിക് കുഴിവേലിൽ എന്നിവരെ യോഗം ചുമതല പ്പെടുത്തി. മീഡിയ കമ്മീഷൻ ഡയറക്ടർ റവ. ഫാ. മാത്യു കൊല്ലംപറമ്പി ലിനെ ഇ-ഗവേണിങ്ങിന്റെ ചുമതലയും ഏല്പിച്ചു. തുടർന്ന് മറ്റ് പല രൂപതകളിലും ഉപയോഗിച്ചിട്ടുള്ളതും നമ്മുടെ പല ഇടവകകളിലും, സ്ഥാപനങ്ങളിലും ഉപയോഗിക്കുന്നതുമായ അക്കൗണ്ട് സോഫ്റ്റ്വെയർ എല്ലാ പള്ളികളിലും ഉപയോഗിക്കുന്നത് നല്ലതാണെന്നും, സേവനം മെച്ചപ്പെടു ത്തണമെങ്കിൽ മറ്റ് സോഫ്റ്റ്വെയറുകളെക്കുറിച്ച് ചിന്തിക്കാമെന്നും യോഗ ത്തിൽ ധാരണയായി.

### 5. പബ്ലിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്:-

നമ്മുടെ സഭയെയും സമുദായത്തെയും പൊതുസമൂഹത്തെയും ബാധിക്കുന്ന കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു പബ്ലിക് അഫയേഴ്സ് ഡിപ്പാർട്ടുമെന്റ് രൂപതയിൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടു യോഗം ചർച്ച ചെയ്തു. സർക്കാരിന്റെ ക്ഷേമപദ്ധതികളും, ആനുകൂല്യങ്ങളും, സ്കോളർഷിപ്പുകളും, അറിയിപ്പുകളും തക്കസമയത്ത് നമ്മുടെ ജനത്തിന് എത്തിച്ച് നല്കുവാൻ ഓരോ രൂപതയിലും ഒരു പൊതുകാര്യ കാര്യാലയം ആവശ്യമാണ് എന്ന സീറോ മലബാർ സഭാസിനഡിന്റെ തീരുമാനം നമ്മു ടെ രൂപതയിലും നടപ്പിലാക്കുന്നത് ഉചിതമാണ് യോഗം അഭിപ്രായപ്പെടുക യും അംഗീകരിക്കുകയും ചെയ്തു.

### 6. 12A രജിസ്ട്രേഷൻ:-

നമ്മുടെ എല്ലാ സ്ഥാപനങ്ങളും ഇടവകകളും 12A Registraiton പരിധിയിൽ വരുന്നതാണ്. (2021 ഏപ്രിൽ ഒന്നുമുതൽ 12AB എന്നാണ് അറിയപ്പിടുന്നത്). വരുമാനനികുതി വകുപ്പിന്റെ നിയമമനുസരിച്ച് അഞ്ചു വർഷത്തിലൊരിക്കൽ 12AB പുതുക്കിയിരിക്കണം. നാളിതുവരെ ഒരിക്കൽ രജിസ്ട്രേഷൻ ലഭിച്ചു കഴിഞ്ഞാൽ അത് എന്നന്നേയ്ക്കുമായി ഉപയോഗി ക്കാമായിരുന്നു. എന്നാൽ 2020-ലെ കേന്ദ്ര ബജറ്റിൽ 12A(12AB) രജിസ് ട്രേഷന് സമയപരിധി നിശ്ചയിക്കുകയും അത് വർഷം അവസാനിക്കു ന്നതിന് 6 മാസം മുമ്പ് പുതുക്കിയിരിക്കണം എന്ന് നിയമത്തിൽ ഭേദഗതി വരുത്തുകയും ചെയ്തു. 12A Registraiton നടത്തിയിട്ടില്ലെങ്കിൽ മൊത്തം വരവിൽ ആ വരവിനുള്ള ചിലവ് കിഴിച്ച് ബാക്കി തുകയക്ക് 30 ശതമാനം നികുതി അടയ്ക്കേണ്ടതായി വരും. അതോടൊപ്പം പള്ളിയുടെ എല്ലാ അക്കൗ ണ്ടുകളും പള്ളിയുടെ പാൻകാർഡ് ഉപയോഗിച്ച് നടത്തേണ്ടതാണെന്നും നിയമത്തിൽ ഭേദഗതി വരുത്തി. ഈ വിഷയത്തെക്കുറിച്ച് വൈദിക സമിതി ചർച്ച ചെയ്തു. രൂപതാ വൈസ് ചാൻസലർ ബഹു. തോമസ് ചിലമ്പിക്കു ന്നേലച്ചനെ 12A Registraiton നുമായി ബന്ധപ്പെട്ട കാര്യങ്ങൾ കോർഡിനേറ്റു ചെയ്യുന്നതിനായി നിയമിച്ച കാര്യം അഭിവന്ദ്യ പിതാവ് യോഗത്തെ അറി യിച്ചു. നിലവിൽ 12A Registraiton ഉള്ളതും ഇല്ലാത്തതുമായ എല്ലാ സ്ഥാപനങ്ങളും ഇടവകകളും 2021 ജൂൺ 30 ന് മുമ്പായി രജിസ്റ്റർ ചെയ്യുവാനുള്ള നടപടികൾ ആരംഭിച്ചതായി ബഹു. ചിലമ്പിക്കുന്നേലച്ചൻ യോഗത്തെ അറിയിച്ചു.

### 7. കാനോൻ നിയമം (CIC) 6-ാം അദ്ധ്യായത്തിന്റെ ഭേദഗതി:-

2021 ജൂൺ 1 ന് ലത്തീൻ നിയമസംഹിതയിലെ ആറാം അദ്ധ്യായത്തിൽ വരുത്തിയ ഭേദഗതിയെക്കുറിച്ച് അഭിവന്ദ്യ റെമീജിയോസ് പിതാവ് യോഗത്തെ അറിയിച്ചു. പരി. പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ സൂചിപ്പിച്ചതു പോലെ നീതിയുടെ പുനഃസ്ഥാപനത്തിനും, കുറ്റവാളികളുടെ നവീകരണത്തിനും, ഉതപ്പുകൾക്ക് പരിഹാരമാകുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണ് സഭാനിയമത്തിൽ വരുത്തിയിട്ടുള്ളത്. 2021 ഡിസംബർ മാസത്തിൽ പ്രാബല്യത്തിൽ വരുന്ന നിയമഭേദഗതിയനുസരിച്ച് 6-ാം പ്രമാണത്തിനെതിരായി വൈദികർ ചെയ്യുന്ന കുറ്റകൃത്യങ്ങൾക്ക് വൈദികരെ dismiss ചെയ്യുവാനുള്ള അനുവാദം നല്കുന്നുണ്ട്. ഈ ഭേദഗതി നിയമത്തെക്കുറിച്ച് യോഗം ചർച്ച ചെയ്തു. കൂടുതൽ ഉത്തരവാദിത്വത്തോടെ വൈദികസമൂഹം പൊതുസമൂഹത്തിൽ ഇടപെടേണ്ടതിന്റെ ആവശ്യകത യോഗം ചർച്ച ചെയ്തു.

### 7. ഫ്രാൻസീസ് മാർപ്പാപ്പയുടെ "പുരാതന കാലം" (*ANTIQUM MINIST ERIUM*) എന്ന മോത്തു പ്രോപ്രിയേയെ സംബന്ധിച്ച്:-

മതാദ്ധ്യാപകരെ ഔദ്യോഗികമായി സ്വീകരിച്ച് ഒരു സ്ഥാപനമാക്കി മാറ്റണമെന്ന ഫ്രാൻസീസ് മാർപ്പാപ്പയുടെ ആഹ്വാനം യോഗം ചർച്ച ചെയ് തു. ഈ നിർദ്ദേശം ലത്തീൻ സഭയ്ക്കുവേണ്ടിയുള്ളതാണെന്നും, സീറോ മലബാർ സഭയിലെ സിനഡിന്റെ വിശാലമായ പഠനത്തിനുശേഷം ഇതു മായി ബന്ധപ്പെട്ട കാര്യങ്ങൾ രൂപതയിൽ നടത്തിയാൽ മതിയെന്നും യോഗം അഭിപ്രായപ്പെട്ടു.

### 9. വല്യപ്പച്ചന്മാരുടെയും വല്യമ്മമാരുടെയും ദിനം:-

വി. അന്നയുടെയും വി. ജോവാക്കിമിന്റെയും തിരുനാൾ ദിനമായ ജൂലൈ 25 ന് 'വല്യപ്പച്ചന്മാരുടെയും വല്യമ്മമാരുടെയും ദിനമായി' ആചരി ക്കണമെന്ന ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാനം യോഗം ചർച്ച ചെയ്തു. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വർഷം പ്രത്യേക പരിപാ ടികൾ ഒന്നും വേണ്ട എന്ന് യോഗം വിലയിരുത്തി.

### 10. രൂപതാ അസംബ്ലി:-

രൂപതയുടെ 50-ാം വർഷത്തിന് ഒരുക്കമായി രൂപതയുടെ പ്രവർത്ത നങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനായി രൂപതാ അസംബ്ലി നടത്തുന്നതി നെക്കുറിച്ച് ചിന്തിക്കണമെന്ന് അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. കൂടുതൽ ആലോചനകൾ പിന്നീട് നടത്താമെന്ന് യോഗം അഭിപ്രായപ്പെട്ടു.

### 11. ദീപികയുടെ പ്രചരണവും പരസ്യവരുമാനവും:-

ദീപിക കോഴിക്കോട് യൂണിറ്റിലേക്ക് ഒരു മാസം 22 ലക്ഷം രൂപയുടെ പരസ്യ-സർക്കുലേഷൻ വരുമാനം ആവശ്യമാണെന്നും, ദീപിക എന്ന പത്രമില്ലാതെ ഒരു സമുദായമെന്ന നിലയിൽ നമുക്ക് നിലനില്പ് ഇല്ലെന്നും അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു. ദീപികയുടെ പരസ്യവരുമാനം വർദ്ധിപ്പിക്കുവാനും പരിശ്രമിക്കണമെന്ന് യോഗം വിലയിരുത്തി.

**12. പഞ്ചാബ് മിഷൻ:-**

പഞ്ചാബിലേക്ക് മിഷണിമാരായി പോയ ഫാ. ജോസഫ് കിളിയമ്പറ മ്പിൽ, ഫാ. എബ്രഹാം വള്ളോപ്പിള്ളി എന്നിവരെ യോഗം അനുമോദിച്ചു.

ശൂന്യവേളയിൽ മഴക്കെടുതികൾ നേരിടാൻ സജ്ജരാകേണ്ടതുണ്ട് എന്നും, യേശുനിധി ജൂൺ മാസം മുതൽ കൊടുത്തു തുടങ്ങുമെന്നും വികാരി ജനറാൾ യോഗത്തെ അറിയിച്ചു. ത്രികാലജപത്തോടെ യോഗം അവസാനിച്ചു.

**ഫാ. ജോർജ്ജ് മുണ്ടനാട്ട്**
സെക്രട്ടറി, വൈദികസമിതി



## 2021 ജൂൺ 11ന് അഭിവന്ദ്യ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 27-ാം ചരമവാർഷിക ദിനത്തിലെ വൈദിക സമ്മേളനത്തിൽ (ഓൺലൈൻ) റവ. ഫാ. ജോസഫ് കീലത്ത് നടത്തിയ അനുസ്മരണ പ്രഭാഷണം

അഭിവന്ദ്യ പിതാവേ, പെരിയ ബഹു. ജനറാളച്ചാ, ബഹു വൈദികരേ,

നമ്മുടെ രൂപതയുടെ ആദ്യത്തെ മെത്രാനായിരുന്ന അഭിവന്ദ്യ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് 27 വർഷം തികയുകയാണ്. നന്ദിയോടും സ്നേഹത്തോടും പ്രാർത്ഥനയോടും കൂടി നമുക്ക് പിതാവിനെ അനുസ്മരിക്കാം. നമ്മുടെ രൂപതയും നാമോരോരുത്തരും അദ്ദേഹത്തോട് വളരെയധികം കടപ്പെട്ടിരിക്കുന്നു.

എറണാകുളം അതിരൂപതയിലെ സഹായ മെത്രാനായിരുന്ന അഭിവന്ദ്യ മങ്കുഴിക്കരി പിതാവിനെ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 1986 ഏപ്രിൽ 28 ന് പുതുതായി രൂപംകൊണ്ട താമരശ്ശേരി രൂപതയുടെ ആദ്യത്തെ മെത്രാനായി നിയമിച്ചു. ഉൽപത്തി പുസ്തകത്തിൽ നാം വായിക്കുന്നതുപോലെ ദൈവം അബ്രാഹത്തോട് പറഞ്ഞു: "നിന്റെ ദേശത്തേയും ബന്ധുക്കളെയും പിതൃഭവനത്തേയും വിട്ട് ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്ക് പോവുക" (ഉല്. 12:1).

അബ്രാഹത്തിന് കിട്ടിയ വിളിപോലെയായിരുന്നു പിതാവിന് കിട്ടിയ വിളിയും. ചേർത്തലയ്ക്കടുത്തുള്ള തണ്ണീർമുക്കത്താണ് പിതാവ് ജനിച്ചത്. അവിടെത്തന്നെ

വിദ്യാഭ്യാസം നടത്തി. തുടർന്ന് എറണാകുളം മൈനർ സെമിനാരിയിലും ആലുവ മേജർ സെമിനാരിയിലും പഠനം പൂർത്തിയാക്കി പൗരോഹിത്യം സ്വീകരിച്ചു. അതിനുശേഷം അധികാരികൾ ഉപരിപഠനത്തിനായി അദേഹത്തെ റോമിലേയ്ക്ക് അയയ്ക്കുകയും അവിടെ നിന്നു തത്വശാസ്ത്രത്തിൽ പ്രശസ്തമായ വിധത്തിൽ ഡോക്ടറേറ്റു നേടുകയും ചെയ്തു. 'The Metaphysical vision of Rabindranath Tagore' എന്നായിരുന്നു അദ്ദേഹത്തിന്റെ ഡോക്ടറേറ്റ് വിഷയം.

തിരിച്ചെത്തിയശേഷം 10 വർഷം ആലുവ സെമിനാരിയിൽ തത്വശാസ്ത്രം പഠിപ്പിച്ചു. ലത്തീനിലും ഇംഗ്ലീഷിലും മലയാളത്തിലുമായി, ഗഹനമായ തത്വശാസ്ത്ര വിഷയങ്ങൾ, വളരെ സമർത്ഥമായി പിതാവു കൈകാര്യം ചെയ്തിരുന്നതുകൊണ്ട്, വിദ്യാർത്ഥികൾ വളരെ താല്പര്യപൂർവ്വം, അദേഹത്തിന്റെ ക്ലാസ്സുകൾക്കുവേണ്ടി കാത്തിരുന്നു.

സെമിനാരിയിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ 1970 ൽ എറണാകുളം അതിരൂപതയിൽ സഹായ മെത്രാനായി നിയമിക്കപ്പെട്ടു. സി.ബി.സി.ഐ സമ്മേളനം ആ അവസരത്തിൽ എറണാകുളത്ത് നടന്നിരുന്നതുകൊണ്ട് ഇന്ത്യയിലെ മുഴുവൻ മെത്രാൻമാരും അദേഹത്തിന്റെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി.

താമരശ്ശേരി രൂപതയുടെ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ കുടിയേറ്റക്കാരെപ്പറ്റിയും മലബാറിനെപ്പറ്റിയും കാര്യമായൊരു അറിവ് പിതാവിനുണ്ടായിരുന്നില്ല. കുടിയേറ്റക്കാരിൽ ബഹുഭൂരിപക്ഷവും മീനച്ചിൽ, തൊടുപുഴ താലൂക്കുകളിൽ നിന്ന് വന്നിട്ടുള്ളവരാണ്. സ്വന്തക്കാർ ആരുമില്ലാത്ത തികച്ചും അപരിചിതമായ ഒരു നാട്ടിലേക്കുള്ള ഒരു വിളിയായിരുന്നു പിതാവിന്റേത്. അവ്യക്തമായ ഭാവിയിലേക്കുള്ള ഒരു എടുത്ത ചാട്ടം. ദൈവത്തിന്റെ പദ്ധതികൾ പൂർണ്ണമായി മനസിലായില്ലെങ്കിലും ദൈവകല്പന പൂർണമായി അനുസരിച്ച അബ്രാഹത്തെപ്പോലെ "നിനക്ക് എന്റെ കൃപമതി" എന്ന ദൈവവചനത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് മങ്കുഴിക്കരി പിതാവ് താമരശ്ശേരിയിൽ എത്തി.

എറണാകുളം സിറ്റിയിലെ എല്ലാ സൗകര്യങ്ങളുമുള്ള അരമനയിൽനിന്നും താമരശ്ശേരിയിൽ എത്തിയപ്പോൾ, അദ്ദേഹത്തെ കാത്തിരുന്നത് രണ്ട് മുറികൾ മാത്രമുള്ള രൂപതാഭവനും 8 സെന്റ് സ്ഥലത്ത് നിലകൊള്ളുന്ന ചെറിയ കത്തീഡ്രൽ പള്ളിയുമായിരുന്നു. അതുകൊണ്ടൊന്നും മനസ്സുമടുക്കാതെ പിതാവ് തന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. കോഴിക്കോട് ജില്ലയും മാനന്തവാടി രൂപതയ്ക്ക് വിട്ടുകൊടുത്ത നിലമ്പൂർ ഭാഗം ഒഴികെയുള്ള മലപ്പുറം ജില്ലയുമായിരുന്നു താമരശ്ശേരി രൂപതയുടെ ഭാഗങ്ങൾ. ഒരു ലക്ഷത്തിലധികം കത്തോലിക്കരും 70 വൈദികരും 65 ഇടവകകളും 30 കുരിശുപള്ളികളും 21 ഹൈസ്കൂളുകളും 22 യു.പി. സ്കൂളുകൾ, 21 എൽ.പി. സ്കൂളുകളുമാണ് പുതിയ രൂപതയിൽ ഉണ്ടായിരുന്നത്.

പുതിയ രൂപത എന്ന നിലയിൽ അടിസ്ഥാന സൗകര്യങ്ങൾ പലതും ഉണ്ടാകേണ്ടിയിരുന്നു. അതിലേറ്റവും പ്രധാനപ്പെട്ടത് രൂപതാഭവനമായിരുന്നു. രൂപതയുടെ ആവശ്യങ്ങൾ പിതാവ് ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു. ഇതിനുവേണ്ടി ഒരു വർഷം കൊണ്ട് രൂപതയിലെ എല്ലാ ഇടവകകളും അദ്ദേഹം സന്ദർശിച്ചു. രൂപതയിലെ വൈദി

കരും, സന്യസ്തരും, അല്മായരും ആത്മാർത്ഥമായി സഹകരിച്ചു. ഇങ്ങനെ രൂപീകരിച്ച സഖ്യയും പുറമെ നിന്ന് ലഭിച്ച സഹായവുംകൊണ്ട് രൂപതാഭവന്റെ പണിതീർത്ത് 1989 മെയ് 2 ന് വെഞ്ചരിച്ചു.

തുടർന്ന് മൈനർ സെമിനാരിയുടെ പണി ആരംഭിക്കുകയും 4 നിലകളുള്ള കെട്ടിടം 1992 മെയ് 23 ന് വെഞ്ചരിക്കുകയും ചെയ്തു. ഇതിനിടയിൽ മേരിക്കുന്നിൽ രൂപത പാസ്റ്ററൽ സെന്ററായ പി.എം.ഒ.സി യുടെ പണി പൂർത്തിയാക്കി. ആരംഭം മുതൽ ദൈവജനത്തിലെ എല്ലാ വിഭാഗത്തിലുംപെട്ടവർക്കുവേണ്ടിയുള്ള പരിശീലന പരിപാടികൾ ഇവിടെ ആരംഭിച്ചു.

അനാഥരോടും ആരോരുമില്ലാത്ത മരണാസന്നരോടും അങ്ങേയറ്റം കരുണാർദ്രമായ ഒരു ഹൃദയമായിരുന്നു മങ്കുഴിക്കരി പിതാവിന് ഉണ്ടായിരുന്നത്. അവർക്കുവേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിനടുത്ത് ചേവായൂരിൽ 37 ലക്ഷത്തോളം തുക മുടക്കി കരുണാഭവൻ പടുത്തുയർത്തി. ഈ സ്ഥാപനം രൂപതയ്ക്കു മുഴുവൻ ദൈവാനുഗ്രഹത്തിന്റെ നീർച്ചാൽ ആകുമെന്ന് പിതാവ് ഉറച്ചു വിശ്വസിച്ചിരുന്നു. മരണത്തിന്റെ തലേദിവസം അദ്ദേഹം എന്നെയും കൂട്ടി കരുണാഭവൻ സന്ദർശിക്കുകയും അന്തേവാസികളെ കാണുകയും അവരോടൊത്ത് തന്റെ ജീവിതത്തിലെ അന്ത്യത്താഴം കഴിക്കുകയും ചെയ്തു.

തലശ്ശേരി രൂപതയിൽ നിന്നും കിട്ടിയ പത്രമേനികൊണ്ട് കോഴിക്കോട് സിറ്റിയിൽ മാവൂർ റോഡിൽ 22 സെന്റ് സ്ഥലം വാങ്ങിക്കുകയും അവിടെ 7 നിലകൾക്കുള്ള അടിത്തറ ഇട്ടു. രണ്ട് നിലകൾ പൂർത്തിയാക്കിയ ഷേപ്പിംഗ് കോംപ്ലക്സ് രൂപതയ്ക്ക് സ്ഥിരമായൊരു വരുമാനമാർഗ്ഗമാണ്.

രൂപതയ്ക്ക് താമരശ്ശേരിയിൽ ഒരു കത്തീഡ്രൽ പള്ളിയ്ക്കുവേണ്ടി ദേശീയപാതയോടു ചേർന്ന് ടൗണിൽ ഒന്നേകാൽ ഏക്കർ സ്ഥലം വാങ്ങിച്ചിടാനും പിതാവ് മറന്നില്ല. അദ്ദേഹത്തിന്റെ പിൻഗാമി അഭിവന്ദ്യ മാർ ചിറ്റലപ്പിള്ളി പിതാവ് അതിന്റെ പണി നടത്തി. 1999 ഡിസംബർ 31 ന് മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവാണ് അത് വെഞ്ചരിച്ചത്. അന്നത്തെ സമ്മേളനത്തിന്റെ ഉദ്ഘാടനകൻ മേഘാലയ ഗവർണർ ശ്രീ. എം.എം. ജേക്കബ് ആയിരുന്നു.

താമരശ്ശേരിയിലെ അക്രൈസ്തവരുടെകൂടി പ്രത്യേക താല്പര്യപ്രകാരമാണ് അൽഫോൻസ ഇംഗ്ലീഷ്മീഡിയം സ്കൂൾ പിതാവ് ആരംഭിച്ചത്. മറ്റ് മതസ്ഥരോട് വളരെ നല്ല ബന്ധം അദ്ദേഹം പുലർത്തിയിരുന്നു. അതുകൊണ്ടായിരിക്കാം ആരും ആവശ്യപ്പെടാതെതന്നെ, പിതാവിന്റെ കബറിടക്കദിവസമായ ജൂൺ 13 ന് തിങ്കളാഴ്ച താമരശ്ശേരി ടൗൺ ഹർത്താൽ ആചരിച്ചത്.


താമരശ്ശേരി രൂപതയുടെ അതിർത്തിയായി വരുന്ന കോഴിക്കോട് പട്ടണത്തിൽ 2000 ത്തിലധികം സുറിയാനി കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് മനസിലാക്കിയ പിതാവ് അന്നുണ്ടായിരുന്ന അമലാപുരി, ദേവഗിരി, മേരിക്കുന്ന് പള്ളികൾക്കുപുറമെ പാറോപ്പടി, അശോകപുരം, മാങ്കാവ് തുടങ്ങിയ മേഖലകളിൽ സ്ഥലമെടുത്ത് പള്ളികൾ പണിയാൻ ക്രമീകരണങ്ങൾ ചെയ്തു.

ജോലിയിൽ നിന്ന് വിരമിക്കുന്ന വൈദികർക്കു വിശ്രമജീവിതം നയിക്കാനായി കെട്ടിടം ഉണ്ടാക്കാൻ കോഴിക്കോട് പി.എം.ഒ.സി യുടെ അടുത്ത് 40 സെന്റ് സ്ഥലവും വാങ്ങി. കെട്ടിടത്തിന്റെ തറക്കല്ലിടീൽ കർമ്മം നടത്താൻ നിശ്ചയിച്ചിരുന്ന ജൂൺ 16 ന് 5 ദിവസം മുമ്പ് നിത്യവിശ്രമത്തിന്റെ ഭവനത്തിലേക്ക് പിതാവ് യാത്രയായി.

1994 പിതാവിന്റെ വൈദികാഭിഷേക ജൂബിലി വർഷമായിരുന്നു. ജൂബിലി വർഷത്തിന്റെ ആരംഭം കുറിച്ചത് രൂപതയിലെ മുഴുവൻ വൈദികരോടൊത്ത് നടത്തിയ സമൂഹബലിയോടും, വൈദികരുമൊത്ത് ഊട്ടി, കോട്ടഗിരി ഭാഗത്തേക്ക് 2 ദിവസം ദീർഘിച്ച വിനോദയാത്രയോടുംകൂടിയായിരുന്നു. ജൂബിലി വർഷത്തിൽ രൂപതയിലെ എല്ലാ ഇടവകകളും സന്ദർശിക്കാൻ പിതാവ് പ്ലാൻ ചെയ്യുകയുണ്ടായി. വൈദിക കൂട്ടായ്മയും തന്റെ ജനത്തിന്റെ ജീവിത വിശുദ്ധീകരണവുമാണ് ജൂബിലി സമ്മാനമായി അദ്ദേഹം ആഗ്രഹിച്ചത്. മറ്റു ആഘോഷ പരിപാടികളൊന്നും പാടില്ലായെന്ന് പിതാവ് നിർബന്ധം പിടിച്ചു.

ലാളിത്യം ജീവിതവ്രതമായി സ്വീകരിച്ച മങ്കുഴിക്കരി പിതാവ്, സ്വന്തം സുഖസൗകര്യങ്ങൾ ഒരിക്കലും അന്വേഷിച്ചിട്ടില്ല. വസ്ത്രധാരണത്തിലും പെരുമാറ്റത്തിലും ലാളിത്യം മുഖമുദ്രയായിരുന്നു. തന്നെ കേന്ദ്രീകരിച്ചുള്ള ഒരു ആഘോഷവും അദ്ദേഹം അനുവദിച്ചിരുന്നില്ല. സഭയുടെ പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി രൂപതയ്ക്ക് പുറത്ത് യാത്ര ചെയ്യേണ്ടി വന്നപ്പോഴെല്ലാം പൊതുയാത്രാ സൗകര്യങ്ങളാണ് അദ്ദേഹം ഉപയോഗിച്ചുപോന്നത്.

അഭിവന്ദ്യ മങ്കുഴിക്കരി പിതാവ് തന്റെ ജീവിതത്തിൽ ഉയർത്തിപിടിച്ച ആദർശങ്ങളും മൂല്യങ്ങളും നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ നമുക്കും പരിശ്രമിക്കാം. അതായിരിക്കും നമുക്ക് അദ്ദേഹത്തിന് നൽകാൻ പറ്റുന്ന ഏറ്റവും വലിയ ആദരവ്.



*St. Joseph, Pray for us*

# സെമിനാരി വാർത്തകൾ

## വൈദിക വസ്ത്ര സ്വീകരണം

മെയ് മാസം 2-ാം തീയതി രൂപതാ മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്നും 7 വൈദിക വിദ്യാർത്ഥികൾ വൈദിക വസ്ത്രം സ്വീകരിച്ചു.

1. ബ്ര. ഇമ്മാനുവൽ കുറൂർ (മനു), ചെമ്പുകടവ്
2. ബ്ര. കുര്യൻ വെളിയത്ത് (അജിത്ത്), കരിയാത്തുംപാറ
3. ബ്ര. ജിയോ കടുകൻമാക്കൽ (ജിയോ), കല്ലാനോട്
4. ബ്ര. മാത്യു പരക്കൽ (ബിനു), വെറ്റിലപ്പാറ
5. ബ്ര. ജേക്കബ് തിട്ടയിൽ (റിനു), കരിയാത്തുംപാറ
6. ബ്ര. മൈക്കിൾ നീലംപറമ്പിൽ (ആഷിൻ), കണ്ണോത്ത്
7. ബ്ര. ജോസഫ് പന്തപ്ലാക്കൽ (അമൽ), പൂഴിത്തോട്

## ഒന്നാം വർഷ തത്വശാസ്ത്ര, ദൈവശാസ്ത്ര വിദ്യാർത്ഥികൾ

വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്ര പഠനത്തിനായി 6 വൈദിക വിദ്യാർത്ഥികളും ദൈവശാസ്ത്രപഠനത്തിനായി 7 വൈദിക വിദ്യാർത്ഥികളുമാണ് പോകുന്നത്.

### ഗുഡ്ഷെപ്പേഡ് മേജർ സെമിനാരി കുന്നോത്ത്

#### ഫിലോസഫി

1. ബ്ര. ജോസഫ് മണിയമ്പ്രയിൽ (അഖിൽ), കോനൂർക്കണ്ടി
2. ബ്ര. മാനുവൽ പുളിമൂട്ടിൽ (ആൽഫിൻ), കോടഞ്ചേരി

#### തിയോളജി

1. ബ്ര. ഇമ്മാനുവൽ കുറൂർ (മനു), ചെമ്പുകടവ്
2. ബ്ര. ജോസഫ് പന്തപ്ലാക്കൽ (അമൽ), പൂഴിത്തോട്

### സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, മംഗലപ്പുഴ

#### ഫിലോസഫി

1. ബ്ര. മാത്യു കൊല്ലേരിത്താഴത്ത് (വിപിൻ), വെറ്റിലപ്പാറ
2. ബ്ര. തോമസ് ഇലവനാൽ, പാറോപ്പടി

### തിയോളജി

1. ബ്ര. മാത്യു തിട്ടയിൽ (റിനു), കരിയാത്തുംപാറ
2. ബ്ര. ജിയോ കടുകൻമാക്കൽ, കല്ലാനോട്

### സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ

### ഫിലോസഫി

1. ബ്ര. ഫിലിപ്സ് തൂനാട്ട്, കൂരാച്ചുണ്ട്
2. ബ്ര. ജോൺ പ്ലാപറമ്പിൽ, മാലാപറമ്പ്

### തിയോളജി

1. ബ്ര. കുര്യൻ വെളിയത്ത് (അജിത്ത്), കരിയാത്തുംപാറ
2. ബ്ര. മൈക്കിൾ നീലംപറമ്പിൽ (ആഷിൻ), കണ്ണോത്ത്

### ഡിഗ്രിപഠനം

ബ്ര. വർഗ്ഗീസ് പൈനുമ്പ്രാ (ഡെന്നി), മരിയാപുരം

### ബെഞ്ചമിൻസ്, മൈനർസെമിനാരി

രൂപതാ മൈനർ സെമിനാരിയിലേക്ക് ഈ വർഷം 10 പേരാണ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. വൈദീക പരിശീലനത്തിന്റെ ആദ്യപടവുകൾ ചവിട്ടിത്തുടങ്ങിയിരിക്കുന്ന കുഞ്ഞു സഹോദരങ്ങൾക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. ഒന്നാം വർഷ വൈദിക പരിശീലനം ആരംഭിച്ചിരിക്കുന്ന വൈദികവിദ്യാർത്ഥികളുടെ പേരും ഇടവകയും:-

1. ബ്ര. ചെമ്പന്നൂർ ഡാനിയേൽ, കൂടത്തായ്
2. ബ്ര. ചൂരനോലിക്കൽ ജോസഫ് (ബിജീഷ്), കോടഞ്ചേരി
3. ബ്ര. കല്ലമ്മാക്കൽ ആന്റണി (അരുൺ), പുല്ലൂരാംപാറ
4. ബ്ര. കുളമാലിയിൽ മാത്യൂസ് (ആൽഫ്രഡ്), പുല്ലൂരാംപാറ
5. ബ്ര. മണ്ഡപത്തിൽ ആൽബർട്ട് (സിറിൽ), തിരുവമ്പാടി
6. ബ്ര. മോളത്ത് ആന്റണി, നൂറാംതോട്
7. ബ്ര. പ്ലാത്തോട്ടത്തിൽ സെബാസ്റ്റ്യൻ (എഡ്വിൻ), കൂരാച്ചുണ്ട്
8. ബ്ര. തകരപ്പുള്ളിൽ ജോസഫ് (അബിൻസ്), വയലട
9. ബ്ര. തോട്ടുപുറത്ത് ഫ്രാൻസിസ് (അബിൻ), വെണ്ടേക്കുംപൊയിൽ
10. ബ്ര.  വലിയപറമ്പിൽ യോഹന്നാൻ (ജെയ്സ്), കോട്ടക്കൽ

### അധ്യയന വർഷം ഉദ്ഘാടനം

2021-2022 അധ്യയന വർഷത്തിന്റെ ഔപചാരികമായ ഉദ്ഘാടനം, ജൂൺ 14-ാം തീയതി മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ട മീറ്റിംഗിൽ വച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവ്വഹിച്ചു. രൂപതയുടെ വികാരി ജനറാൾ, മോൺ. ജോൺ ഒറവുങ്കര അനുഗ്രഹപ്രഭാഷണം നടത്തി. പ്രസ്തുത ചടങ്ങിൽ റവ.

ഡോ. മാത്യു കുളത്തിങ്കൽ, ഫ്രാൻസീസ് മാർപാപ്പയുടെ പുതിയ അപ്പസ്തോലിക ലേഖനമായ പാത്രീസ് കോർദേയെ അടിസ്ഥാനപ്പെടുത്തി സ്കോളോ ബ്രേവിസ് നടത്തി. സെമിനാരി റെക്ടർ വെരി. റവ. ഫാ. ജേക്കബ് അരീത്തറ ഏവർക്കും സ്വാഗതം ആശംസിക്കുകയും, വൈസ് റെക്ടർ റവ. ഫാ. ചെറിയാൻ പൊങ്ങൻപാറ ഏവർക്കും കൃതജ്ഞതയർപ്പിക്കുകയും ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ വച്ച് സെമിനാരിയുടെ ലോഗോയുടെ പ്രകാശനം അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവ്വഹിച്ചു. കക്കയം സ്വദേശി സാൻജോ സണ്ണിയാണ് ലോഗോ രൂപകൽപന ചെയ്തത്.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# വിശ്വാസപരിശീലനം

സുവിശേഷം ജീവിക്കാനും സുവിശേഷത്തിനു സാക്ഷിയാകാനും നമ്മെ പ്രചോദിപ്പിക്കുന്ന നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ആഘോഷിക്കുന്ന ജൂലൈ മാസത്തിൽ, ലഭിച്ച വിശ്വാസം കൈമാറാനും ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനും നമുക്ക് തീരുമാനിക്കാം. ഈശോയോടുള്ള സ്നേഹമാണ് കഷ്ടപ്പെടാനും മരണം വരിക്കാനും അദ്ദേഹത്തിന് പ്രചോദനമായത്. ഈശോയെ ആഴമായി സ്നേഹിക്കുന്നതാണ് യഥാർത്ഥ വിശ്വാസജീവിതം. സ്നേഹത്തിലുള്ള വളർച്ചയാണ് വിശ്വാസ വളർച്ച. സ്നേഹത്തിൽ വളർന്നില്ലെങ്കിൽ വിശുദ്ധിയിലും നന്മയിലും വളരാനാകില്ല. എല്ലാവർക്കും ദുക്റാനത്തിരുനാൾ മംഗളങ്ങൾ.

### ഹെഡ്മാസ്റ്റേഴ്സ് ഗൂഗിൾ മീറ്റ്

2021 മാർച്ച് 24 തിങ്കൾ എല്ലാ പ്രധാനാധ്യാപകരുടെയും ഗൂഗിൾ മീറ്റ് നടന്നു. അഭിവന്ദ്യ പിതാവും ബഹു. ജനറാളച്ചനും പ്രധാനാധ്യാപകരെ അഭിസംബോധന ചെയ്തു. 2021-22-ലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളെക്കുറിച്ച് തീരുമാനം എടുക്കുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.

### Enlighten Me (മതാദ്ധ്യാപക ധ്യാനം)

താമരശ്ശേരി രൂപതയിലെ വിശ്വാസപരിശീലകർക്കായുള്ള ഓൺലൈൻ ധ്യാനം ജൂൺ 1, 2, 3 തിയ്യതികളിൽ നടന്നു. റവ. ഫാ. ബെന്നി മുണ്ടനാട്ട് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

### പ്രവർത്തനവർഷ ഒരുക്ക ദിവ്യകാരുണ്യ ആരാധന

2021-2022 വിശ്വാസപരിശീലന വർഷം ആരംഭിക്കുന്നതിന്റെ ഒരുക്കമായി ജൂൺ

04 വെള്ളി ദിവ്യകാരുണ്യ ആരാധന നടത്തി, ഈ വർഷത്തെ എല്ലാ പ്രവർത്തനങ്ങളും ദിവ്യകാരുണ്യ ഈശോയ്ക്ക് സമർപ്പിച്ച് പ്രത്യേക ശുശ്രൂഷകൾ നടത്തി.

### മതബോധനവർഷ ഉദ്ഘാടനം

2021-2022 വർഷത്തെ വിശ്വാസപരിശീലന വർഷ ഉദ്ഘാടനം ജൂൺ 05 ശനി രാവിലെ 10.00 മണിക്ക് കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്നു. അഭിവന്ദ്യ മാർ റെമീജി യോസ് പിതാവിന്റെ ദിവ്യബലിയോടുകൂടി ആരംഭിച്ച ശുശ്രൂഷയിൽ പിതാവ് വിശ്വാസ ജീവിതത്തെ ശക്തിപ്പെടുത്തുന്ന സന്ദേശം നൽകി. വി. കുർബാനക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യപിതാവ് തിരിതെളിച്ച് ഈ വർഷത്തെ വിശ്വാസപരി ശീലന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിക്കുകയും പരി. കന്യാ കാമറിയത്തിന്റെ വിമലഹൃദയപ്രതിഷ്ഠ നടത്തുകയും ചെയ്തു. മതബോധനഡയറ ക്ടർ റവ. ഫാ. ജോൺ പള്ളിക്കാവയലിൽ എല്ലാവരെയും സ്വാഗതം ചെയ്ത സമ്മേള നത്തിൽ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര പ്രവർത്തനവർഷത്തിന് ആവ ശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. രൂപതാ പ്രസിഡന്റ് ബാബു ചെട്ടിപ്പറമ്പിൽ, രൂപതാ സെക്രട്ടറി സെബാസ്റ്റ്യൻ കൈതാരത്ത്, കുട്ടികളുടെയും അധ്യാപകരുടെയും പ്രതിനി ധികൾ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. വിശ്വാസപരിശീലന അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ചാക്കോ കോതാനിക്കൽ എല്ലാവർക്കും നന്ദി പറഞ്ഞു.

### ക്ലാസുകൾ ആരംഭിച്ചു

2021 ജൂൺ 06 ഞായറാഴ്ച സീറോ മലബാർ കമ്മീഷൻ ചെയർമാൻ ആർച്ച് ബിഷപ്പ് ജോർജ് ഞരളക്കാട്ട് പിതാവിന്റെ ഓറിയന്റേഷൻ ക്ലാസ്സോടെ വിശ്വാസപരിശീലന ക്ലാസു കൾ ആരംഭിച്ചു. ജൂൺ 13 ഞായറാഴ്ചയാണ് ഓൺലൈൻ ക്ലാസുകളുടെ ലിങ്കുകൾ കുട്ടി കൾക്ക് നൽകി ഔദ്യോഗികമായി ക്ലാസുകൾ ആരംഭിച്ചത്. ഓരോ പാഠഭാഗത്തിന്റെയും പാർട്ട് -1 ന്റെ കൂടെ അധ്യാപകർ നൽകുന്ന പ്രവർത്തനങ്ങളും പാർട്ട്-2 ന്റെ കൂടെ രൂപത യിൽ നിന്ന് നൽകുന്ന പ്രവർത്തനങ്ങളും ഉൾച്ചേർത്തിരിക്കുന്നു.

## Dear Jesus

മതബോധന വിദ്യാർത്ഥികളുടെ വിവിധ ഗ്രൂപ്പുകൾ തിരിച്ചുള്ള ഓൺലൈൻ പരി ശുദ്ധാത്മ അഭിഷേക ധ്യാനം നടത്തി.

ജൂൺ 11, 12, 13 - ബൈബിൾ നേഴ്സറി, 1, 2, 3 ക്ലാസുകൾ

ജൂൺ 18, 19, 20 - 4, 5, 6 ക്ലാസുകൾ

ജൂൺ 25, 26, 27 - 7, 8, 9 ക്ലാസുകൾ

ജൂൺ 28, 29, 30 - 10, 11, 12 ക്ലാസുകൾ

സി. ജസ്റ്റീന ഷാജൻ MSMI, സി. ലിനി ടോം MSMI, സി. ലിനി ലോപ്പസ് MSMI, ടോമി പെരുവിലങ്ങാട്, റവ. ഫാ. ലിൻസ് മുണ്ടക്കൽ എന്നിവർ ധ്യാനങ്ങൾക്ക് നേതൃത്വം നൽകി.

### ആമുഖ സെമിനാർ

2020–2021 വർഷത്തിൽ പുതുതായി വിശ്വാസപരിശീലനത്തിലേക്കു കടന്നുവന്ന അധ്യാപകർക്കുള്ള ആമുഖസെമിനാർ സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നേതൃത്വത്തിൽ ഈ വർഷം ക്രമീകരിച്ചിരുന്നു. താമരശ്ശേരി രൂപതയിൽ നിന്ന് ഏക ദേശം 195 അധ്യാപകരാണ് സെമിനാറിൽ പങ്കെടുക്കുന്നത്. 18 ക്ലാസുകൾ അടങ്ങിയ ഈ സെമിനാറിന് ക്ലാസുകൾ നയിക്കുന്നത് സീറോമലബാർ സഭയിലെ പ്രമുഖരായ ദൈവശാസ്ത്രജ്ഞൻമാരാണ്.

### പുസ്തകവിതരണം

2021 ജൂൺ 10 മുതൽ പുസ്തക വിതരണം ആരംഭിച്ചു.

### HCC യൂണിവേഴ്സിറ്റി ഫോമുകൾ

ഫോമുകൾ പൂരിപ്പിച്ച് ജൂലൈ 12–നുള്ളിൽത്തന്നെ മതബോധന ഓഫീസിൽ എത്തിക്കാൻ പരിശ്രമിക്കുക.

### മാർ മങ്കുഴിക്കരി അനുസ്മരണം

താമരശ്ശേരി രൂപതാ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 27–ാം ചരമവാർഷിക ദിനത്തിൽ അഭിവന്ദ്യ പിതാവ് ദിവ്യബലിയർപ്പിക്കുകയും അനു സ്മരണ പ്രാർത്ഥന നടത്തുകയും ചെയ്തു. കാറ്റക്കിസം യുട്യൂബ് ചാനൽവഴി പ്രോഗ്രാം ലൈവായി സംപ്രേക്ഷണം ചെയ്തു.

| | |
|---|---|
| **ഫാ. ചാക്കോ കോതാനിക്കൽ** | **ഫാ. ജോൺ പള്ളിക്കാവയലിൽ** |
| അസി. ഡയറക്ടർ | ഡയറക്ടർ |

## ചെറുപുഷ്പ മിഷൻലീഗ്

### ചെറുപുഷ്പ മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലി വർഷം

താമരശ്ശേരി രൂപതാ ചെറുപുഷ്പ മിഷൻ ലീഗിന്റെ 2021 2022 പ്രവർത്തനവ ർഷ ഉദ്ഘാടനവും, മാനേജിങ് കമ്മിറ്റിയും, മാർഗ്ഗരേഖ പ്രകാശനവും ജൂൺ 1 ന് ഓ ൺലൈൻ പ്ലാറ്റ്ഫോമിൽ വെച്ച് അഭിവന്ദ്യ റെമീജി യോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു. 2021 ഒക്ടോബർ 3 ന് പ്ലാറ്റിനം ജൂബിലിയിലേക്ക് പ്രവേശിക്കുന്ന ചെറുപു ഷ്പ മിഷൻ ലീഗിന്റെ 75 ദിന പ്രോഗ്രാമുകൾക്ക് ജൂലൈ 18 ന് കൗണ്ട് ഡൗൺ ആരംഭി ക്കുന്നതാണ്. ഓൺലൈൻ പ്രോഗ്രാമുകൾ നടക്കുന്ന ഒക്ടോബർ വരെയുള്ള മാർഗരേഖ പ്രകാശനമാണ് ഇപ്പോൾ നടത്തിയിരിക്കുന്നത്. ലോക്ക് ഡൗൺ ഘട്ടംഘട്ടമായി പിൻ വലിക്കുന്ന സാഹചര്യത്തിൽ പ്ലാറ്റിനം ജൂബിലിയുടെ മറ്റു പരിപാടികൾ നടത്തുന്ന തായിരിക്കും.

## ജൂലൈ മാസ പ്രോഗ്രാം

### 'നമുക്കും അവനോടൊപ്പം പോയി മരിക്കാം'

| | |
|---|---|
| 3 ശനി | ദുക്റാന തിരുനാൾ, മാർത്തോമാ ശ്ലീഹായെക്കുറിച്ച് വീഡിയോ. |
| 4 ഞായർ | എയ്ഞ്ചൽസ് മീറ്റ് ഓൺ 21, അംഗത്വ സ്വീകരണം, കോവിഡ് പ്രതിരോധ പ്രാർത്ഥനായജ്ഞം - സങ്കീ. 13:16. |
| 6 ചൊവ്വ | മേഖല ഡയറക്ടേഴ്സ് മീറ്റ്, വി. മരിയാ ഗൊരേത്തിയുടെ തിരുനാൾ. |
| 7 ബുധൻ | മേഖലാ വൈസ് ഡയറക്ടേഴ്സ് മീറ്റ് |
| 11 ഞായർ | കോവിഡ് പ്രതിരോധ പ്രാർത്ഥനായജ്ഞം - സങ്കീ.18:16. |
| 12 തിങ്കൾ | പ്ലാറ്റിനം ജൂബിലി എംബ്ലം നിർമ്മാണ മത്സരം അവസാന തീയതി |
| 14 ബുധൻ | റിസോഴ്സ് ടീം മീറ്റ്. |
| 16 വെള്ളി | പരിശുദ്ധ കർമ്മല മാതാവിന്റെ തിരുനാൾ, കർമ്മലാംബിക സംഗീതമത്സരം. |
| 17 ശനി | രൂപതാ എക്സിക്യൂട്ടീവ്. |
| 18 ഞായർ | പ്ലാറ്റിനം ജൂബിലി കൗണ്ട് ഡൗൺ ആരംഭം, 75 ദിന പരിപാടികൾ PDF ൽ നല്കുന്നു, covid പ്രതിരോധ പ്രാർത്ഥനായജ്ഞം - സങ്കീ. 23:16. |
| 20 ചൊവ്വ | വെബിനാർ 'പ്രേഷിതാരാമം' |
| 25 ഞായർ | കോവിഡ് പ്രതിരോധ പ്രാർത്ഥനായജ്ഞം - സങ്കീ. 23:1-6 |
| 26 തിങ്കൾ | അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ ജന്മദിനം<br>മാർ തോമസ് തറയിൽ ദിനാചരണം. |
| 28 ബുധൻ | വി. അൽഫോൻസാമ്മയുടെ തിരുനാൾ. |
| 31 ശനി | വി. ഇഗ്നേഷ്യസ് ലയോള. |

### 'വളരാൻ വളർത്താൻ'

- പ്രയർസെൽ ചേർന്ന് രാഷ്ട്രതലവന്മാർക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു.
- നവപ്രേഷിത സംഗമം (ഏയ്ഞ്ചൽസ് മീറ്റ്)
- വിശുദ്ധരെ അറിയാം - വി. മരിയാ ഗൊരേത്തി

### പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചുള്ള മറ്റ് പ്രവർത്തനങ്ങൾ

#### ശാഖാ തലം

ദുക്റാന തിരുനാൾ പ്രത്യേക മീറ്റിംഗുകൾ സംഘടിപ്പിക്കുക
പുതിയ അംഗങ്ങളുടെ പേര് വിവരം രൂപതയിൽ എത്തിക്കുക.
അൽഫോൻസാ നാമധാരികളെ ആദരിക്കുക.
മാർ തോമസ് തറയിൽ ദിനാചരണം.

### മേഖലാ തലം

മേഖലാ കൗൺസിൽ മീറ്റിംഗ്.

മേഖലാ റിസോഴ്സ് ടീം – വെബിനാർ

മാർ തോമസ് തറയിൽ ദിനാചരണം

### രൂപതാതലം

ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് സംഗമങ്ങൾ.

രൂപതാ മാനേജിംഗ് കമ്മിറ്റി – പ്ലാറ്റിനം ജൂബിലി ചർച്ച

പ്ലാറ്റിനം ജൂബിലി ഒരുക്ക് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.

മാർ തോമസ് തറയിൽ ദിനാചരണം

### പ്ലാറ്റിനം ജൂബിലി എംബ്ലം നിർമ്മാണ മത്സരം

ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലി വർഷം സമാഗതമാവുകയാണല്ലോ. ജൂബിലിയോടാനുബന്ധിച്ച് ഒരു എംബ്ലം നിർമ്മാണ മത്സരം സംസ്ഥാന തലത്തിൽ നടത്തുകയാണ്.

**മത്സര നിബന്ധനകൾ :**

1. എംബ്ളത്തിന്റെ വലിപ്പം 10 cm × 10 cm ഉള്ള സമചതുരത്തിലോ, 10 വ്യാസമുള്ള വൃത്ത ആകൃതിയിലോ ആകാം.
2. താഴെ പറയുന്നവ നിർബന്ധമായും എംബ്ലത്തിൽ ഉൾപ്പെടുത്തണം.
   a) Cherupushpa Mission League
   b) ‘75’
   c) Platinum Jubilee
   d) പഠന വിഷയം – ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്
   e) പതാകയിലെ ചുവപ്പും മഞ്ഞയും നിറങ്ങൾ
3. മിഷൻ ലീഗിന്റെ മധ്യസ്ഥരുടെ ചിത്രങ്ങൾ ഉൾകൊള്ളിക്കേണ്ടതില്ല.
4. എംബ്ലം ഡിജിറ്റൽ ഫോർമാറ്റിൽ ആണ് തയ്യാറാക്കേണ്ടത്. വരച്ച് അയക്കുന്ന എൻട്രികൾ മത്സരത്തിൽ പരിഗണിക്കുന്നതല്ല.
5. എല്ലാ എൻട്രികളും ജൂലൈ 12 ന് മുൻപ് രൂപത സമിതിയിൽ സമർപ്പിക്കേണ്ടതാണ്.

   എല്ലാ രൂപതകളും ലഭിക്കുന്ന എൻട്രികളിൽ ഏറ്റവും മികച്ച 2 എണ്ണം തിരഞ്ഞെടുത്തു സംസ്ഥാന സമിതിയെ ഏൽപ്പിക്കണം.

   സംസ്ഥാനതലത്തിൽ ഏറ്റവും മികച്ച മൂന്ന് എംബ്ലത്തിന് ക്യാഷ് അവാർഡ് നൽകുന്നതാണ്.

### ‘എയ്ഞ്ചൽസ് മീറ്റ് ഓൺ 21’

താമരശ്ശേരി രൂപതാ ചെറുപുഷ്പ മിഷൻ ലീഗും വിശ്വാസ പരിശീലന കേന്ദ്രവും സംയുക്തമായി സംഘടിപ്പിക്കുന്ന ‘എയ്ഞ്ചൽസ് മീറ്റ് ഓൺ 21’ ജൂലൈ നാലാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണി മുതൽ നാലര വരെയുള്ള സമയത്ത് നടക്കുന്നു. ഇക്കഴിഞ്ഞ വർഷം ആദ്യകുർബാന സ്വീകരണം നടത്തിയ കുഞ്ഞുങ്ങളുടെ ഓൺലൈൻ സംഗമമാണിത്.

### വൈസ് ഡയറക്ടേഴ്സ് സംഗമം

ജൂൺ 8 ചൊവ്വാഴ്ച ശാഖകളിലെ വൈസ് ഡയറക്ടേഴ്സ് സംഗമത്തിൽ മലബാർ റീജിയണൽ ഓർഗനൈസർ ശ്രീ. ബേബി പ്ലാശ്ശേരി ക്ലാസ് എടുത്തു.

### സുരക്ഷിത്

ജൂൺ 13 ഞായറാഴ്ച ചെറുപുഷ്പ മിഷൻലീഗും മാതൃവേദിയും സംയുക്തമായി സംഘടിപ്പിച്ച' സൈബർ നിയമങ്ങളും സാമൂഹ്യമാധ്യമങ്ങളും എന്ന വിഷയത്തെ സംബന്ധിച്ച് വെബിനാറിൽ മാനന്തവാടി രൂപതാ പബ്ലിക് അഫയേഴ്സ് ആൻഡ് വിജിലൻസ് കമ്മീഷൻ സെക്രട്ടറി അഡ്വ. ജിജിൽ ജോസഫ് ക്ലാസ് നയിച്ചു.

### മിഷൻ മെഗാ ക്വിസ് പ്രതിഭ

'മിഷനെ അറിയാം, മിഷനറിയാകാം, മിഷൻലീഗിലൂടെ' എന്ന പഠന വിഷയത്തെ ആസ്പദമാക്കി ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി രൂപത നടത്തിയ മിഷൻ മെഗാ ക്വിസ്മത്സരത്തിൽ മെഗാ ക്വിസ് പ്രതിഭയായി കൂമൻകുളം ഇടവകാംഗമായ അഞ്ജു രാജു പ്ലാമൂട്ടിൽ തെരഞ്ഞെടുക്കപ്പെട്ടു.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

## തിരുബാലസഖ്യം

താമരശ്ശേരി രൂപതാ തിരുബാലസഖ്യത്തിന്റെ 2021-2022 പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗരേഖ പ്രകാശനവും, ജൂൺ 5 ന് ശനിയാഴ്ച മതബോധന വർഷാരംഭത്തോടനുബന്ധിച്ച്, താമരശ്ശേരി മേരിമാതാ കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് അഭിവന്ദ്യ പിതാവ് നിർവഹിച്ചു. ഇടവകയിലെ തിരുബാലസഖ്യം ആനിമേറ്ററിന്റെ നേതൃത്വത്തിൽ, ബൈബിൾനഴ്സറി ക്ലാസ്സ് മുതൽ നാലാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള സുകൃതാഭ്യാസ പരിശീലന പരിപാടികൾ ഓരോ മാസവും നൽകത്തക്ക വിധമാണ്, മാർഗ്ഗരേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

### ജൂലൈ മാസത്തിലെ പ്രോഗ്രാമുകൾ

| | | |
|---|---|---|
| പരിചയപ്പെടുന്ന വിശുദ്ധർ | : | വി. മരിയഗൊരേത്തി, വി. അൽഫോൺസാമ്മ |
| പ്രാർത്ഥനാ നിയോഗം | : | രോഗികൾക്കുവേണ്ടി |
| സുകൃതജപം | : | "എന്റെ കർത്താവേ എന്റെ ദൈവമേ" |
| വചനം | : | വഴിയും സത്യവും ജീവനും ഞാനാകുന്നു. (യോഹ 14:6 ) |

| | | |
|---|---|---|
| 3 ശനി | : | വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ |
| 4 ഞായർ | : | ലൂക്കാ 13:22–30, 1 കോറി. 16:1–14 |
| 6 ചൊവ്വ | : | വി. മരിയാഗൊരേത്തിയുടെ തിരുനാൾ |
| 11 ഞായർ | : | ലൂക്കാ 14:7–14, 1 കോറി. 1:9–16 |
| 16 വെള്ളി | : | പരി. കർമലമാതാവിന്റെ തിരുനാൾ |
| 18 ഞായർ | : | ലൂക്കാ 15:11–32, 2 കോറി 3:4–12 |
| 25 ഞായർ | : | യാക്കോബ് ശ്ലീഹായുടെ തിരുനാൾ<br>യോഹ. 9:1–12, 2 കോറി. 7:1–11 |
| 26 തിങ്കൾ | : | വി. യൊവാക്കിം, അന്ന തിരുനാൾ |
| 28 ബുധൻ | : | വി. അൽഫോൺസാമ്മയുടെ തിരുനാൾ |
| 31 ശനി | : | വി. ഇഗ്നേഷ്യസ് ലയോളയുടെ തിരുനാൾ |
| പ്രവൃത്തി | : | വി. അൽഫോൺസാമ്മയുടെ ജീവിതവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിക്കുക. |
| മത്സരം | : | ക്രിസ്തീയ ആംഗ്യപ്പാട്ട് മത്സരം. |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ ജൂൺ മാസത്തിലെ ക്ലാസുകൾ നയിച്ചത് സീറോ മലബാർ സഭയുടെ ആരാധനക്രമ കമ്മീഷൻ അംഗവും കപ്പൂച്ചിൻ സന്യാസ സമൂഹാംഗവും ആരാധനക്രമ അദ്ധ്യാപകനുമായ ബഹു. ക്രിസ്റ്റി അച്ചനായിരുന്നു. 'വിശുദ്ധ കുർബാന: രക്ഷാകര രഹസ്യങ്ങളുടെ ആഘോഷവും പങ്കുചേരലും', 'വിശുദ്ധ കുർബാനയും പൗരോഹിത്യവും' എന്നീ വിഷയങ്ങളാണ് അദ്ദേഹം എടുത്തത്. ജൂൺ 12 നും 26 നും ആയിരുന്നു ക്ലാസുകൾ എടുത്തത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ്

നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ഈ ക്ലാസ്സിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്ന പി. എം.ഒ .സി ഡയറക്ടർ ഡോ. ഫിലിപ്പ് ചക്കുംമൂട്ടിൽ , ഡോ. കുര്യൻ പുരമഠത്തിൽ, റിജോ കൂത്രപ്പള്ളി, ജോബിൻ പഴംപ്ലാക്കൽ എന്നിവർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

## സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഈ ക്ലാസ്സിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 118 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ് നടത്തുന്നത്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# വിദ്യാഭ്യാസരംഗം

## നന്ദിയുടെ ഒരു വാക്ക്

കഴിഞ്ഞ 6 വർഷം കോർപ്പറേറ്റ് മാനേജർ പദവിയിൽ സ്തുത്യർഹ സേവനത്തിന് ശേഷം ബഹു. സെബാസ്റ്റ്യൻ പുരയിടത്തിൽ അച്ചൻ മരിയാപുരം പള്ളിയുടെ എപ്പിസ്കോപ്പൽ വികാരിയായി പുതിയ കർമ്മപഥത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. കോർപ്പറേറ്റ് സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്നതിൽ അതീവശ്രദ്ധ പതിപ്പിച്ച അദ്ദേഹം രൂപതയുടെ വിദ്യാഭ്യാസ മേഖലയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടാണ് കടന്നുപോകുന്നത്. ദൈവസ്നേഹവും മനുഷ്യസ്നേഹവും ലാളിത്യവും സമന്വയിപ്പിച്ച വ്യക്തിത്വമായിരുന്നു ബിനോയി അച്ചന്റേത്. പരിചയപ്പെട്ടവരിലും അടുത്തിടപഴകിയവരിലും സ്നേഹത്തിന്റെയും കരുതലിന്റെയും സാന്ത്വനത്തിന്റെയും നന്മ പ്രകാശിപ്പിച്ച സെബാസ്റ്റ്യൻ പുരയിടത്തിലച്ചന് കോർപ്പറേറ്റ് കുടുംബത്തിന്റെ പേരിൽ കൃതജ്ഞതയുടെ നറുമലരുകൾ അർപ്പിക്കുകയും പുതിയ പ്രവർത്തനമേഖലയിൽ എല്ലാ വിജയങ്ങളും ദൈവാനുഗ്രഹങ്ങളും നേരുകയും ചെയ്യുന്നു.

## പ്രധാനധ്യാപക യോഗം

കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള വിദ്യാലയങ്ങളിലെ പ്രധാനധ്യാപകരുടെ യോഗം 2021 ജൂൺ 3 ന് ഓൺലൈനായി ചേർന്ന് പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് അധ്യക്ഷത വഹിച്ച യോഗം അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജരായി 6 വർഷക്കാലം സ്തുത്യർഹ സേവനം കാഴ്ചവച്ച സെബാസ്റ്റ്യൻ പുരയിടത്തിലച്ചനെ പിതാവ് പ്രത്യേകം അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ പ്രവർത്തന നേട്ടങ്ങൾ ചൂണ്ടികാട്ടി നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. വിദ്യാഭ്യാസ മേഖലയിൽ അനുഭവസമ്പത്തുമായി കോർപ്പറേറ്റ് മാനേജർ പദവിയിൽ നിയമിതനായ ജോസഫ് പാലക്കാട്ട് അച്ചന് എല്ലാ ഭാവുകങ്ങളും അഭിവന്ദ്യ പിതാവ് ആശംസിച്ചു. പുതുതായി സ്ഥാനമേറ്റ പ്രധാനധ്യാപകരെ പിതാവ് പരിചയപ്പെടുകയും അവർക്ക് വിജയാശംസകൾ നേരുകയും ചെയ്തു. കോർപ്പറേറ്റ് സ്കൂളുകളുടെ ഭൗതിക നിലവാരം മെച്ചപ്പെടുന്നതിന് നടത്തിയ പരിശ്രമങ്ങൾ അദ്ദേഹം പ്രത്യേകം പരാമർശിച്ചു. സ്കൂളുകളുടെ അക്കാദമിക നിലവാരവും പാഠ്യേതര മേഖലകളിലെ മികവ്, അച്ചടക്കം എന്നിവ നിലനിർത്താനും ഓൺലൈൻ അധ്യയനം കാര്യക്ഷമമാക്കാനും അഭിവന്ദ്യപിതാവ് പ്രധാന അധ്യാപകരെ ഉദ്ബോധിപ്പിച്ചു. നിലവിലുള്ള ഡിവിഷനുകൾ നഷ്ടപ്പെടാതിരിക്കാനും കൂടുതൽ കുട്ടികളെ ആകർഷിക്കാനും പ്രത്യേകം ശ്രദ്ധിക്കണമെന്നും എല്ലാ അധ്യാപകരും ദീപിക ദിനപത്രത്തിന്റെ വരിക്കാരാകണമെന്നും നിർദ്ദേശിച്ചുകൊണ്ട് അഭിവന്ദ്യ പിതാവ് തന്റെ ഉദ്ഘാടന പ്രഭാഷണം അവസാനിപ്പിച്ചു. യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച ഫാ. ജോസഫ് പാലക്കാട്ട് മുൻ മാനേജർ സെബാസ്റ്റ്യൻ പുരയിടത്തിലച്ചന്റെ നിസ്തുല സേവനങ്ങൾക്ക് നന്ദി പറയുകയും പ്രധാന അധ്യാപകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഹെഡ്മാസ്റ്റേഴ്സ് ഫോറം പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ മഠത്തിപ്പറമ്പിൽ സ്വാഗതവും സെക്രട്ടറി ശ്രീ. ജേക്കബ് കോച്ചേരി നന്ദിയും പ്രകാശിപ്പിച്ചു.

## പുതിയ പ്രധാന അധ്യാപകർ

കഴിഞ്ഞ വർഷം വിരമിച്ച പ്രധാന അധ്യാപകർക്ക് പകരമായി താഴെപറയുന്നവർ ചുമതലയേറ്റു. സി. ഷാന്റി പി. സെബാസ്റ്റ്യൻ (പ്രിൻസിപ്പൽ, കുളത്തുവയൽ എച്ച്.എസ്.എസ്), ശ്രീമതി  ലൗലി സെബാസ്റ്റ്യൻ (പ്രിൻസിപ്പൽ, കൂരാച്ചുണ്ട് എച്ച്എസ്എസ്), ശ്രീ. ബിനു ഡി. ഇടയന്ത്രം (എച്ച്.എം. കുളത്തുവയൽ എച്ച്.എസ്), ശ്രീമതി ഷീല ജോസഫ് (എച്ച്.എം. പരിയാപുരം യു.പി.എസ്), ശ്രീ സുനിൽ പോൾ (എച്ച്.എം. മൈലെള്ളാംപാറ യു.പി.എസ്), ശ്രീമതി ഷില്ലി മാത്യു (എച്ച്.എം, കണ്ണോത്ത് യുപി.എസ്), ശ്രീമതി ജെസി കെ.യു. (എച്ച്.എം. പുഷ്പഗിരി യു.പി.എസ്), ശ്രീ. സജി ലൂക്കോസ് (എച്ച്.എം. കല്ലുരുട്ടി യു.പി.എസ്), ശ്രീമതി ലൗലി സെബാസ്റ്റ്യൻ (എച്ച്.എം മാലാപ്പറമ്പ് എൽ.പി.എസ്), ശ്രീമതി ശോശാമ്മ തോമസ് (എച്ച്.എം. തലയാട് എൽ.പി.എസ്), ശ്രീമതി ബാസിലി വടക്കൂട്ട് (എച്ച്.എം കരിങ്ങാട് എൽ.പി.എസ്), ശ്രീമതി ത്രേസ്യാമ്മ ഇ.എം (എച്ച് എം കുളത്തുവയൽ എൽ.പി.എസ്), സി. ലൗലി ടി. ജോർജ്ജ് (എച്ച്.എം കൂടരഞ്ഞി എൽ.പി.എസ്)

## അധ്യാപക ഒഴിവ്

കോർപ്പറേറ്റിന് കീഴിലുള്ള പ്രൈമറി സ്കൂളുകളിൽ അറബി അധ്യാപക തസ്തികയിൽ നിയമിക്കപ്പെടാൻ പൂർണ്ണ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ജൂലൈ 30 ന് മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**ഫാ. ജോസഫ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## ഏകവത്സര പരിശീലന കോഴ്സ് പുതിയബാച്ച് (2021 – 22) ആരംഭിച്ചു

സ്റ്റാർട്ടിന്റെ പരിശീലന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ട കോഴ്സായ പ്ലസ്ടു കഴിഞ്ഞ കുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ചുവരുന്ന ഏകവൽസര പരിശീലന കോഴ്സ് (Master Training Course-MTC) എല്ലാ വർഷത്തെയുംപോലെ ജൂൺ 15 ന് തന്നെ ആരംഭിച്ചു. ഈ വർഷം ആരംഭത്തിൽതന്നെ താമസിച്ചുള്ള പരിശീലനം പുനരാരംഭിക്കാം എന്ന് കരുതിയെങ്കിലും കോവിഡ് 19 രണ്ടാം തരംഗം നമ്മുടെ പ്രതീക്ഷകളെ മാറ്റിമറിച്ചു. എങ്കിലും ഈ വർഷാവസാനത്തോടെ താമസിച്ചുള്ള പരിശീലന പരിപാടിയായി നടത്താൻ സാധിക്കും എന്ന് വിശ്വസിക്കുന്നു.

ഇതര കോച്ചിംഗ് സെന്ററുകളിൽ നിന്നെല്ലാം വ്യത്യസ്തമായി എടുത്തുപറയേണ്ട ചില ലക്ഷ്യങ്ങളോടും സവിശേഷതകളോടും ലക്ഷ്യങ്ങളോടുംകൂടിയാണ് സ്റ്റാർട്ട് ഈ പരിശീലന പരിപാടി നടത്തുന്നത്. സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമ്മിക ബോധവുമുള്ള മുൻനിരനേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ ഇടയിൽനിന്ന് ദേശീയ, അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്നത് ഈ പരിശീലന പരിപാടിയുടെ മുഖ്യ ലക്ഷ്യമാണ്.

ദേശീയ അന്തർദേശീയതലത്തിൽ നടത്തപ്പെടുന്ന മത്സരപരീക്ഷകൾക്കും തൊഴിൽ നിയമനങ്ങൾക്കും ഇംഗ്ലീഷ്ഭാഷാ സ്വാധീനവും യുക്തിവിചാരവും അടിസ്ഥാന ഗണിതവും പൊതുവിജ്ഞാനവും പോലുള്ള വിഷയങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണ്. ഇവയെല്ലാം കോർത്തിണക്കിയും ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ പരിശീലിപ്പിച്ചും ഉയർന്ന മത്സരപരീക്ഷകൾ വിജയിക്കാൻ സ്റ്റാർട്ടിന്റെ ഈ പരിശീലനം സഹായകരമാണ്. കൂടാതെ സിവിൽ സർവീസ്, NET, SET, TET, UPSC, PSC തുടങ്ങി എല്ലാ മത്സരപരീക്ഷകൾക്കും ഈ പരിശീലനം ഏറ്റവും നല്ല ഒരുക്കവുമാണ്.

പുതിയ ബാച്ചിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ സ്റ്റാർട്ടിന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: 8590468035 (WhatsApp), 0495 2357843. e-mail: startindia@gmail.com

### 'SPARK' എന്നപേരിൽ PSC പരിശീലന കോഴ്സ് ആരംഭിച്ചു

ഈ വർഷം ഡിഗ്രി, പി ജി എന്നിവയ്ക്ക് പഠിക്കുന്നവരും പഠനംപൂർത്തിയാക്കിയ വരുമായ യുവജനങ്ങൾക്കുവേണ്ടി PSC, UPSC, മറ്റ് ഉന്നത മത്സരപരീക്ഷകൾ എന്നിവയ്ക്ക് നന്നായി ഒരുങ്ങുന്നതിനായി നാലു മാസം ദീർഘിക്കുന്ന ഓൺലൈൻ പഠനപരിശീലനപരിപാടി മെയ് 15 ന് ആരംഭിച്ചു നന്നായി മുൻപോട്ട് പോകുന്നു. ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ്, അടിസ്ഥാനഗണിതം, പൊതുവിജ്ഞാനം തുടങ്ങിയ വിഷയങ്ങളാണ് ഈ കോഴ്സിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നത്.

### സ്റ്റാർലൈറ്റ് ഇലേർണിംഗ് പ്രോഗ്രാം

സ്റ്റാർട്ടും ക്രിസ്റ്റീനും സംയുക്തമായി ഗ്രാമറിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ട് 5, 6, 7, 8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി ഇംഗ്ലീഷും അതോടൊപ്പം യുക്തിവിചാരവും (Logical Reasoning) ഉൾപ്പെടുത്തിയ മൂന്നുമാസത്തെ online പഠനപരിപാടിയുടെ 2021 ഏപ്രിൽ 10ന് ആരംഭിച്ച ഒന്നാമത്തെ ബാച്ച് ഈ വരുന്ന ജൂലൈ 10 ന് അവസാനിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള അഡ്വാൻസ്ഡ് ലെവൽ ട്രെയിനിങ് ജൂലൈ 15 ന് ആരംഭിക്കും. മെയ് 10 ന് ആരംഭിച്ച രണ്ടാമത്തെ ബാച്ച് നന്നായി പുരോഗമിക്കുന്നു. കുട്ടികളെ ക്ലാസ്സടിസ്ഥാനത്തിൽ വിവിധ ബാച്ചുകളായി തിരിച്ചാണ് ഈ കോഴ്സ് നടത്തപ്പെടുന്നത്. പങ്കെടുക്കുന്ന കുട്ടികളെല്ലാം വളരെ താല്പര്യത്തോടെ പഠിക്കുന്നു എന്നുള്ളത് സന്തോഷം നൽകുന്ന കാര്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക. Phone No. 8590468035, 0495 2357843. E-mail: startindia@gmail.com

**ഫാ. ആൻറണി കാരികുന്നേൽ**
അസി. ഡയറക്ടർ, സ്റ്റാർട്ട്

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

## പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയുടെ ബിൽഡിങ്ങിന്റെ വർക്കുകൾ നടക്കുന്നു.

**പുതിയ കോഴ്സുകൾ**

### 1. Online Diploma in Pastoral Counseling

ഓൺലൈൻ ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് എന്ന പുതിയ കോഴ്സിന്റെ അഡ്മിഷൻ (Only for priests and nuns) തുടരുന്നു. ക്ലാസ് ആഴ്ചയിൽ ഒരിക്കൽ മാത്രം.

## Information

- Registration in progress
- Dead line: the last date of registration June 10th
- Classes are full online
- Certificates are under Christian Chair, University of Calicut
- Number of seats 40 in one batch
- Classes will start on July 11th

### 2. എം എസ് സി / ഡിപ്ലോമ

എം എസ് സി, ഓൺലൈൻ ഡിപ്ലോമ കോഴ്സുകളുടെ അഡ്മിഷൻ തുടരുന്നു.

## Online Diploma in counseling for sisters 2021-2022

ഓൺലൈൻ ഡിപ്ലോമ സിസ്റ്റേഴ്സിനു മാത്രമായുള്ള കോഴ്സിന്റെ ക്ലാസ്സുകൾ ആരംഭിച്ചു. എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 6 മുതൽ 8 വരെ ക്ലാസ്സുകൾ നടത്തുന്നു.

### പരീക്ഷ

എം എസ് സി 2019-2021, എം എസ് സി 2020-2022, ഡിപ്ലോമ കോഴ്സുകളുടെ യൂണിവേഴ്സിറ്റി പരീക്ഷകൾ ഇപ്പോൾ നടക്കുന്നു.

### മറ്റ് പ്രോഗ്രാമുകൾ

## Annual Retreat

ജൂൺ 7 മുതൽ 11 വരെ നടത്തിയ സൈക്കോ സ്പിരിചൽ റിട്രീറ്റിൽ ഭദ്രാവതി രൂപതയിലെ 30 വൈദികരും അഭിവന്ദ്യ ജോസഫ് അരുമച്ചാടത്ത് പിതാവും പങ്കെടുത്തു.

### കൗൺസിലിംഗ്

Oneline കൗൺസിലിംഗ് നടത്തപ്പെടുന്നു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്



# ആൽഫ മരിയ അക്കാദമി

**1. സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ്**

ഭാവി തലമുറയെ ഒരു ഗവൺമെന്റ് ജോലി കരസ്ഥമാക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ പഠനകാലത്തുതന്നെ യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിന്റെ 2021-22 ബാച്ചിലേക്കുള്ള ക്ലാസ്സുകൾ ആൽഫ മരിയ അക്കാദമിയിൽ ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 7907028758, 9400297653 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**2. പ്ലസ് വൺ, പ്ലസ് ടു (എൻട്രൻസ് പരിശീലനവും ട്യൂഷനും)**

2021-22 അദ്ധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു സയൻസ് എൻട്രൻസ് ഓറിയന്റഡ് ട്യൂഷൻ ക്ലാസ്സുകൾ ജൂലൈ 1 മുതൽ ആരംഭിക്കുന്നു.

**3. പിഎസ്സി സ്റ്റാഫ് നേഴ്സ് (DME) നേഴ്സിംഗ് ട്യൂട്ടർ പരിശീലനം**

2021 ൽ നടക്കുന്ന സ്റ്റാഫ് നേഴ്സ് (DME), നേഴ്സിംഗ് ട്യൂട്ടർ പരീക്ഷയ്ക്കുള്ള പരിശീലനം ആരംഭിച്ചിരിക്കുന്നു. ഓൺലൈൻവഴിയാണ് ക്ലാസ്സുകൾ നടക്കുന്നത്.

**4. മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷ പരിശീലനം**

മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയ്ക്ക് ഒരുക്കമായുള്ള NEET, KEAM പ്രവേശന പരീക്ഷകൾക്കുള്ള പരിശീലനം ആരംഭിച്ചിരിക്കുന്നു.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# അൽഫോൻസ കോളേജ് തിരുവമ്പാടി

**സെമിനാർനടത്തി**

അൽഫോൻസകോളേജ് കരിയർഗൈഡൻസ് ആൻഡ്പ്ലേസ്മെന്റ സെൽ, താമരശ്ശേരി രൂപതയുടെ എൽഡിഎസ് ഇന്റർനാഷണൽ ആൻഡ് എച്ച് ആർ കൺസൾട്ടൻസിയുമായി യോജിച്ച് 'കരിയർ ആൻഡ് ജോബ്സ് അബ്രോഡ് ആഫ്റ്റർ ഡിഗ്രി' എന്നവിഷയത്തിൽ ഓൺലൈൻ സെമിനാർ നടത്തി. കരിയർ ഗൈഡൻസ് ആൻഡ് പ്ലേസ്മെന്റ് സെൽ കോർഡിനേറ്റർ മി. റോബിൻ ജോർജ് സ്വാഗതം ആശംസിച്ചു. എൽ.ഡി.എസ് ഡയറക്ടർ റവ. ഫാ. ജെയ്സൺ കാരക്കുന്നേൽ അധ്യക്ഷതവഹിച്ചു. കോളേജ്

പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. എൽ.ഡി.എ സ്ന്റെയും നൈപുണ്യയുടെയും ടീം ലീഡർ മിസ്. ഫെബി മധു പ്രോഗ്രാം നയിച്ചു. കോളേജ് വൈസ്പ്രിൻസിപ്പൽ റവ. ഫാ. ഷെനിഷ് അഗസ്റ്റിൻ ആശംസകൾ നേർന്നു . പൂർവവിദ്യാർത്ഥി എബിൻ (കാനഡ) അനുഭവം പങ്കുവച്ചു. കരിയർഗൈഡൻസ് ആൻഡ് പ്ലേസ്മെന്റ് സെൽ സ്റ്റുഡന്റ് പ്രതിനിധി എയ്ഞ്ചൽ പി. ഏലിയാസ് നന്ദി പറഞ്ഞു. പൂർവ്വവിദ്യാർത്ഥികളടക്കം 130 പേർ പങ്കെടുത്തു.

## 'മാലാഖമാർക്കൊപ്പം' നഴ്സുമാരെ ആദരിച്ചു

കോളേജിലെ കൊമേഴ്സ് വിഭാഗവും പി.ടി.എയും ചേർന്ന് മെയ് 14 ന് 'മാലാഖാമാർക്കൊപ്പം' എന്ന ആദരിക്കൽ ചടങ്ങ് നടത്തി. കോളജ് പി.ടി.എയിൽ ഉള്ള 100 ൽപരം നഴ്സുമാരെ ആദരിക്കുന്ന ചടങ്ങ് ഓൺലൈൻ ആയി ആണ് നടത്തിയത്. സ്വദേശത്തും വിദേശത്തുമുള്ള നഴ്സുമാർ ചടങ്ങിൽ പങ്കെടുത്തു കോളേജ് മാനേജർ ഫാ. സ്കറിയ മങ്ങരയിൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ചാക്കോ കെ. വി അധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിൻ, ഫാ . ജിയോ മാത്യു, കൊമേഴ്സ് വിഭാഗം മേധാവി സാനി തോമസ്, ദീപ റെജി, ജെസി റോബി, ഷേർളി സിബി, ഷാരോൺ തങ്കച്ചൻ, ടി.കെ. ആദിത്യ, ലിയ ജെ.മരിയ എന്നിവർ പ്രസംഗിച്ചു.

## കോവിഡ് കാലത്ത് മാനസികാരോഗ്യ വിദഗ്ദരുടെ സഹായം

കോവിഡ് മഹാമാരി കാലത്ത്പൊതുസമൂഹത്തിൽ ശുഭാപ്തി ചിന്തനിറക്കുക, പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ അവരെ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങളോടെ Unlocking the happiness എന്ന പേരിൽ കോളേജിലെ മനഃശാസ്ത്രവിഭാഗം, ഒരു വീഡിയോ സീരീസ് മേയ് 17 മുതൽ 31 വരെ നടത്തി. കോളേജിന്റെ സാമൂഹിക മാധ്യമങ്ങൾവഴി സമൂഹത്തിലെ നാനാമേഖലകളിലുള്ള ഗവേഷകരുടെയും മനഃശാസ്ത്രജ്ഞരുടെയും അനുഭവങ്ങളും നിർദ്ദേശങ്ങളും ഇതുവഴി നല്കി. സൈക്കോളജി വിഭാഗം മേധാവി ഡോ. ഗിതിൻ വി.ജി., അദ്ധ്യാപകരായ സ്നേഹ മാത്യൂ, അജീന ജോസഫ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## ബജറ്റ് അവലോകനം

അൽഫോൻസ കോളേജിലെ കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 'ബജറ്റ് 2021' ന്റെ അവലോകനം നടത്തി. 'Colloquy 2021' എന്ന പേരിൽ നടത്തിയ പ്രോഗ്രാമിൽ കോമേഴ്സ് വകുപ്പ് മേധാവി സാനമ്മ പി.വി. നേതൃത്വം വഹിച്ചു. IQAC കോഡിനേറ്റർ ഫാ. ജിയോ മാത്യു, കോമേഴ്സ് വിഭാഗം അധ്യാപിക അമ്പിളി കെ. എന്നിവർ സംസാരിച്ചു. എം.കോം വിദ്യാർത്ഥികളായ അഞ്ജല, നിപിൻ എന്നിവർ ചർച്ച മോഡറേറ്റ് ചെയ്തു. രണ്ടാംവർഷ വിദ്യാർത്ഥികളും മൂന്നാംവർഷ വിദ്യാർത്ഥികളും തമ്മിൽ നടത്തിയ ചർച്ചയ്ക്ക് അതുൽ, അർജുൻ ജെയിൻ എന്നിവർ നേതൃത്വം വഹിച്ചു.

## ലോക കുടുംബദിനം ആചരിച്ചു

കോവിഡ്കാല പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ, ലോക കുടുംബദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട്, കുടുംബങ്ങളെയും കുട്ടികളെയും അടുത്തറിയുന്നതിനായി കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് വിദ്യാർഥികളും അധ്യാപകരും ചേർന്ന് ഗൂഗിൾ മീറ്റിലൂടെ ലോക കുടുംബദിനം ആചരിച്ചു. ഷോൺ തങ്കച്ചൻ ആലപിച്ച പ്രാർത്ഥനാ ഗാനത്തോടുകൂടി പരിപാടി ആരംഭിച്ചു. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് H.O.D സെബാസ്റ്റ്യൻ ചെറിയാൻ സ്വാഗത പ്രസംഗം നടത്തി. കുടുംബത്തിന്റെ പ്രാധാന്യത്തെകുറിച്ച് കോളേജ് മാനേജർ, റവ. ഫാ. സജി മങ്ങരയിൽ സംസാരിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വി, വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിൻ എന്നിവർ പ്രസംഗിച്ചു. വിദ്യാർത്ഥികളായ അനന്തു വയലിൻ വായിക്കുകയും, ഫാ. ജിനു മാത്യു ജീവിതാനുഭവം പങ്കുവയ്ക്കുകയും, ഹെൽന കാതറിൻ പദ്യപാരായണം നടത്തുകയും ചെയ്തു. രക്ഷിതാക്കൾ തങ്ങളുടെ കുടുംബജീവിതാനുഭവങ്ങൾ കുട്ടികളുമായി പങ്കുവെച്ചു. ജോർജോ ജോസഫ് ഇഗ്നേഷ്യസ് നന്ദി പറഞ്ഞു.

## ഇംഗ്ലീഷ് വെബിനാർ

കോളേജിലെ പിജി ഡിപ്പാർട്ട്മെന്റ് ഒന്നാം വർഷ എംഎ ഇംഗ്ലീഷ് വിദ്യാർത്ഥികൾ 'Hybrid Genres : Crossing Literature with Thinking and Experience' എന്നവിഷയത്തെകുറിച്ച് മെയ് പത്താം തിയതി വെബിനാർസംഘടിപ്പിച്ചു. പ്രസ്തുത പരിപാടി കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോകെ.വി ഉദ്ഘാടനം ചെയ്തു. ഒന്നാം വർഷ എംഎ ഇംഗ്ലീഷ് വിദ്യാർത്ഥിനി അനുപമ ജോയ് വളരെ വ്യക്തതയോടെ ക്ലാസ്സ് നയിച്ചു. അമൃതവത്സൻ, അഖില തോമസ്, ജോബിൻസ്, സെബാസ്റ്റ്യൻ ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

## ലോക ഭൗമദിനാചരണം സംഘടിപ്പിച്ചു

ലോകഭൗമദിനത്തോടനുബന്ധിച്ച് അൽഫോൻസ കോളേജിലെ പരിസ്ഥിതി ഫോറത്തിന്റെയും പ്രസംഗ ക്ലബിന്റെയും നേതൃത്വത്തിൽ 'ഭൂമിയെ പുനഃസ്ഥാപിക്കുക' എന്നവിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഒന്നാം വർഷ ബി.കോം കംപ്യൂട്ടർ ആപ്ലിക്കേഷൻ വിദ്യാർത്ഥിനി ആദിത്യ റ്റി. കെ യാണ് വെബിനാർ നയിച്ചത്. പ്രകൃതിസംരക്ഷണത്തിന്റെയും ഭൂമിയെ പുനഃസ്ഥാപിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് അവർ സംസാരിച്ചു. പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വി ഉദ്ഘാടനം നിർവഹിച്ച വെബിനാറിൽ 100 ഓളം വിദ്യാർഥികൾ പങ്കെടുത്തു. ശ്രീമതി. ദീപ റെജി, ശ്രീ. ജോയൽ മൈക്കിൾ, ശ്രീമതി ഡെൽന ജോസഫ്, സി. ജൂലിയ മാത്യു S.H, ശ്രീമതി ഹൃദ്യ പി. കെ എന്നിവർ പ്രസംഗിച്ചു.

## ഓറിയന്റേഷൻ വെബിനാർ നടത്തി

അൽഫോൻസ കോളേജ് മനഃശാസ്ത്രവിഭാഗം മനഃശാസ്ത്രത്തിന്റെ അനന്തസാധ്യതകളെക്കുറിച്ച് അവബോധം നല്കുന്ന 'വെർച്ചൽ ഒക്കർസം' (Virtual Occursum)

എന്നപേരിൽ ജൂൺ 12 ന് വെബിനാർ നടത്തി. മനഃശാസ്ത്രജ്ഞനും അധ്യാപകനുമായ അഭിലാഷ് വി.എൽ ക്ലാസ് നയിച്ചു. വകുപ്പ് മേധാവി ഡോ. ഗിതിൻ വി.ജി സ്വാഗതം ചെയ്തു. അധ്യാപകരായ സ്നേഹ മാത്യു, അജീന, ജോസഫ് എന്നിവർ സംസാരിച്ചു.

## Redefining Mental Health

അൽഫോൻസ കോളേജ് തിരുവമ്പാടി മനഃശാസ്ത്ര വിഭാഗം ഈ മഹാമാരി കാലത്ത് പൊതുസമൂഹത്തിൽ ശുഭാപ്തി ചിന്തനിറക്കുക, പ്രശ്നങ്ങളെ അഭിമുഖികരിക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ Redefining Mental Health എന്നപേരിൽ വീഡിയോ സീരീസ് ജൂൺ മാസം മുതൽ ആരംഭിച്ചു. സാമൂഹികമാധ്യമങ്ങൾവഴി മനഃശാസ്ത്രവിഭാഗത്തിലെ പൂർവ്വവിദ്യാർഥികളുടെ ലഘുമനഃശാസ്ത്ര ബോധവല്ക്കരണ വീഡിയോ സാമൂഹ്യമാധ്യമങ്ങളിലൂടെ ലഭ്യമാക്കി. വകുപ്പ് മേധാവി ഡോ. ഗിതിൻ വി ജി. അദ്ധ്യാപകരായ സ്നേഹ മാത്യു, അജീന ജോസഫ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

## ബ്ലഡ് ഡോണേസ് ഫോറം

അൽഫോൻസ കോളേജിന്റെ ബ്ലഡ് ഡോണേഴ്സ് ഫോറത്തിന്റെ നേതൃത്വത്തിൽ ജൂൺ 14, ലോകരക്തദാനദിനത്തിന്റെ ഭാഗമായി ബോധവത്ക്കരണ വീഡിയോയും പോസ്റ്ററും നിർമിച്ചു. അവസാനവർഷ ബി. കോം സി.എ വിദ്യാർത്ഥി ഡെൽബിൻ ജോസഫ് ആണ് വീഡിയോ നിർമിച്ചത്. പ്രസ്തുത വീഡിയോ കോളേജ് ഒഫീഷ്യൽ ഗ്രൂപ്പിലേക്കും മറ്റു ഗ്രൂപ്പുകളിലേക്കും ഷെയർ ചെയ്തു. രക്തദാനത്തിന്റെ അവശ്യകത കുട്ടികളിലേക്ക് എത്തിക്കുവാൻ വീഡിയോ സഹായകരമായി.

## ഫേസ്ബുക്ക്/ഇൻസ്റ്റാഗ്രാം

അൽഫോൻസ കോളേജ് മനഃശാസ്ത്രവിഭാഗം 2021 ജൂണ് 18 നു അസോസിയേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. തിരുവമ്പാടി അൽഫോൻസാ കോളേജ് മനഃശാസ്ത്ര വിഭാഗം ഗൂഗിൾമീറ്റിലൂടെ സൈക്കോളജി അസോസിയേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. മനഃശാസ്ത്ര വിദ്യാർ ത്ഥികൾക്കായി പൂർവ്വവിദ്യാർഥിനിയായിരുന്ന ആതിര എം . ക്ലാസെടുത്തു. എങ്ങനെ പിജി എൻട്രൻസ് പരീക്ഷകൾക്ക് തയ്യാറെടുക്കാം എന്നും ഉന്നത വിദ്യഭ്യാസ സാധ്യതകളെക്കുറിച്ചും സംസാരിച്ചു. വകുപ്പ് മേധാവി ഡോ. ഗിതിൻ വി.ജി സ്വാഗതം ചെയ്തു. അധ്യാപകരായ സ്നേഹ മാത്യു, അജീന ജോസഫ്എന്നിവർ പ്രസംഗിച്ചു.

## ക്ലബ്ഹൗസ് എ ഹൗസ് ഓഫ് ഫ്രൂട്ട്ഫുൾ ടോക്ക്സ്!!

അൽഫോൻസകോളേജിലെ ഡിബേറ്റ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്ലബ് ഹൗസ് എ ഹൗസ് ഓഫ് ഫ്രൂട്ട്ഫുൾ ടോക്ക്സ് എന്നവിഷയത്തിൽ വെബിനാർ നടത്തി. ഡിബേറ്റ് ക്ലബ്ബിന്റെ അധ്യയനവർഷ പ്രവർത്തന ഉദ്ഘാടനം കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വി നിർവഹിച്ചു. നവമാധ്യമരംഗത്ത് പുതുചലനവുമായി എത്തിയ ക്ലബ്ഹൗസിനെ എങ്ങനെ ഏറ്റവും ഉപകാരപ്രദമായി ഉപയോഗിക്കാം എന്നതും ശ്രദ്ധ കൂടുതൽ

ചെലുത്തേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് എന്നതിനെക്കുറിച്ചും സൈബർ വിദഗ്ധ നായ അഡ്വക്കേറ്റ് ജിജിൽ ജോസഫ് വിശദീകരിച്ചു. കോളേജ് വൈസ്പ്രിൻസിപ്പൽ ഫാ. ഷെനിഷ് അഗസ്റ്റിൻ, കോർഡിനേറ്റർമാരായ ദീപാ ഡൊമിനിക്, അമ്പിളി കെ, സ്റ്റുഡന്റ് കോഡിനേറ്റർസ് അർജുൻ ജെയിൻ, ഡെൽന ജോസഫ്, ലിയ ജെ. മരിയ എന്നിവർ നേതൃത്വം നൽകി.

### വായനദിനാഘോഷം

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ഫസ്റ്റ്ഇയർ ബിഎ വിദ്യാർത്ഥികൾ ജൂൺ 13 മുതൽ 19 വരെ വ്യത്യസ്തമായ പരിപാടികളോടെ വായനാദിനം ആചരിച്ചു. പ്രശസ്ത എഴുത്തുകാരനായ ബെന്യാമിന്റെ ആടുജീവിതം വായിക്കാൻ നൽകിക്കൊണ്ടാണ് വായനാദിനത്തോടു അനുബന്ധിച്ചുള്ള പരിപാടികൾ അജി.കെ കൃഷ്ണന്റെ നേതൃത്വത്തിൽ ആരംഭിച്ചത്. അധ്യാപകരുടെ വായനാ ദിനസന്ദേശങ്ങൾ, സാഹിത്യകൃതികളും ആയി ബന്ധപ്പെട്ട ചോദ്യങ്ങളും ഉത്തരങ്ങളും, എഴുത്തുകാരും തൂലികാനാമങ്ങളും, വായനയുടെ പ്രാധാന്യത്തെകുറിച്ച് വിവരിക്കുന്ന പോസ്റ്ററുകൾ എന്നിങ്ങനെ വ്യത്യസ്തവും വിജ്ഞാനപ്രദവുമായ പോസ്റ്റുകൾ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ വിദ്യാർഥികൾക്കായി നൽകി. ദേശീയ വായനാദിനം ആയ ജൂൺ 19 ന് ഗൂഗിൾ ഫോമിൽ വിദ്യാർഥികൾക്കായി ക്വിസ്മത്സരവും സംഘടിപ്പിച്ചു. സാന്ദ്ര മരിയ സെബാസ്റ്റ്യനും, സി.ജൂലിയ മാത്യുവും ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം പങ്കിട്ടു. ഡെൽന ജോസഫിനും, ഷഹാന ഷെറിനും ആണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ. വായനദിനത്തിന്റെ പ്രത്യേകതയെക്കുറിച്ച് വ്യക്തമാക്കിക്കൊണ്ട് സാമുവൽ വി.ജെ യുടെ പ്രസംഗവുംമലയാളത്തിലെ പ്രശസ്തരായ എഴുത്തുകാരെ പരിചയപ്പെടുത്തികൊണ്ടുള്ള അനഘ സുധീർന്റെ വീഡിയോ പ്രസന്റേഷനും ക്ലാസിലെ എല്ലാ വിദ്യാർത്ഥികളും അവരവർ വായിച്ച ഒരു പുസ്തകത്തിന്റെ റിവ്യൂ അടങ്ങിയഒരു ഇന്റർവ്യൂ മാഗസിനും അന്നേദിവസം പ്രസിദ്ധീകരിച്ചു. വളരെ മനോഹരമായി ഈ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത് അജി കെ കൃഷ്ണൻ, ആൻമരിയ ജോസഫ്, ജെഫിൻ തങ്കച്ചൻ, സാമുവൽ വി ജെ, അനഘ സുധീർ എന്നിവരടങ്ങുന്ന ടീമാണ്.

### അന്താരാഷ്ട്ര യോഗാദിനം ആചരിച്ചു.

അൽഫോൻസകോളേജിലെ 'അഡീഷണൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം' സെല്ലിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര യോഗദിനത്തിന്റെ ഭാഗമായി 'യോഗ' യുടെ പ്രാധാന്യവും നമ്മുടെ മനസ്സിനെയും ശരീരത്തെയും പുനരുജ്ജീവിപ്പിക്കുന്നതിൽ യോഗ വഹിക്കുന്നപങ്കിനെയുംകുറിച്ച് 'യോഗ ഫോർ വെൽബീയിങ്ങ്' എന്നപേരിൽ വെബിനാർ നടത്തി. യോഗ ട്രെയിനറും കോളേജിലെ മൂന്നാംവർഷ ബിഎസ്സി സൈക്കോളജി വിദ്യാർത്ഥിനിയുമായ ശ്രീമതി സനുഷയാണ് ക്ലാസ് നയിച്ചത്. ആന്തരികശാന്തിയും ഐക്യവും സംജാതമാക്കുന്ന യോഗ ആരോഗ്യപരമായ ജീവിതശൈലിയിലേക്ക് നമ്മെ നയിക്കും എന്നബോധ്യം വിദ്യാർത്ഥികൾക്ക് പകരാൻ വെബിനാറിലൂടെ സാധിച്ചു. പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വി., വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിൻ,

ഷിജി ഫ്രാൻസിസ്, ചന്ദന എം.കെ., ജൂവൽമരിയ, അനഘ സുധീർ, എന്നിവർ പ്രസംഗിച്ചു. അധ്യാപകരായ ബർണാഡ് ജോസ്, സ്നേഹ മാത്യു, അലക്സ് ബെന്നി, അമ ഷാജി, ധന്യ.കെ. എന്നിവർ നേതൃത്വം വഹിച്ചു.

### സൗജന്യ ടെലി കൗൺസിലിംഗ്

കോവിഡിന്റെ രണ്ടാംതരംഗത്തിലും മാനസിക ആരോഗ്യം നിലനിർത്തുക എന്ന ലക്ഷ്യത്തോടെ അൽഫോൻസ കോളേജ്, മനഃശാസ്ത്രവിഭാഗം സൗജന്യ കൗൺസലിങ് സെൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ടെലി കൗൺസലിങ് സേവനങ്ങൾക്ക് മനഃശാസ്ത്രവിഭാഗം മേധാവി ഡോ.ഗിതിൻ വി.ജി നേതൃത്വം നൽകുന്നു. Time 4 pm- 7pm, Ph:+919567774405

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# ലീഡർഷിപ്പ് ഡെവലപ്മെന്റ് സൊസൈറ്റി (LDS)

### Plus 2 ശേഷമുള്ള അഡ്മിഷൻ

നമ്മുടെ ഇടവകകളിലെ കുട്ടികൾക്ക് ഹയർ സ്റ്റഡീസ് അഡ്മിഷൻ എടുക്കുന്ന സമയം ആണല്ലോ. Leadership Development Society (LDS) മുൻവർഷങ്ങളിലെ പോലെ തന്നെ ഈ വർഷവും അഡ്മിഷൻ നടത്തുന്നുണ്ട്. നമ്മുടെ കുട്ടികളിൽ പലരും Plus 2 റിസൾട്ട് വന്നതിനുശേഷം അഡ്മിഷൻ എടുക്കാൻ എന്ന് കരുതിയിരിക്കുന്നവർ ആണ് എന്നാണ് അറിയാൻ കഴിഞ്ഞത്.

വളരെ ഉയർന്ന മാർക്ക് ശതമാനം ഇല്ലെങ്കിൽ കുട്ടികൾക്ക് കേരളത്തിൽ മെരിറ്റിൽ അഡ്മിഷൻ കിട്ടുക ബുദ്ധിമുട്ടാണ് എന്ന് അറിയാമല്ലോ. അങ്ങനെ ഉള്ളവർക്കും LDS മംഗലാപുരം ഉഡുപ്പി എന്നിവിടങ്ങളിലെ സുരക്ഷിതമായ കോളേജുകളിൽ അഡ്മിഷൻ നടത്തുകയാണ് ചെയ്യുന്നത്. ഓരോ കോളേജിലെയും സീറ്റുകൾ തീരുന്നതിനനുസരിച്ച് ഫീസ് കൂടിക്കൊണ്ടിരിക്കുകയാണ് ചെയ്യുക. കഴിഞ്ഞവർഷം അവസാനത്തേക്ക് അഡ്മിഷൻ എടുക്കാൻ കാത്തിരുന്ന് താങ്ങാൻ പറ്റാത്ത ഫീസ് ആയി മാറിയത് കൊണ്ട് അഡ്മിഷൻ എടുക്കാൻ സാധിക്കാത്ത മാതാപിതാക്കളും ഉണ്ട്.

അതിനാൽ അങ്ങനെയുള്ള മാതാപിതാക്കളോട് ഉടൻ തന്നെ ഓഫീസുമായി ബന്ധപ്പെട്ട് സീറ്റുകൾ ഉറപ്പിച്ചു വെക്കാനായി അറിയിക്കുന്നത് അഭികാമ്യമാണ്. പുറമേ നിന്നുള്ള മറ്റു ഏജൻസികൾ കൂടിയ ഫീസിന് അഡ്മിഷൻ നൽകുന്നത് ഒഴിവാക്കാനും നമുക്ക് സാധിക്കും. പഠനത്തിന് ലോൺ ആവശ്യമുള്ളവർക്ക് ന്യൂനപക്ഷ വകുപ്പി

ന്റെ ലോൺ കിട്ടാൻ ഉള്ള സാധ്യതകളും പറഞ്ഞു കൊടുക്കുന്നതാണ്. അതിനാൽ മാതാപിതാക്കളോട് താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടാൻ അറിയിക്കുമല്ലോ. മൊ: 8547467771, 8547467772.

**ഫാ. ജയ്സൺ കാരക്കുന്നേൽ**
ഡയറക്ടർ, LDS

# മാതൃവേദി

## പുതിയ മേഖല ഡയറക്ടർമാർക്ക് സ്വാഗതം

രൂപതയിലെ നാല് മേഖലകളിൽ പുതിയ ഡയറക്ടർമാർ സ്ഥാനം ഏറ്റെടുത്തു. കോടഞ്ചേരി – ഫാ. ആന്റണി ചെന്നിക്കര, മരുതോങ്കര – ഫാ. ജോർജ് വരിക്കാശ്ശേരി, താമരശ്ശേരി – ഫാ.കുര്യാക്കോസ് മുഖാലയിൽ, തോട്ടുമുക്കം – ഫാ. മാത്യു കോട്ടക്കൽ എന്നിവരാണ്. ബഹുമാനപ്പെട്ട നാലു വൈദികർക്കും എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

## ചരമദിനത്തിൽ പ്രണാമം

താമരശ്ശേരി രൂപതയുടെ പ്രഥമ ഇടയൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ ചരമദിനത്തിൽ അദ്ദേഹത്തിന്റെ ദീപ്ത സ്മരണകൾക്ക് മുൻപിൽ സീറോ മലബാർ മാതൃവേദിയുടെ പ്രണാമം.

## തിരുഹൃദയ മാസം പ്രവർത്തന വിഷയം കരുതൽ

മാതൃവേദിയുടെ ജൂൺ മാസത്തിലെ പ്രവർത്തന വിഷയം ' കരുതൽ' ആണ്. പരിസ്ഥിതിയോടും നമ്മോടു തന്നെയുമുള്ള കരുതൽ എന്ന ആശയത്തിന് ഊന്നൽ നല്കി കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. തിരുഹൃദയ ഭക്തി പ്രചരിപ്പിക്കുന്നതിനായി എല്ലാ കുടുംബങ്ങളിലേക്കും വാട്സാപ്പ് വഴി തിരുഹൃദയ ജപമാല എത്തിക്കുന്നു.

## മരിയൻ സായാഹ്നം

വണക്കമാസ സമാപനത്തോട് അനുബന്ധിച്ച് മെയ് 30 ഞായറാഴ്ച സംഘടിപ്പിച്ച തിരുമണിക്കൂർ ആരാധന രൂപതയിലെ അമ്മമാർക്ക് വ്യത്യസ്തമായ അത്മീയാനുഭവമായിരുന്നു. ഡയറക്ടർ ഫാ. പ്രിയേഷ് തേവടിയിൽ, മതബോധന ഡയറക്ടർ രാജേഷ് പള്ളിക്കാവയലിൽ എന്നിവർ നേതൃത്വം നൽകി.

## തിരുഹൃദയത്തണലിൽ

തിരുഹൃദയ ഭക്തിയുടെ പ്രാധാന്യവും വീടുകളിൽ തിരുഹൃദയ ജപമാലയും വണക്കമാസവും ചൊല്ലേണ്ടുന്നതിന്റെ ആവശ്യകതയെയും കുറിച്ച് ജൂൺ 4 ന് നടത്തിയ

വെബിനാറിൽ താമരശ്ശേരി രൂപത ചാൻസലർ ബഹു. ഫാ. ബെന്നി മുണ്ടനാട്ട് ക്ലാസ്സ് നയിച്ചു.

### ആനിമേറ്റേഴ്സ് മീറ്റ്

ജൂൺ 12ന് ഇടവകാ, മേഖലാ ആനിമേറ്റർ സിസ്റ്റർമാരുടെ സംഗമം ഗൂഗിൾ മീറ്റിലൂടെ നടത്തി. ഡയറക്ടർ ഫാ. പ്രിയേഷ് തേവടിയിൽ അസി. ഡയറക്ടർ ഫാ. തോമസ് മലപ്രവനാൽ, രൂപത ആനിമേറ്റർ സി. ഫിലോ എസ് എ ബി എസ്, പ്രസിഡന്റ് ദീപ റെജി, സെക്രട്ടറി ട്രീസ സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നല്കി.

### സുരക്ഷിത്

ജൂൺ 13ന് സൈബർ നിയമങ്ങളും നവമാദ്ധ്യമങ്ങളുംഎന്ന വിഷയത്തിൽ രൂപത മാതൃവേദി യുടെയും ചെറുപുഷ്പ മിഷൻ ലീഗിന്റെയും നേതൃത്വത്തിൽ അമ്മമാർക്കും കുട്ടികൾക്കുമായി ബോധവൽക്കരണ വെബിനാർ നടത്തി. മാനന്തവാടി രൂപതയിലെ പബ്ലിക് അഫയേഴ്സ് ആൻഡ് വിജിലൻസ് കമ്മീഷൻ സെക്രട്ടറി അഡ്വ. ജിജിൽ കിഴക്കരക്കാട്ട് ക്ലാസ്സ് നയിച്ചു.

### പരിസ്ഥിതി ദിനം

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് അമ്മമാർക്ക് പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യത്തെ വിവരിച്ചുകൊണ്ടുള്ള സന്ദേശം നൽകി.

### മെയ്മാസ റാണി സംഗീതമത്സരം

താമരശ്ശേരി രൂപതയിലെ സീറോ മലബാർ മാതൃവേദി അംഗങ്ങൾ ക്കായി രൂപത മാതൃവേദിയുടെ നേതൃത്വത്തിൽ മെയ്മാസ റാണി സംഗീത മത്സരം നടത്തി എൺപതോളം എൻട്രികളാണ് മത്സരത്തിൽ ലഭിച്ചത്.

#### മത്സര വിജയികൾ

I st – വിന്നി ജെബിൻ കൊള്ളന്നൂർ, മാലാപറമ്പ്
II nd – ഡയാന തോമസ് പാറയ്ക്കൽ, തിരുവമ്പാടി
III rd – ക്രിസ്റ്റീന ബിജോ തായിപ്പുരയിടത്തിൽ, മരുതോങ്കര
III rd – ഗോൾഡ ആൻസൺ വെള്ളാരംകുന്നേൽ, തേക്കുംകുറ്റി

#### പ്രോത്സാഹനസമ്മാനങ്ങൾ

1 ഷേർളി വടക്കേൽ, കല്ലാനോട്
2 സ്മിത ഔസേപ്പറമ്പിൽ, തോട്ടുമുക്കം
3 മെജിലിറ്റ് ബിജു കറുത്തേടത്ത്, മാങ്കാവ്
4 സ്മിത ജോജി നെല്ലിക്കൽ, ഈസ്റ്റ്ഹിൽ

### എൻലൈറ്റൺ

രൂപതാ മാതൃവേദിയുടെ നേതൃത്വത്തിൽ കത്തോലിക്ക കോൺഗ്രസിന്റെയും കെസിവൈഎംന്റെയും സഹകരണത്തോടുകൂടി ജൂൺ 20, 27 ഞായറാഴ്ചകളിൽ എല്ലാ

മേഖലകൾക്കുമായി സമുദായ ശാക്തീകരണ സെമിനാർ എൻലൈറ്റൺ സംഘടിപ്പിച്ചു. ഫാ. ജോർജ് വെള്ളക്കാക്കുടിയിൽ, ഫാ. മാത്യു തൂമുള്ളിയിൽ എന്നിവർ സെമിനാറുകൾ അവതരിപ്പിച്ചു .

### സിറോ മലബാർ കോർ ടീം

സീറോ മലബാർ സഭയിലെ എല്ലാ സംഘടനകളുടെയും ഭാരവാഹികൾക്കായി നടത്തിയ യോഗത്തിൽ രൂപത പ്രസിഡന്റ് പങ്കെടുത്തു.

### ഹോപ്പ് 21

താമരശ്ശേരി രൂപതാ കത്തോലിക്കാ കോൺഗ്രസ് സംഘടിപ്പിച്ച വിവിധ സംഘടനകളുടെ നേതൃസംഗമത്തിൽ രൂപതാ മാതൃവേദി ഡയറക്ടർ, ആനിമേറ്റർ, പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവർ പങ്കെടുത്തു.

### പെനുവേൽ മദേഴ്സ് ക്വിസ്

താമരശ്ശേരി രൂപതാ മാതൃവേദിയും ശാലോം ടിവിയും സംയുക്തമായി സംഘടിപ്പിച്ച പെനുവേൽ മദേഴ്സ് ക്വിസ്സ് ഫൈനൽ എപ്പിസോഡ് സംപ്രേക്ഷണം ജൂൺ 17 ന് ശാലോം ടിവിയിൽ പ്രക്ഷേപണം ചെയ്തു.

### എക്സിക്യൂട്ടീവ് മീറ്റിംങ്

ജൂൺ 8 ന് രൂപതാ എക്സിക്യൂട്ടീവ് യോഗത്തിൽ മാതൃവേദിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും പുതിയ കർമ്മ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മാതൃവേദി

## കുടുംബ കൂട്ടായ്മ

### നല്ലിടയൻ പദ്ധതി തിരുവമ്പാടിയിൽ 10 ആടുകളെ നൽകി

താമരശ്ശേരി രൂപത കുടുംബ കൂട്ടായ്മയുടെയും മാതൃവേദി, മദ്യവിരുദ്ധ സമിതി എന്നിവയുടെയും നേതൃത്വത്താൽ നടപ്പാക്കുന്ന നല്ലിടയൻ പദ്ധതിക്ക് തിരുവമ്പാടിയിൽ ഉജ്വല തുടക്കം. വിവിധ ഭക്ത സംഘടനകളുടെ സഹകരണത്തോടെ അർഹരായ 10 കുടുംബങ്ങൾക്കാണ് ആടുകളെ നൽകിയത്. പ്രത്യേകം തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ആടുവളർത്തലിൽ പരിശീലനവും നൽകി. ഒരോ ആടിനെയും 15,000 രൂപക്ക് ഇൻഷ്വർ ചെയ്താണ് കൈമാറിയത്. ഒരു വർഷം ആടിനെ പരിപാലിച്ച് ആദ്യം ഉണ്ടാകുന്ന കുട്ടികളെയോ അല്ലെങ്കിൽ തള്ള ആടിനെയോ ഈ പദ്ധതിയിലേക്ക് തന്നെ തിരിച്ച് നൽകണം. അത് അർഹതപ്പെട്ട അടുത്ത കുടുംബത്തിനു കൈമാറും.

കോവിഡ് കാലത്തെ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അതിജീവനത്തിനു ഒരു കൈതാങ്ങ് എന്ന ലക്ഷ്യത്തോടെ നടപ്പാകുന്ന നല്ലിടയൻ പദ്ധതി കൂടുതൽ ഭവനങ്ങളിലേക്ക് പടർത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

രൂപത ഡയറക്ടർ ഫാ. ജേക്കബ് കപ്പലുമാക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഇടവക വികാരി ഫാ. ജോസ് ഓലിയക്കാട്ടിൽ ഉദ്ഘാടനം നിർവ്വഹിച്ചു. അസി. വികാരി ഫാ. അലക്സ് പനച്ചിക്കൽ സിസ്റ്റർ ജെസി എ എസ് ഐ സംഘാടക സമിതി ഭാരവാഹികളായ തോമസ് വലിയ പറമ്പൻ, വൽസമ്മ കൊട്ടാരം, ജോളി ഉണ്ണ്യേപ്പള്ളിൽ, തങ്കച്ചൻ പുരയിടത്തിൽ, തോമസ് പുത്തൻപുര, കെ.സി. ജോസഫ്, കെ.ടി. സെബാസ്റ്റ്യൻ, സണ്ണി പെണ്ണാപറമ്പിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### നന്ദി

കഴിഞ്ഞ ഒരു വർഷം കുടുംബ കൂട്ടായ്മയുടെ രൂപതാ ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ച ബഹു. ജേക്കബ് കപ്പലുമാക്കൽ അച്ചന് ഹൃദയംഗമമായ നന്ദി.

**ഫാ. ജേസഫ് വടക്കേൽ**
ഡയറക്ടർ, കുടുംബ കൂട്ടായ്മ

## കെ.സി.വൈ.എം.

### ടാസ്ക് ഫോഴ്സ് പ്രവർത്തനങ്ങൾ

വെട്ടത്തൂർ, മഞ്ചേരി, പന്തല്ലൂർ, മഞ്ഞകുന്ന് തുടങ്ങിയ ഇടവകളിൽ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് മൃതസംസ്കാരങ്ങൾ നടത്തി. നേതൃത്വം നൽകിയ യൂണിറ്റ് ഡയറക്ടർ അച്ചന്മാർക്കും ടാസ്ക് ഫോഴ്സ് അംഗങ്ങൾക്കും നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

### യുവദർശൻ യു ട്യൂബ് ന്യൂസ് ചാനൽ

താമരശ്ശേരി കെ.സി.വൈ.എം. രൂപതാ, മേഖല, യൂണിറ്റ് തലങ്ങളിൽ നടത്തപ്പെടുന്ന പരിപാടികളും പ്രവർത്തനങ്ങളും സംഘടനയുടെ ഔദ്യോഗിക നിലപാടുകളും പ്രസ്താവനകളും യുവദർശൻ ഡിജിറ്റൽ മീഡിയ സെൽ വഴിയായി വാർത്താ രൂപത്തിൽ ഔദ്യോഗിക ന്യൂസ് ബുള്ളറ്റിനിലൂടെ പ്രസിദ്ധീകരിച്ചു തുടങ്ങി. നേരിന്റെ ശബ്ദം ജനഹൃദയങ്ങളിൽ എത്തിക്കുക എന്ന വലിയ സ്വപ്ന സാക്ഷാത്കാരമാണ് ഇതിലൂടെ പൂർത്തീകരിക്കപ്പെടുന്നത്.

### സ്വച്ഛത പരിസ്ഥിതി ദിനാഘോഷം

ഈ വർഷത്തെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 'സ്വച്ഛത' എന്ന പേരിൽ കെസിവൈഎം യൂണിറ്റ് മേഖലാ സമിതിയുടെ നേതൃത്വത്തിൽ പൊതു ഇടങ്ങളിൽ ശുചീകരണ പരിപാടികൾ സംഘടിപ്പിച്ചു. കോവിഡ് മഹാമാരിക്കൊപ്പം പടർന്നു പിടിക്കാൻ സാധ്യതയുള്ള മഴക്കാല രോഗങ്ങളെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെ

കോവിഡ് സുരക്ഷാമാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് കെസിവൈഎം അംഗങ്ങൾ പൊതു ഇടങ്ങളായ പോസ്റ്റ് ഓഫീസ് പരിസരം, അങ്ങാടി എന്നിവിടങ്ങളിൽ ശുചീകരണം നടത്തുകയും, ഭൂമിക്കൊരു തണൽ ആയി വൃക്ഷത്തൈകൾ നടുകയും, സഹായത്തിന് ആരുമില്ലാത്ത വയോധികരുടെ വീടും പരിസരവും വൃത്തിയാക്കി കൊടുക്കുകയും ചെയ്തു കൊണ്ട് പരിസ്ഥിതി ദിനാഘോഷം സജീവമാക്കി.

**പരിശുദ്ധ കുർബാനയുടെ തിരുനാൾ – പ്രാർത്ഥനാ ദിനം**

പരിശുദ്ധ കുർബാനയുടെ തിരുനാൾ ദിനമായ ജൂൺ മൂന്നിന്കെസിവൈഎം സ്പിരിചൽ ടീമിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാ ദിനം ആയി നടത്തി. കോവിഡ് മൂലം മരണമടഞ്ഞ നിരവധി വൈദികരെയും സന്യസ്തരെയും പ്രത്യേകം അനുസ്മരിച്ച് പ്രാർത്ഥിച്ചു. ഓൺലൈൻ വഴിയായി നടത്തിയ ഈ ആരാധന ശുശ്രൂഷയിൽ അമ്പതോളം പേർ പങ്കെടുത്തു. പ്രാർത്ഥന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയ സിമി, ആഷ്ലി, ജിനു, അനുപ്രിയ, സിന്റല്ല, വിപിൻ എന്നിവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**ക്ലബ് ഹൗസ് ചർച്ചകൾ**

യുവദർശൻ ഡിജിറ്റൽ മീഡിയ സെൽ വഴി വിവിധ ക്ലബ്ബ് ഹൗസ് ചർച്ചകൾ നടത്തപ്പെട്ടു.

EWS സാമ്പത്തിക സംവരണം അറിയേണ്ടതും ചെയ്യേണ്ടതും എന്ന വിഷയത്തിലും, സാമൂഹ്യ മാധ്യമങ്ങളിലെ ചതിക്കുഴികൾ എന്ന വിഷയത്തെയും ആധാരമാക്കിയാണ് ചർച്ചകൾ നടന്നത്. സാമ്പത്തിക സംവരണത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും, സംശയങ്ങൾക്ക് വ്യക്തമായ മറുപടി നൽകുകയും ചെയ്തത് ഫാ. മാത്യു തൂമുള്ളിൽ, ജോമോൻ പൊടിപ്പാറ, റോണി അഗസ്റ്റിൻ എന്നിവരായിരുന്നു. സാമൂഹ്യ മാധ്യമങ്ങളുടെ ചതിക്കുഴികൾ എന്ന വിഷയത്തെ കേന്ദ്രീകരിച്ചുള്ള ചർച്ചകളിൽ, മാധ്യമങ്ങളിലെ ചതിക്കുഴികൾ വ്യക്തമാക്കി തന്നത് കർണാടകഹൈക്കോടതി സൈബർ & ക്രൈം അഭിഭാഷകൻ അഡ്വക്കേറ്റ് ജിജി ജോസഫ് ആണ്. നിരവധി യുവജനങ്ങൾ ഈ ചർച്ചയിൽ പങ്കെടുത്തു ആധുനികതയിലെ മാധ്യമ വെല്ലുവിളികളെക്കുറിച്ച് ബോധവാന്മാരായി.

**ഹൃദയം നിറഞ്ഞ നന്ദി**

തോട്ടുമുക്കം മേഖല ആനിമേറ്ററായി കഴിഞ്ഞ മൂന്ന് വർഷക്കാലം സേവനം ചെയ്ത് സ്ഥലം മാറിപ്പോകുന്ന സിസ്റ്റർ മെർലിൻ എസ് എ ബി എസിന് താമരശ്ശേരി രൂപത കെസിവൈഎം ന്റെ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

**ചിറകുകൾ നൽകി കെസിവൈഎം, ഓൺലൈൻ പഠന സഹായം**

ഓൺലൈൻ പറഞ്ഞ് സൗകര്യങ്ങളില്ലാതെ പഠിക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ എത്തിച്ചു നൽകുക എന്ന ഉദ്ദേശത്തോടെ കെസിവൈഎം താമരശ്ശേരി രൂപത ഗൂഗിൾ പേ ചലഞ്ചിലൂടെ അർഹരായ വിദ്യാർഥികൾക്ക് ഓൺലൈൻ പഠന സഹായം എത്തിച്ചു. ഫോൺ വിതരണത്തിന്റെ ഉദ്ഘാടനം

രൂപത പ്രസിഡണ്ട് വിശാഖ് തോമസ് ചെമ്പനോടയിൽ നിർവഹിച്ചു. ചലഞ്ചിൽ സഹകരിച്ച എല്ലാവർക്കും ഹൃദയംഗമമായ നന്ദി.

## വനിത കോമൺ ഫെസിലിറ്റേഷൻ സെന്ററിൽ വൈദ്യുതി കണക്ഷൻ നൽകി

തിരുവമ്പാടി പഞ്ചായത്ത് മുത്തപ്പൻപുഴ പ്രദേശത്ത് തേൻപാറയിൽ വനിത കോമൺ ഫെസിലിറ്റേഷൻ സെന്ററിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്തതുമൂലം കെസിവൈഎം മുത്തപ്പൻപുഴ യൂണിറ്റിന്റെ നേതൃത്വത്തിൽ വയറിംഗ് നടത്തി വൈദ്യുതി കണക്ഷൻ ലഭ്യമാക്കി. അതോടൊപ്പം വയനാട് പാർലമെന്റ് എംപി നൽകിയ ഒരു ടിവി അവിടെ സ്ഥാപിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി തേൻപാറ പ്രദേശത്ത് കുട്ടികൾക്ക് ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രതിസന്ധിക്ക് ഒരു പരിധി വരെ ആശ്വാസമാകാൻ കെ.സി.വൈ.എം മുത്തപ്പൻപുഴ യൂണിറ്റിന് സാധിച്ചു.

## Holy Fire- പ്രാർത്ഥനായജ്ഞം പൂർത്തീകരിച്ചു

സ്പിരിച്വൽ ടീമിന്റെ നേതൃത്വത്തിൽ പെന്തക്കുസ്തയോട് അനുബന്ധിച്ച് കൊറോണ മഹാമാരിയിൽ നിന്നുള്ള വിടുതലിനും ലോകസമാധാനത്തിനും ആയി 1,00,343 പരിശുദ്ധാത്മാജപ പ്രാർത്ഥനകൾ ചൊല്ലി പൂർത്തീകരിച്ചു. നാനൂറോളം യുവജനങ്ങളും അല്മായരും സിസ്റ്റേഴ്സും വൈദികരും ഈ ഉദ്യമത്തിൽ പങ്കാളികളായി.

## നിവേദനം സമർപ്പിച്ചു

ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്ന ‘Coaching Centre For Minority Youth (CCMY)’ ജൂലൈ ഡിസംബർ ബാച്ചിലേക്ക് വിവിധ മത്സര പരീക്ഷകളുടെ പരിശീലനത്തിന് ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട ആശങ്കകളും പ്രശ്നങ്ങളും പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെസിവൈഎം താമരശ്ശേരി രൂപത മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചു.

## മറ്റു പരിപാടികൾ

1. നെന്മേനി കെസിവൈഎം ന്റെ നേതൃത്വത്തിൽ ഇൻസ്റ്റ റീൽസ് ബോബിനാസ് എന്ന പേരിൽ യുവജനങ്ങളുടെ കലാപരമായ കഴിവ് വളർത്തുന്നതിനായി നൃത്തം, സംഗീതം, പ്രസംഗം എന്ന ഇനങ്ങൾ ഉൾപ്പെടുത്തി കൊണ്ട് ഓൺലൈൻ മത്സരം സംഘടിപ്പിച്ചു. മുന്നൂറോളം യുവജനങ്ങൾ പങ്കെടുത്തു പരിപാടിയിൽ മികച്ച സമ്മാനങ്ങൾ നൽകി.

2. മുതുകാട് കെസിവൈഎം യൂണിറ്റിന്റെ നേതൃത്വത്തിൽ കോവിഡ് സാഹചര്യത്തെ മുൻനിർത്തി നൂറോളം ഭക്ഷണ കിറ്റുകൾ ഇടവകയിലെ കുടുംബങ്ങൾക്ക് വിതരണം ചെയ്തു.

3. പൂഴിത്തോട് കെസിവൈ എം ന്റെ നേതൃത്വത്തിൽ കാറ്റിൽ തകർന്ന വീടിന്റെ നവീകരണം നടത്തി.

4. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മാനസികാരോഗ്യവും വൈകാരിക പക്വ

തയും എന്ന വിഷയത്തെ അധികരിച്ച് നടന്ന വെബിനാറിൽ രൂപതയിൽ നിന്നും പത്ത് പേർ പങ്കെടുത്തു.

5. ജൂൺ 20 ന് മലപ്പുറം മേഖല പ്രയാൺ നടത്തി. മേഖല ഭാരവാഹികളും യൂണിറ്റ് ഭാരവാഹികളും പങ്കെടുത്തു.

6. മലപ്പുറം മേഖലയുടെ നേതൃത്വത്തിൽ വളരെ മികച്ച രീതിയിൽ പൊതുവിജ്ഞാനം അടിസ്ഥാനപ്പെടുത്തി ഓൺലൈൻ ക്വിസ് മത്സരം നടത്തി.

7. പാറോപ്പടി കെസിവൈഎം നേതൃത്വത്തിൽ മലയോരകർഷകരുടെ കാർഷികവിളകൾ നഗരത്തിൽ വിറ്റഴിക്കുന്ന 'കാവൽ' പരിപാടിക്ക് തുടക്കമായി.

8. തേക്കുംകുറ്റി കെസിവൈഎം യൂണിറ്റിന് നേതൃത്വത്തിൽ അഗ്രി ചലൻജ് എന്നപേരിൽ കാർഷികവിഭവങ്ങൾ വിറ്റഴിക്കുന്ന വിപണനമേള സംഘടിപ്പിച്ചു.

## അറിയിപ്പുകൾ

### 1. PSC MASTERS 21

മത്സര പൊതു പരീക്ഷകൾക്ക് യുവജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ KCYM താമരശ്ശേരി രൂപതയും ALPHA അക്കാദമിയും ചേർന്ന് PSC MASTERS 21 എന്ന പ്രോഗ്രാം സംഘടിപ്പിച്ചുവരുന്നു. യുവജനങ്ങളെ ഗവൺമെന്റ് ജോലി മേഖലകളിലേക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടു നടത്തുന്ന പരിപാടിയിലേക്ക് എല്ലാവരുടെയും സഹകരണം ആവശ്യപ്പെടുന്നു. EWS സംവരണത്തിന് അർഹതയുള്ളവരാണ് നിങ്ങളെങ്കിൽ സർട്ടിഫിക്കറ്റ് നേടിയെടുക്കാൻ എല്ലാവിധ സഹായങ്ങളും ഇതോടൊപ്പം ചെയ്തു തരുന്നതാണ്.

## നിർദ്ദേശങ്ങൾ

GOOGLE MEET വഴി ജൂലൈ ആദ്യം മുതൽ 2022 മാർച്ച് 31 വരെ ഓൺലൈൻ ക്ലാസ് നല്കപ്പെടുന്നു. മൊബൈൽ അപ്ലിക്കേഷൻ മുഖേന ദിവസേന മോഡൽ ടെസ്റ്റുകൾ, WEEK END - MONTHLY TEST കൾ, RECORDED ക്ലാസ്സുകൾ, സംശയം നിവാരണത്തിന് പ്രത്യേക സംവിധാനം എന്നിവ ഒരുക്കിയിരിക്കുന്നു. KCYM മുഖേന രജിസ്റ്റർ ചെയ്യുന്നവർക്ക് ഒരു വർഷത്തെ ആകെ ഫീസ് 6000 രൂപയാണ്. KCYM പ്രവർത്തകർക്ക് 1000 രൂപ ഇളവ് ലഭിക്കുന്നതായിരിക്കും. കെസിവൈഎം മുഖേന രജിസ്റ്റർ ചെയ്യുന്നവർക്കും ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കും ഫീസ് ഇളവുകൾ നൽകുന്നു. കെസിവൈഎം മുഖേന രജിസ്റ്റർ ചെയ്യുന്നവർക്കായി നടത്തുന്ന പ്രിലിമിനറി ടെസ്റ്റിൽ ആദ്യ 20 റാങ്കിൽ വരുന്നവർക്ക് 50% ശതമാനം ഫീസ് ഇളവിൽ പഠിക്കാനാകും.

കെസിവൈഎം യൂണിറ്റ്, മേഖലാ, രൂപത, ഭാരവാഹികൾക്കും മുൻ ഭാരവാഹികൾക്കും കൂടുതൽ വിദ്യാർത്ഥികളെ PSC MASTERS ൽ ചേർക്കുന്ന വിദ്യാർഥികൾക്കും ഫീസ് ഇളവ് ലഭിക്കുന്നു. മേഖലാടിസ്ഥാനത്തിൽ സ്റ്റഡി ഗ്രൂപ്പുകൾ, കെസിവൈഎം ന്റെ നേതൃത്വത്തിൽ മത്സര പരീക്ഷകളെ കുറിച്ചുള്ള വെബിനാറുകൾ, കരിയർ ഗൈഡ

ൻസ്, സർക്കാർ വിജ്ഞാപനങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ, പി എസ് സി രജിസ്ട്രേഷനുള്ള സംവിധാനം എന്നിവ നൽകുന്നു. ആദ്യഗഡുവായി 2500 രൂപ ഫീസ് അടയ്ക്കേണ്ടതാണ്. തുടർന്ന് ഫീസ് ഗഡുക്കളായി അടയ്ക്കുവാൻ പ്രത്യേക സംവിധാനം ഉണ്ടായിരിക്കും. സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്ക് വികാരിയച്ചന്റെയോ കെസിവൈഎം ഭാരവാഹികളുടെയോ നിർദ്ദേശപ്രകാരം പരിഗണന നൽകുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾക്കും വിളിക്കുക.

KCYM Official: 7306389939

2. എസ് എം വൈ എം അബുദാബിയുടെ സഹായത്തോടെ ഏറ്റവും അർഹതയുള്ള ഒരു കെസിവൈഎം അംഗത്തിന് ഭവനം നിർമ്മിച്ചു നൽകുന്ന 'തണൽ വീട്' എന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ ആരംഭിച്ചു.

3. ജൂലൈ 4 യുവജന ദിനം. എല്ലാ യൂണിറ്റുകളിലും മെമ്പർഷിപ്പ് ക്യാമ്പയിൻ നടത്തേണ്ടതാണ്.

4. മങ്കുഴിക്കരി മെമ്മോറിയൽ പ്രസംഗ മത്സരം ജൂലൈ മാസത്തിൽ നടത്തുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

## ജീസസ് യൂത്ത്

ജീസസ് യൂത്ത് കോഴിക്കോട് സോൺ ഈ മഹാമാരിയുടെ കാലത്ത് ഒട്ടനവധി പ്രവർത്തനങ്ങളിലൂടെയും പരിപാടികളിലൂടെയും ഏവർക്കും കൈത്താങ്ങായ് മുന്നോട്ട് പോകുന്നു.

### കമ്മിറ്റ്മെന്റ് ഡേ

മെയ് 23-ാം തീയതി പന്തക്കുസ്താ ദിനത്തിൽ ജീസസ് യൂത്ത്/ പുനസമർപ്പണം നടത്തപ്പെട്ടു. 14-ാം തീയതി തുടങ്ങി പരിശുദ്ധാത്മാവിന്റെ നൊവേന ചൊല്ലി ഒരുങ്ങി 270 ഓളം ആളുകൾ കമിറ്റ്മെന്റ് എടുത്തു.

### ജീസസ് ആർമി ഗ്രൂപ്പുകൾ

ജീസസ് യൂത്ത് സമർപ്പണം / പുനഃസമർപ്പണം എടുത്തവരെ 17/18 അംഗങ്ങളടങ്ങുന്ന കൂട്ടായ്മയായ് തിരിച്ചു. ഓരോ ഗ്രൂപ്പുകൾക്കും രണ്ട് ലീഡർമാർ വീതമുണ്ട്. കൂട്ടായ്മയെ ശക്തിപ്പെടുത്തുന്നതിനുമറ്റുമായി അനവധി പ്രവർത്തനങ്ങൾക്ക് ലീഡർമാർ നേതൃത്വം വഹിക്കുന്നുണ്ട്. എല്ലാ മാസത്തിലെയും ആദ്യത്തെ ആഴ്ച ജീസസ് ആർമി പ്രാർത്ഥനാ കൂട്ടായ്മകൾ നടത്തപ്പെടുന്നു.

## IGNITE

കോഴിക്കോട് നഴ്സസ് മിനിസ്ട്രിയുടെ ഭാഗമായി ജൂൺ 12 ന് IGNITE നടത്തപ്പെട്ടു. സോണിലെ എല്ലാ നഴ്സിങ്ങ് കോളേജുകളിൽ നിന്നും അനവധി നഴ്സുമാർ ഈ പരിപാടിയിൽ പങ്കെടുത്തു.

### സോൺ ഇന്റർസെഷൻ

സോണിനുവേണ്ടി പ്രാർത്ഥിക്കാൻ ആഴ്ചയിൽ ഒരു മണിക്കൂർ സോണിലെ എല്ലാവരും ഒരുമിച്ചുകൂടുന്നു. എല്ലാ തിങ്കളാഴ്ചയും വൈകുന്നേരം 6-7 വരെയാണ് നടത്തുന്നത്.

## Household

സോണിലെ ഓരോ പ്രദേശങ്ങളിലെ ആൾക്കാർ ഒരുമിച്ചുകൂടിയിരുന്ന് പ്രാർത്ഥിക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. കോഴിക്കോട് സോണിൽ തിരുവമ്പാടി, കൂരാച്ചുണ്ട്, കോഴിക്കോട് സിറ്റി, മലപ്പുറം എന്നിങ്ങനെ നാല് ഹൗസ്ഹോൾഡാണ് ഉള്ളത്. കോവിഡിന്റെ ഈ സാഹചര്യത്തിൽ ഓൺലൈനായി കൂട്ടായ്മ നടത്തുന്നു.

## Acts 29

കോഴിക്കോട് ക്യാമ്പസ് മിനിസ്ട്രിയുടെ ഭാഗമായി യുവാക്കളെ ഒരുമിച്ചുകൂട്ടുന്ന കൂട്ടായ്മയാണിത്. ഇതിന്റെ ഭാഗമായി നിരവധി മത്സരങ്ങൾ നടത്തപ്പെടുന്നു. യുവാക്കളുടെ ഒത്തുചേരലും പങ്കുവയ്ക്കലും ഈ പരിപാടിയിലൂടെ നടത്തുന്നു.

## സ്റ്റഡി ഗ്രൂപ്പ്

ജീസസ് യൂത്ത് ഫോർമേഷന്റെ ഭാഗമായിട്ടുള്ള പഠനപ്രവർത്തന കൂട്ടായ്മയാണിത്. എല്ലാ ബുധനാഴ്ചകളിലും ഈ കൂട്ടായ്മ നടത്തപ്പെടുന്നു.

### സോണൽ ഗാതറിങ്

ഒരു സോണിലെ എല്ലാ മിനിസ്ട്രികളും ഒരുമിക്കുന്ന വേദിയാണിത്. എല്ലാ മാസവും അവസാന ആഴ്ചയാണ് ഈ കൂട്ടായ്മ നടത്തപ്പെടുന്നത്.

### നല്ല അയൽക്കാരൻ

2018 പ്രളയകാലത്ത് ആരംഭിച്ച ഈ മുന്നേറ്റം നമ്മുടെ ഈ ദുരിത സാഹചര്യത്തിലും തുടരുന്നു. ജീസസ് യൂത്തിന്റെ ആറ് സ്തൂഭങ്ങളിൽ ഒന്നാണ് പാവങ്ങളോട് പക്ഷം ചേരൽ. അതിനാൽ തന്നെ വോളണ്ടിയേഴ്സ്  കോവിഡ് പ്രവർത്തനങ്ങളിൽ അനുദിനം പങ്കാളികളായിക്കൊണ്ടിരിക്കുന്നു. നല്ല അയൽക്കാരന്റെ ഭാഗമായി അംഗനവാടി ടീച്ചേഴ്സ്, ആശാവർക്കേഴ്സ്, ശുചീകരണ തൊഴിലാളികൾ എന്നിവർക്ക് കോവിഡ് പ്രതിരോധ ഉപകരണങ്ങൾ നൽകി അവരെ ആദരിച്ചു. പഞ്ചായത്തുകളിൽ കപ്പ, പാൽ തുടങ്ങിയവ വിതരണം ചെയ്ത് ദേശവാസികൾക്ക് സഹായം നൽകി. അതുപോലെ പല കുടുംബങ്ങൾക്കും സാമ്പത്തിക സഹായങ്ങൾ നല്ല അയൽക്കാരന്റെ ഭാഗമായി നൽകി.

## Intercession team

ജീസസ് യൂത്ത് കോഴിക്കോട് സോണിനുവേണ്ടി പ്രാർത്ഥിക്കാനും പ്രവർത്തനങ്ങളിൽ പങ്കാളികളാകാനുംവേണ്ടി പുതിയ ഇന്റർ സെക്ഷൻ ടീം രൂപീകരിച്ചു. തിരുവമ്പാടി അൽഫോൻസ കോളേജിൽ പഠിക്കുന്ന അനൈനയുടെ നേതൃത്വത്തിൽ 7 അംഗങ്ങൾ അടങ്ങുന്ന ടീമാണ്. വെറ്റിലപ്പാറ ഇടവകക്കാരിയും ജീസസ് യൂത്ത് ഫുൾ ടൈമറുമായ റെനി ചേച്ചിയാണ് ഈ ടീമിന്റെ എൽഡർ. സേവ്യർ, മിൽലാന, വിനോദ്, വർഷ, നെവിൻ തുടങ്ങിയവരാണ് മറ്റംഗങ്ങൾ.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, ജീസസ്സ് യൂത്ത്

# എ.കെ.സി.സി

### പരിസ്ഥിതി ദിനാഘോഷം

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 'ഇന്നത്തെ തൈ നാളത്തെ തണൽ' എന്ന മുദ്രാവാക്യവുമായി വിവിധ യൂണിറ്റുകളിലും മേഖലകളിലും വൃക്ഷത്തൈകൾ നട്ടു.

## MOSES 21

കത്തോലിക്കാ കോൺഗ്രസ് നേതൃസംഗമം ജൂൺ മാസം ആറാം തീയതി MOSES 21 എന്ന പേരിൽ കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപത നേതൃസംഗമവും പ്രവർത്തകസമിതി യോഗവും നടത്തി. രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്ത പരിപാടിയിൽ എല്ലാ യൂണിറ്റ്, ഫൊറോനാ, രൂപത ഭാരവാഹികളും കേന്ദ്ര സമിതി അംഗങ്ങളും വർക്കിങ് കമ്മിറ്റി അംഗങ്ങളും പങ്കെടുത്തു.

യൂണിറ്റുകളുടെയും ഫൊറോന സമിതികളുടെയും രൂപതാ സമിതിയുടെയും ഭാവി പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയും, കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വേണ്ടിയും, കോവിഡ് ടാസ്ക് ഫോഴ്സ് പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് വേണ്ടിയുമാണ് സംഗമം ക്രമീകരിച്ചത്.

### HOPE 2021 രൂപതയിലെ വിവിധ സംഘടനകളുടെ നേതൃസംഗമം

കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ രൂപതയിലെ വിവിധ സംഘടനകളുടെ നേതൃസംഗമവും പാനൽ ചർച്ചയും ജൂൺ 19 ശനിയാഴ്ച ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തി. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ രൂപത ജനറാൾ മോൺസിഞ്ഞോർ

ജോൺ ഒറവുങ്കര ജെ ബി കോശി കമ്മീഷനുമായി ബന്ധപ്പെട്ട താമരശ്ശേരി രൂപത യുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ന്യൂനപക്ഷ അവകാശങ്ങളിലെ 80: 20 അനുപാതത്തിനു എതിരെ ഹൈക്കോടതി വിധി സമ്പാദിച്ച അഡ്വക്കേറ്റ് ജസ്റ്റിൻ പള്ളിവാതുക്കലിനെ ആദരിക്കുകയും പ്രസ്തുത വിധിയുടെ പശ്ചാത്തലത്തെക്കുറിച്ച് അദ്ദേഹം സംസാരിക്കുകയും ചെയ്തു. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ജെ ബി കോശി കമ്മീഷനുള്ള പ്രസക്തിയെക്കുറിച്ച് ചങ്ങനാശ്ശേരി രൂപത അംഗമായ ഫാ. ജെയിംസ് കൊക്കാവയലിൽ സംസാരിച്ചു. കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത സമിതി, രൂപതയിലെ പാസ്റ്റർ കൗൺസിൽ അംഗങ്ങൾ, മാതൃവേദി, മിഷൻ ലീഗ്, വിൻസന്റ് ഡി പോൾ, കാറ്റക്കിസം, മദ്യവിരുദ്ധ സമിതി, പ്രോലൈഫ്, ഇൻഫാം, ഡി സി എഫ്, കെസിവൈഎം, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, നവീകരണ മുന്നേറ്റം, കെ എൽ എം തുടങ്ങി വിവിധ സംഘടനകളുടെ ഡയറക്ടർമാരും ഭാരവാഹികളും സംയുക്ത മീറ്റിംഗിൽ സംബന്ധിച്ചു. കത്തോലിക്കാ കോൺഗ്രസ് രൂപത പ്രസിഡന്റ് ശ്രീ. ചാക്കോ കാളംപറമ്പിൽ, രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ബെന്നി ലൂക്കോസ് എന്നിവർ നേതൃത്വം നൽകി.

## കോവിഡ് സന്നദ്ധ സംഘങ്ങൾ രൂപീകരിച്ചു

രൂപതയിലെ കത്തോലിക്കാ കോൺഗ്രസിന്റെ എല്ലാ യൂണിറ്റുകളിലും കോവിഡ് സന്നദ്ധ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

## രൂപത വർക്കിങ് കമ്മിറ്റി യോഗം

ജൂൺ മാസം പതിനേഴാം തീയതി രൂപത വർക്കിംഗ് കമ്മിറ്റി യോഗം ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തി. രൂപത സമിതി അംഗങ്ങളും വർക്കിംഗ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടെ അൻപതോളം പേർ മീറ്റിങ്ങിൽ സംബന്ധിച്ചു.

## ഓക്സിമീറ്റർ വിതരണം

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ രൂപതകളിലേക്ക് നൽകിയ ഓക്സിമീറ്റർ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഗേഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനിയിയുടെ സാന്നിധ്യത്തിൽ ജൂൺ ഇരുപത്തിമൂന്നാം തീയതി രൂപത സമിതി ഏറ്റുവാങ്ങി. രൂപതയിലെ വിവിധ യൂണിറ്റുകളിലേക്ക് അവ വിതരണം ചെയ്തു വരുന്നു.

## ENLIGHTEN- സമുദായ ശാക്തീകരണ സെമിനാർ

മാതൃവേദി, കെസിവൈഎം, കത്തോലിക്ക കോൺഗ്രസ് എന്നീ സംഘടനകൾ സംയുക്തമായി ജൂൺ 20 ന് പെരിന്തൽമണ്ണ, കരുവാരകുണ്ട് മലപ്പുറം തോട്ടുമുക്കം ഫൊറോനകളിലെ യുവജനങ്ങൾക്ക് വേണ്ടിയും മാതാപിതാക്കൾക്ക് വേണ്ടിയും സംഘടനാ അംഗങ്ങൾക്ക് വേണ്ടിയും സമുദായ ശാക്തീകരണ സെമിനാർ സംഘടിപ്പിച്ചു . ഇരുന്നൂറോളം പേർ പങ്കെടുത്ത സെമിനാറിൽ ജാഗ്രത പുലർത്തേണ്ട കത്തോലിക്കാ സമുദായം എന്ന വിഷയത്തെ അധികരിച്ച് ഫാ. ജോർജ് വെള്ളയ്ക്കാകുടിയിലും ഈ

ഡബ്ലി യു എസ് സംവരണത്തെ സംബന്ധിച്ചും ന്യൂനപക്ഷ സ്കോളർഷിപ്പുകളെ സംബന്ധിച്ച് ഫാ. മാത്യു തൂമുള്ളിലും ക്ലാസ്സുകൾ നയിച്ചു. മറ്റു ഫൊറോനകൾക്കായുള്ള ENLIGHTEN പ്രോഗ്രാം വരുന്ന ആഴ്ചകളിൽ നടക്കുന്നതാണ്.

## മറ്റു പരിപാടികൾ

1. ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു: കോവിഡ് ഫുഡ് ചലഞ്ചിന്റെ ഭാഗമായി കോവിഡ് മഹാമാരിയിൽ പ്രയാസമനുഭവിക്കുന്ന മാലാപറമ്പ് നിവാസികളായ പാവപ്പെട്ട 250 ഓളം കുടുംബാംഗങ്ങൾക്ക് കൈത്താങ്ങായി കത്തോലിക്കാ കോൺഗ്രസ് മാലാപറമ്പ് യൂണിറ്റ് സൗജന്യ ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു.

   പെരിന്തൽമണ്ണ, താഴെക്കോട് ഇടവകകളും ഫുഡ് ചലഞ്ച് ഏറ്റെടുത്ത് നടത്തി. മുക്കം ഇടവകയുടെ നേതൃത്വത്തിൽ ബിരിയാണി ചലഞ്ച് നടത്തി.
2. കോവിഡ് മൃതസംസ്കാരം : പശുക്കടവ് ഇടവകയിൽ കോവിഡ് ബാധിച്ചു മരിച്ച വ്യക്തിയുടെ മൃതസംസ്കാരം വികാരിയച്ചന്റെയും AKCC അംഗങ്ങളുടെയും നേതൃത്വത്തിൽ നടത്തി. കൂരാച്ചുണ്ട് ഇടവകയിലും എ കെ സി സി യുടെ നേതൃത്വത്തിൽ കോവിഡ മൃതസംസ്കാരം നടത്തി.
3. ഓൺലൈൻ പഠന സഹായം: കത്തോലിക്കാ കോൺഗ്രസ് മരുതോങ്കര യൂണിറ്റിന്റെ നേതൃത്വത്തിൽ ഓൺലൈൻ പഠനസഹായമായി മൂന്ന് കുട്ടികൾക്ക് മൊബൈൽ ഫോണുകൾ നൽകി.
4. മാലാപറമ്പ്, പെരിന്തൽമണ്ണ ഇടവകയുടെ നേതൃത്വത്തിൽ കർഷകരെ സഹായിക്കാനായി കപ്പ സംഭരിച്ച് വിപണനം നടത്തി.
5. കോവിഡ് വാക്സിൻ ക്യാംമ്പയിൻ: കത്തോലിക്ക കോൺഗ്രസ് അശോകപുരം ഇൻഫന്റ് ജീസസ് ഇടവക യുണിറ്റിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ വെച്ച് നടത്തുന്ന കോവിഡ് വാക്സിൻ ക്യാംമ്പ് കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത പ്രസിഡൻറ് ഡോ. ചാക്കോ കാളാംപറമ്പിൽ ഉദ്ഘാടനം ചെയ്തു.
6. ജൂൺ 2, 15, 17, 22 തീയതികളിൽ രൂപത സമിതി മീറ്റിംഗുകൾ നടത്തി.
7. ഹാർട്ട് ലിംഗ്സിന്റെ ഭാഗമായി മൈലെള്ളാംപാറയിൽ നടത്തിവരുന്ന ഭവന നിർമ്മാണം പുരോഗമിക്കുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എ.കെ.സി.സി

# കരിസ്മാറ്റിക് മൂവ്മെന്റ്

പന്തക്കുസ്താ തിരുനാൾ മെയ് 23 ന് 2.30 മുതൽ സൂമിലൂടെ കെ.സി.സി.ആർ.എസ്.റ്റിയുടെ നേതൃത്വത്തിൽ ആഘോഷിച്ചു. കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ മാർ സാമുവൽ ഐറേനിയൂസ് പിതാവ് സന്ദേശത്തിലൂടെ പിതാവിനെയും പുത്രനെയും ബഹുമാനിക്കുന്നതുപോലെ പരിശുദ്ധാത്മാവിനെയും ബഹുമാനിക്കണമെന്നും പന്തക്കുസ്താ പരിശുദ്ധാത്മാവിന്റെ തിരുനാളെന്നും ഇത് സഭ പ്രാധാന്യത്തോടെ ആഘോഷിക്കേണ്ടതാണെന്നും ഓർമ്മപ്പെടുത്തി. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം പരിശുദ്ധാത്മാവിനോട് കൂടുതൽ പ്രാർത്ഥന ആരംഭിച്ചു. പന്തുക്കുസ്ത സഭയിൽ നിരന്തരം നടക്കേണ്ടതാണെന്നും അപ്പസ്തോലന്മാരുടെ പുസ്തകത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളാണെന്നും ഓർമ്മപ്പെടുത്തി. സഭയെ നവമായി നയിക്കാൻ പരിശുദ്ധാത്മാവ് നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആദ്യ പന്തക്കുസ്താ നടപടിപുസ്തകം 2-ാം അദ്ധ്യായത്തിലും രണ്ടാം പന്തക്കുസ്താ നടപടിപുസ്തകം 4-ാം അദ്ധ്യായത്തിലും മൂന്നാം പന്തക്കുസ്താ നടപടിപുസ്തകം 8-ാം അദ്ധ്യായത്തിലും നാലാം പന്തക്കുസ്താ നടപടിപുസ്തകം 10-ാം അദ്ധ്യായത്തിലും അഞ്ചാം പന്തക്കുസ്ത നടപടിപുസ്തകം 19-ാം അദ്ധ്യായത്തിലും കാണാം.

ആംസ്റ്റർഡാമിൽ മാതാവ് പ്രത്യക്ഷപ്പെട്ട് നൽകിയ പ്രാർത്ഥന ഈ കാലഘട്ടത്തിൽ വളരെ പ്രസക്തമാണ്. രോഗങ്ങൾ, ദുരിതങ്ങൾ, യുദ്ധങ്ങൾ, പകർച്ചവ്യാധികൾ പരിശുദ്ധമാതാവിനോട് ചേർന്ന് പ്രാർത്ഥിക്കാം. ഓരോരുത്തരും അനുതപിക്കാനും അനുരഞ്ജനപ്പെടാനും ക്ഷണിക്കാനും തയ്യാറാകണം. കെ.സി.സി.ആർ.എസ്.ടി ചെയർമാൻ ഫാ. ജോസഫ് താമരവെളിയുടെ അഭിഷേക പ്രാർത്ഥനയോടുകൂടി 5 മണിക്ക് സമാപിച്ചു.

25.5.21 മുതൽ തിരുവമ്പാടി, താമരശ്ശേരി സബ്സോണിൽ യുവദമ്പതികൾക്കായി ഗൂഗിൾമീറ്റിലൂടെ ധ്യാനം നടത്തി. കോഴിക്കോട് സോണിൽ എല്ലാ ശനിയാഴ്ചയും മദ്ധ്യസ്ഥ പ്രാർത്ഥന കോഡിനേറ്റർ ബാബു മാളിയേക്കലിന്റെ നേതൃത്വത്തിൽ നടക്കുന്നു. 30.5.21 മുതൽ എമ്മാവൂസ് ടീമിനോടു ചേർന്ന് കോഴിക്കോട് സോൺ 5.6.21 വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി.

31.5.21 ജപമാല സമാപനം നടന്നു. 1-ാം തീയതി മുതൽ 24 മണിക്കൂറും പരി. മാതാവിന്റെ ജപമാല നടക്കുകയായിരുന്നു. 6 മണിക്ക് സൂമിൽ ആരംഭിച്ച ശുശ്രൂഷയ്ക്ക് കോഡിനേറ്റർ സ്വാഗതവും സി. ജോയ്സ് സ്തുതിയാരാധനയും ഫാ. സൈമൺ വള്ളോപ്പിള്ളി ക്ലാസ്സും അഭിഷേകപ്രാർത്ഥനയും നടത്തി. 4.6.21 ന് ലോർഡ്സ് കപ്പിൾ മിനിസ്ട്രിയുടെ നേതൃത്വത്തിൽ പിതൃഹൃദയം ഒരുക്കി. കൂട്ടായ്മയിൽ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് പിതാവ് വലിയ കുടുംബത്തിന്റെ പ്രസക്തി ഓർമ്മപ്പെടുത്തി. വലിയ കുടുംബ ദമ്പതികൾ നേരിടുന്ന കളിയാക്കലുകൾ, ഒറ്റപ്പെടുത്തൽ അത് സ്വന്തം ഭവനത്തിൽനിന്നുപോലും ഉണ്ടാകുന്നു. വലിയ മാതൃക നൽകികൊണ്ട്

എട്ടും ഒമ്പതും കുട്ടികൾക്ക് ജന്മം നൽകുവാൻ കാണിക്കുന്ന ധീരത - സഭ എന്നും അവരോടൊപ്പമുണ്ട്. അതുപോലെ 25 വയസ്സിനുള്ളിൽ നമ്മുടെ കുട്ടികളെ വിവാഹിതരാക്കാനും ഒരുക്കണം. അല്ലെങ്കിൽ സഭയുടെ നിലനിൽപ് അപകടത്തിലാകും. 13.6.21 ന് സർവ്വീസ് ടീം കൂടി. സോണിൽ നടക്കുന്ന എൽഎസ്എസ് ധ്യാനങ്ങൾ, മദ്ധ്യസ്ഥ പ്രാർത്ഥന, ഗർഭസ്ഥ ശിശുക്കളുടെ മാതാപിതാക്കളുടെ ധ്യാനം വിലയിരുത്തി.

16.6.21 മുതൽ സൂമിൽ 8.30 മുതൽ 9.45 വരെ ഗർഭസ്ഥ ശിശുക്കൾക്കുവേണ്ടി കെ.സി.സി.ആർ.എസ്.റ്റി യുടെ സഹായത്തോടുകൂടി കോഴിക്കോട് സോണിൽ ധ്യാനം നടത്തി. ഏകദേശം 180 ഓളം ദമ്പതികൾ രജിസ്റ്റർ ചെയ്തു. ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയത് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ്, ഫാ. ലൂയിസ് വെള്ളാനിക്കൽ, ഡോ. അബ്രാഹം ജേക്കബ്, ഡോ. സുമ ജിൻസൺ, ഷാജി വൈക്കത്തുപറമ്പിൽ, സെബാസ്റ്റ്യൻ താന്നിക്കൽ എന്നിവരാണ്. 20-ാം കെ.സി.സി.ആർ.എസ്.റ്റി ചെയർമാൻ ജോസഫ് താമരവെളിയച്ചന്റെ അഭിഷേക പ്രാർത്ഥനയോടുകൂടി സമാപിച്ചു. ഏറ്റവും അനുഗ്രഹമായ നിമിഷങ്ങൾക്ക് വേണ്ടി അദ്ധ്വാനിച്ച ലോർഡ്സ് കപ്പിൾ ടീമംഗങ്ങൾക്ക് ഒത്തിരി നന്ദി.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

## ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

പരിശുദ്ധ അമ്മയുടെ ശക്തമായ മദ്ധ്യസ്ഥതയാൽ ജൂൺ മാസത്തിലെ ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ ബഥാനിയായിലെ എല്ലാ കാര്യങ്ങളും ഭംഗിയായി നടന്നുകൊണ്ടിരിക്കുന്നു. കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ ദൈവമക്കൾക്ക് നേരിട്ട് ബഥാനിയ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ കഴിയുന്നില്ലെങ്കിലും അവരവരുടെ എല്ലാ നിയോഗങ്ങളും ആവശ്യങ്ങളും ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രത്യേക പ്രാർത്ഥനകളും ആരാധനകളും നടക്കുന്നു. ആരാധനാലയങ്ങൾ അടഞ്ഞു കിടക്കുന്നതിനാൽ എല്ലാ ദിവസവും 6.30 ന് ബഥാനിയായുടെ ഔദ്യോഗിക ചാനലായ ബഥാനിയാ വിഷനിലൂടെ വി. കുർബാനയും ആരാധനയും വിശേഷ സന്ദർഭങ്ങളിൽ ദൈവവചന പ്രഘോഷണവും സംപ്രേഷണം ചെയ്യുന്നു.

### നിത്യാരാധന

എല്ലാ ദിവസവും രാവിലെ വി. കുർബാനയോടെ ആരംഭിച്ച് രാത്രി 8 മണിക്ക് അവസാനിക്കുന്ന രീതിയിൽ നിത്യാരാധന നടക്കുന്നു. സ്വദേശത്തുനിന്നും വിദേശത്തുനിന്നും വിളിച്ചറിയിക്കുന്ന പ്രാർത്ഥനാ നിയോഗങ്ങൾ ആരാധനയിൽ സമർപ്പിച്ച് പ്രത്യേകം പ്രാർത്ഥിക്കുന്നു.

### 101 മണിക്കൂർ ആരാധനയും ജപമാല സമർപ്പണവും

ഓരോ മാസത്തെയും ബഥാനിയായുടെ ശുശ്രൂഷകളെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി നടത്തപ്പെടുന്ന 101 മണിക്കൂർ ആരാധനയും അഖണ്ഡജപമാലയും ജൂൺ മാസം 5-ാം തീയതി രാവിലെ 6.30 ന് ആരംഭിച്ച് 9-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് അവസാനിച്ചു. ഏറെ ദൈവാനുഗ്രഹവും ആത്മാഭിഷേകത്തിന്റെ ദിനങ്ങളായിരുന്നു ഇത്.

### ബഥാനിയാ ചെയിൻ റോസറി

ബഥാനിയായിലെ ശുശ്രൂഷകർക്ക് ഒരുമിച്ചു കൂടുവാൻ കോവിഡ്മൂലം സാധ്യമല്ലാത്തതിനാൽ ഓരോരുത്തരും അവരവരുടെ ഭവനങ്ങളിലിരുന്ന് നിശ്ചയിക്കപ്പെട്ട സമയങ്ങളിൽ ജപമാല ചൊല്ലി പ്രത്യേകം പ്രാർത്ഥിക്കുന്നു.

### അഖണ്ഡജപമാല സമർപ്പണം 2021 (2021 ജൂലൈ – ഒക്ടോബർ 30)

ബഥാനിയാ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്ന ഏറ്റവും വലിയ ശുശ്രൂഷയാണ് 101 ദിനരാത്രങ്ങൾ (2424 മണിക്കൂർ) നീണ്ടുനിൽക്കുന്ന ദിവ്യകാരുണ്യ ആരാധനയും അഖണ്ഡജപമാല സമർപ്പണവും കഴിഞ്ഞ 20 വർഷങ്ങളിലായി അഖണ്ഡജപമാല സമർപ്പണത്തിലൂടെ പരി. അമ്മയുടെ പ്രത്യേക മദ്ധ്യസ്ഥതയാൽ നിരവധി അനുഗ്രഹങ്ങൾ ലഭിക്കുകയുണ്ടായി. കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ഈ വർഷവും അഖണ്ഡജപമാല സമർപ്പണവും ദിവ്യകാരുണ്യ ആരാധനയും ജൂലൈ 22 വ്യാഴാഴ്ച ആരംഭിച്ച് ഒക്ടോബർ 30-ാം തീയതി അവസാനിക്കുന്ന രീതിയിൽ ക്രമീകരിക്കുന്നു.

ലോകസമാധാനം പകർച്ചവ്യാധികളിൽനിന്നുള്ള സംരക്ഷണം എന്നീ നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ടാണ് ഈ വർഷത്തെ അഖണ്ഡജപമാല സമർപ്പണം നടത്തുന്നത്. കോവിഡ് ഇളവുകൾ ലഭ്യമാകുന്നതനുസരിച്ച് ദൈവജനത്തിന് നേരിട്ട് പങ്കെടുക്കുവാനുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതാണ്. കൂടുതൽ ആളുകൾക്ക് ഒരുമിച്ച് ശുശ്രൂഷയിൽ പങ്കെടുക്കുവാൻ സാധ്യമല്ലാത്തതിനാൽ അഖണ്ഡജപമാല ശുശ്രൂഷകൾ എല്ലാ ദിവസവും ബഥാനിയാ ധ്യാനകേന്ദ്രത്തിന്റെ ഔദ്യോഗിക യൂട്യൂബ് ചാനലായ ബഥാനിയാ വിഷനിലൂടെ സംപ്രേഷണം ചെയ്യുന്നതാണ്.

നന്ദിയും പ്രാർത്ഥനകളും കഴിഞ്ഞ രണ്ട് വർഷക്കാലം ബഥാനിയാ ധ്യാനകേന്ദ്രത്തിൽ അസി. ഡയറക്ടറായി ശുശ്രൂഷ ചെയ്തതിനുശേഷം ഇപ്പോൾ ആൽഫ മരിയ അക്കാദമിയുടെ അസി. ഡയറക്ടറായി സ്ഥലം മാറിപോകുന്ന ബഹു. സിബി കുഴിവേലിലച്ചന് ബഥാനിയാ കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനയും നേരുന്നു. പുതിയ ശുശ്രൂഷാ മേഖലയിൽ വിജയാശംസകളും പ്രാർത്ഥനയും നേരുകയും ചെയ്യുന്നു.

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# മലബാർ ലേബർ മൂവ്മെന്റ്

കർഷക ക്ഷേമനിധി ബോർഡിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് താമരശ്ശേരി രൂപതയിലെ എല്ലാ ഇടവകകളിലെയും അർഹരായ കർഷകർക്ക് ക്ഷേമനിധി അംഗത്വവും 60 വയസ്സിനുശേഷം പെൻഷനും ലഭിക്കുന്നതിനായി സാധിക്കുന്നത്ര കർഷകരെ ക്ഷേമനിധിയിൽ ചേർക്കുവാൻ തീരുമാനിച്ചു. അതിനായി ഓരോ ഇടവകയിൽ നിന്നും ഓരോ വ്യക്തികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുവാനും തീരുമാനിച്ചു. ഇതിനകം 45 ഇടവകകളിൽ നിന്നും ആളുകളെ റിസോഴ്സ് പേഴ്സൺസ് ആയി തെരഞ്ഞെടുത്തിട്ടുണ്ട്. മറ്റുള്ള ഇടവകകളിൽ നിന്നും വികാരിയച്ചന്മാർ നിർദ്ദേശിക്കുന്ന മുറയ്ക്ക് അംഗങ്ങളെ ചേർക്കുകയും പരിശീലനം നൽകുകയും ചെയ്യുന്നതാണ്.

കോവിഡ് 19 നോട് അനുബന്ധിച്ച് കേരള സർക്കാർ വിവിധ ക്ഷേമനിധികളിൽ അംഗങ്ങൾ ആയിരിക്കുന്ന വ്യക്തികൾക്ക് 1000 രൂപ സഹായധനം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സഹായധനം KLM അംഗങ്ങൾക്ക് ലഭിക്കുന്നതിന് വേണ്ട നടപടികൾ തുടർന്നുവരുന്നു.

സ്വാവലംബൻ സ്കീമിൽ അംഗങ്ങളായ വ്യക്തികൾക്ക് 60 വയസ്സിനുശേഷം ലഭിക്കേണ്ട തുക അർഹരായ ആറുപേർക്ക് നൽകി.

**ഫാ. ജയ്സൺ കാരക്കുന്നേൽ**
ഡയറക്ടർ, മലബാർ ലേബർ മൂവ്മെന്റ്

# വികസനവേദി

### പരിസ്ഥിതി ദിനാഘോഷം കൊണ്ടാടി

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു താമരശ്ശേരി സി. ഒ. ഡി. യുടെ കീഴിൽ ഉള്ള ഗ്രാമ വികസന സമിതികളുടെ നേതൃത്വത്തിൽ നിരവധി വോളണ്ടിയേഴ്സ് വൃക്ഷ തൈകൾ നട്ടു സമൂഹത്തിനു മാതൃകയായി.സി. ഒ. ഡി.യിലെ വനിതാ സംഘടനകളുടെ നേതൃത്തിൽ നടന്ന 'വീട്ടു വളപ്പിൽ ഒരു വൃക്ഷ തൈ' എന്ന പ്രവർത്തന യജ്ഞം പരിസ്ഥിതി ദിനത്തിന്റെ സന്ദേശം നിരവധി ആളുകളിലേക്ക് എത്തിക്കുന്നതിലും സമൂഹത്തിന് മഹത്തായ സന്ദേശം കൈമാറുന്നതിനും ഉപകരിച്ചു.

### ആശാകിരണം ഓൺലൈൻ ഓറിയന്റേഷൻ മീറ്റിങ്

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സി. ഒ. ഡി. നടപ്പിലാക്കുന്ന ആശാകിരണം കാൻസർ സുരക്ഷ പദ്ധതിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും, വരും നാളുകളിലെ പരിപാടികൾ വിഭാവനം ചെയ്യുന്നതിനുമായി

ആശാകിരണം പ്രോഗ്രാം ഓഫീസർ ശ്രീമതി സിബി പൗലോസ്സിന്റെയും കാരിത്താസ് സ്റ്റേറ്റ് ഇൻചാർജ് ശ്രീ അബീഷ് ആന്റണിയുടെയും നേതൃത്വത്തിൽ ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിച്ചു.

ആശാകിരണത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും,ഭാവിയിലേക്ക് ഉള്ള പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യുവാനും, Resources Mobilization ശക്തമാക്കുന്നതിനെക്കുറിച്ചും വളരെ വ്യക്തമായ രീതിയിൽ ചർച്ചകൾ നടത്തി.സി. ഒ. ഡി. യുടെ നേതൃത്വത്തിൽ നാളിതുവരെ ചെയ്ത എല്ലാ പ്രവർത്തനങ്ങളും കാരിത്താസ് ടീം പ്രശംസിക്കുകയും ചെയ്തു. സി. ഒ. ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിയുടെ അധ്യക്ഷതയിൽ ആരംഭിച്ച മീറ്റിങ് കോർഡിനേറ്റർ ഐശ്വര്യ തോമസ് നന്ദി പറഞ്ഞു അവസാനിപ്പിച്ചു.

## 'ഭക്ഷ്യ കിറ്റ് വിതരണം'

കോവിഡ് മൂലം ദുരിതം അനുഭവിക്കുന്ന രൂപതയിലെ നിർധനരായ കുടുംബങ്ങൾക്ക് സി. ഒ. ഡി. യുടെ നേതൃത്വത്തിൽ 1000 രൂപ വിലമതിക്കുന്ന ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. സി. ഒ. ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## കാൻസർ രോഗികൾക്ക് മെഡിക്കൽ ധനസഹായം

ആശാകിരണം പദ്ധതിയുടെ ഭാഗമായി, കാൻസർ മൂലം ദുരിതം അനുഭവിക്കുന്ന 135 ഓളം വരുന്ന രോഗികൾക്ക് ഇത്തവണ 500 രൂപയുടെ ഭക്ഷ്യ കിറ്റിനോടൊപ്പം 500 രൂപയുടെ മെഡിക്കൽ ധന സഹായം കൂടി ഉറപ്പുവരുത്തി. കോവിഡ് മഹാമാരി മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന രോഗികൾക്ക് ഒരു കൈത്താങ്ങാകുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

## കോവിഡ് പ്രതിരോധ കിറ്റ് വിതരണം

കമില്ലസ് സഭയുടെ നേതൃത്വത്തിൽ ഉള്ള സ്നേഹ ചാരിറ്റബിൾ ട്രസ്റ്റ് സി. ഒ. ഡി. യുമായി ചേർന്ന് ചാവറ ഹോസ്പിറ്റലിലും സെന്റ് ജോസഫ് ഹോസ്പിറ്റലിലും പി. പി. ഇ. കിറ്റ്, സാനിറ്റൈസർ തുടങ്ങിയവ ഉൾപ്പെടുന്ന കോവിഡ് പ്രതിരോധ കിറ്റ് വിതരണം നടത്തി.

കോവിഡ് നെഗറ്റീവ് ആയതിനുശേഷം ഓക്സിജൻ ബുദ്ധിമുട്ട് നേരിടുന്നതുകൊണ്ട് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് വാങ്ങി വീടുകളിൽ പോകാൻ കഴിയാത്ത പാവപ്പെട്ട രോഗികൾ നമ്മുടെ ഇടവകകളിൽ ഉണ്ടെങ്കിൽ ഓക്സിജൻ കോൺസെൻട്രേറ്റർ വീടുകളിൽ ഉപയോഗിക്കാൻ സി. ഒ. ഡി. മുഖേന നൽകുന്നതാണ്. അത്യാവശ്യക്കാർ ആരെങ്കിലും അച്ചന്മാരുടെ ഇടവകകളിൽ ഉണ്ടെങ്കിൽ ഇടവകകാരുടെ ശ്രദ്ധയിൽ ഇക്കാര്യങ്ങൾ പെടുത്തുക എന്ന കാര്യം ഓർമിപ്പിക്കുന്നു.

**ഫാ. ജോർജ്ജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

# അജപാലനക്കുറിപ്പുകൾ

ജൂൺ 2021

1-3 രാവിലെ, കെ.സി.ബി.സി. ഓൺലൈനിൽ നടത്തിയ അർദ്ധവാർഷിക മീറ്റിംഗിൽ പങ്കെടുത്തു.
വൈകുന്നേരം, ചെറുപുഷ്പ മിഷൻ ലീഗ് പ്രവർത്തന വർഷം തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുകയും പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്യുകയും ചെയ്തു, ഓൺലൈനായി മീറ്റിംഗിൽ പങ്കെടുത്ത വരെ അഭിസംബോധന ചെയ്തു സംസാരിച്ചു.

2 വൈകുന്നേരം, പഞ്ചാബ് മിഷനിലേക്ക് യാത്രയാകുന്ന ബഹു. അബ്രഹാം വള്ളോപ്പിള്ളി, ബഹു. ജോസഫ് കിളിയൻപറമ്പിൽ എന്നീ വൈദികർക്ക് നൽകിയ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു.

4 രാവിലെ, രൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള പ്രധാനാദ്ധ്യാപകരുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.
വൈകുന്നേരം, യു.എ.ഇ. യിലെ മുസാഫ എ.കെ.സി.സി. പുതിയ ഘടകം ആരംഭിക്കുന്ന മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.
പ്രോ-ലൈഫ് മൂവ്മെന്റിന്റെ ലോഡ്സ് കപ്പിൾ മിനിസ്ട്രിയുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

5 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച്, 2021-2022 അദ്ധ്യയന വർഷത്തെ മതബോധന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.
തിരുബാലസഖ്യ പ്രവർത്തനവർഷം ഓൺലൈനായി ഉദ്ഘാടനം ചെയ്തു.
ഉച്ചകഴിഞ്ഞ്, ഫൊറോനാ വികാരിമാരുടെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.
വൈകുന്നേരം, എ.കെ.സി.സി. യുടെ വർക്കിംഗ് കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

6 രാവിലെ, ഡിഗ്രി വൈദിക വിദ്യാർത്ഥികൾക്കായി താമരശ്ശേരി അൽഫോൻസ കപ്പേളയിൽ വി. കുർബാനയർപ്പിച്ചു.
നജീബ് കാന്തപുരം എം. എൽ. എ. യെ രൂപതഭവനിൽ സ്വീകരിച്ചു.

7 രാവിലെ, പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.
വൈകുന്നേരം, എ.കെ.സി.സി. യുടെ നേതൃത്വത്തിൽ വിളിച്ചുചേർത്ത വിവിധ സംഘടനാ പ്രതിനിധികളുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

9 രാവിലെ, അൽഫോൻസാ സ്കൂളിന്റെ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.
ദീപിക അപ്പെക്സ് ബോർഡിന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.
ഉച്ചകഴിഞ്ഞ്, ന്യൂനപക്ഷ അവകാശ വിഷയത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി എ.കെ.സി.സി. യുടെ നേതൃത്വത്തിൽ വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങളിലെ പ്രതിനിധികൾക്കുവേണ്ടി സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

10 രാവിലെ, കുളത്തുവയൽ നിർമ്മല റിട്രീറ്റ് സെന്ററിലെ പുതിയ ബലിപീഠം കൂദാശ ചെയ്തു. തുടർന്ന്, മോൺ. സി. ജെ. വർക്കിയച്ചന്റെ 100-ാം ജന്മദിന അനുസ്മരണത്തിന്റെ ഭാഗമായി നടന്ന ദിവ്യബലിക്ക് നേതൃത്വം നൽകി. അഭിവന്ദ്യ മാർ വർഗ്ഗീസ് ചക്കാലക്കൽ പിതാവ് വചനപ്രഘോഷണം നടത്തി. തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

11 രാവിലെ, മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 27-ാം ചരമവാർഷികത്തോടനുബന്ധിച്ച് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.
വൈകുന്നേരം, രൂപതാവൈദികരുടെ ഓൺലൈൻ കൂട്ടായ്മയിൽ പങ്കെടുത്തു. മാർ മങ്കുഴിക്കരി പിതാവിനെ അനുസ്മരിച്ച് ഒപ്പീസ് നടത്തി.

13 രാവിലെ, 2021-2022 അദ്ധ്യയന വർഷ ആരംഭത്തോടനുബന്ധിച്ച് മൈനർ സെമിനാരി ചാപ്പലിൽ വി. കുർബാനയർപ്പിച്ചു.
പ്രീ കാനാ ഓൺലൈൻ കോഴ്സിൽ സംബന്ധിച്ചവർക്കായി ക്ലാസ്സെടുത്തു.

14 ഉച്ചകഴിഞ്ഞ്, മൈനർ സെമിനാരി അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്തു. സെമിനാരിയുടെ പുതിയ ലോഗോ പ്രകാശനം ചെയ്തു.
കെ.പി.സി.സി. ജനറൽ സെക്രട്ടറി നൗഷാദ് അലിയെ രൂപതാ ഭവനിൽ സ്വീകരിച്ചു.

15 രാവിലെ, പാറോപ്പടി എസ്. എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് രണ്ട് സന്യാസിനിമാരുടെ നിത്യവ്രത വാഗ്ദാന കർമ്മങ്ങൾക്ക് പ്രധാന കാർമ്മികത്വം വഹിച്ചു.
ഉച്ചകഴിഞ്ഞ്, മേരിക്കുന്ന് ഗുഡ്ഷെപ്പേർഡ് പ്രീസ്റ്റ് ഹോമിലെ മൂന്ന് വർഷത്തെ സ്തുത്യർഹ സേവനത്തിന് ശേഷം സ്ഥലം മാറി പോകുന്ന സി. ലെസ്ലി എസ്.ഡി. യ്ക്ക് നൽകിയ യാത്രയയപ്പ് മീറ്റിംഗിൽ പങ്കെടുത്തു.

16 രാവിലെ, മേരിക്കുന്ന് എം.എസ്.ജെ. പ്രൊവിൻഷ്യൽ ഹൗസിൽ പുതുതായി പണി കഴിപ്പിച്ച ചാപ്പലിന്റെ കൂദാശാ കർമ്മവും, പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പും നിർവ്വഹിക്കുകയും, ഒരു സന്യാസിനിയുടെ നിത്യവ്രത വാഗ്ദാനം നടത്തുകയും ചെയ്തു.
വൈകുന്നേരം, ഗർഭിണികളായ അമ്മമാർക്കായി നവീകരണ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

17 രാവിലെ, ദീപിക കോഴിക്കോട് യൂണിറ്റിലെ വിവിധ വിഭാഗങ്ങളിലെ മേധാവികളുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.
ഉച്ചകഴിഞ്ഞ്, കമില്ലസ് വൈദികരുമായി സഹകരിച്ച് സി.ഒ.ഡി. സംഘടിപ്പിച്ച കോവിഡ്-19 മെഡിക്കൽ ഉപകരണങ്ങളുടെ വിതരണ ഉദ്ഘാടനം നടത്തി.
വൈകുന്നേരം, ഏ.കെ.സി.സി. രൂപതാ ഘടകം വർക്കിംഗ് കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

18 രാവിലെ, ദീപിക അപ്പെക്സ് ബോർഡിന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.
ഈങ്ങാപ്പുഴ വികാരിയായി നിയമിതനായ വിൻസെൻഷ്യൻ സമൂഹാംഗം ബഹു. ഫാ. ജെയിംസ് കല്ലുങ്കൽ അച്ചനെ രൂപതാഭവനിൽ സ്വീകരിച്ചു.

21 രാവിലെ, ചക്കിട്ടപാറ ദൈവാലയത്തിൽ വെച്ച് ഡൊമിനിക്കൻ സന്യാസ സമൂഹാംഗം ഡീക്കൻ ജോസഫ് ആന്റണി വളയത്തിന് വൈദികപട്ടം നൽകി.
പെരുവണ്ണാമൂഴിയിൽ കാട്ടാനയുടെ അക്രമണത്തിൽ കാർഷിക വിളകൾക്ക് നാശം സംഭവിച്ച മഠത്തിനാൽ ജോൺസന്റെ ഭവനം സന്ദർശിച്ചു.

23 രാവിലെ, ദീപികയും ആംസ്റ്റർ മിംസും സംയുക്തമായി നടപ്പിലാക്കുന്ന കാൻസർ ചികിത്സാ പദ്ധതിയായ കാരുണ്യസ്പർശം ഉദ്ഘാടനം ചെയ്തു.
മേജർ ആർച്ച് ബിഷപ്പ് വിളിച്ചു ചേർത്ത വിവിധ കമ്മീഷനംഗങ്ങളുടെ ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു.

വൈകുന്നേരം, യു.എ.ഇ. വിശ്വാസസമൂഹത്തിന്റെ സഹായത്തോടെ എ.കെ.സി.സി. ഗ്ലോബൽ കമ്മറ്റി വിതരണം ചെയ്ത പൾസ് ഓക്സീമീറ്ററുകളുടെ മലബാർ മേഖല വിതരണോദ്ഘാടനം രൂപതാ ഭവനിൽ നടത്തി.

കക്കാടംപൊയിൽ ഇടവകയുടെ നേതൃത്വത്തിൽ പാവപ്പെട്ട കുട്ടികൾക്കായി നടത്തുന്ന പഠനസഹായ വിതരണോദ്ഘാടനം ഓൺലൈനായി നടത്തി.

24 രാവിലെ, തിരുവമ്പാടി ഫൊറോന ദൈവാലയത്തിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് ജ്ഞാനസ്നാനം നൽകി.

തിരുവമ്പാടി ഫൊറോന ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, ബിഷപ്സ് ഹൗസിൽ വൈദികരുടെ മാസ ധ്യാനത്തിൽ സംബന്ധിച്ചു.

25 രാവിലെ, രൂപതാഭവനിലെ അംഗങ്ങളുമൊത്ത് രൂപതാ ഭവൻ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

മേരിക്കുന്നിൽ ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി നിർമ്മിക്കുന്ന കെട്ടിടം സന്ദർശിക്കുകയും നിർമ്മാണ പുരോഗതി വിലയിരുത്തുകയും ചെയ്തു.


ഉച്ചകഴിഞ്ഞ്, ചെമ്പനോട ഇടവകയിലെ നിര്യാതനായ നടത്തിപ്പ് കൈക്കാരൻ ബേബി കിഴക്കരക്കാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.


26 വൈകുന്നേരം, രൂപതയിലെ വിവിധ സംഘടനകളുടെ ഏകോപന സമിതി രൂപീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു.

27 താമരശ്ശേരി ആരാധന സന്യാസിനീ സമൂഹ പ്രവിശ്യാഭവൻ കപ്പേളയിൽ ദിവ്യബലി അർപ്പിച്ചു.

28 ഉച്ചകഴിഞ്ഞ്, വെറ്റിലപ്പാറ ഇടവകയിൽ വെച്ച് ഒരു കുഞ്ഞിന് ജ്ഞാനസ്നാനം നൽകി.

30 വൈകുന്നേരം, സീറോ മലബാർ മെത്രാന്മാരുടെ ഓൺലൈൻ ധ്യാനത്തിൽ പങ്കെടുത്തു.





# വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന

ഞങ്ങളുടെ വിമോചകന്റെ പാലകനായ വി. യൗസേപ്പിതാവേ, പരി. കന്യാമറിയത്തിന്റെ മണവാളാ, ദൈവം തന്റെ ഏകജാതനെ ഭരമേല്പിച്ച അങ്ങിലാണല്ലോ, പരി. കന്യകാ മറിയം ശരണപ്പെട്ടത്. അങ്ങയോടൊപ്പമാണല്ലോ ഈശോ വളർന്നത്. വി. യൗസേപ്പിതാവേ, ഞങ്ങളുടെ സ്വർഗീയതാതനായിരുന്നുകൊണ്ട് ജീവന്റെ വഴിയിൽ ഞങ്ങളെയും നയിക്കണമേ. ഞങ്ങൾക്ക് കൃപയും കാരുണ്യവും ധൈര്യവും ലഭിക്കുന്നതിനും തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുന്നതിനും മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

(‘പാത്രിസ് കോർദേ’യുടെ സമാപനത്തിലെ പ്രാർത്ഥന)



# Pope Francis

## On Family



**1. The family prays**

After all, prayer seems to be something personal, and besides there is never a good time, a moment of peace… Yes, all that is true enough, but it is also a matter of humility, of realizing that we need God… all of us! We need his help, his strength, his blessing, his mercy, his forgiveness. And we need simplicity to pray as a family: simplicity is necessary! Praying the Our Father together, around the table, is not something extraordinary: it's easy. And praying the Rosary together, as a family, is very beautiful and a source of great strength! And also praying for one another! The husband for his wife, the wife for her husband, both together for their children, the children for their grandparents….praying for each other. This is what it means to pray in the family and it is what makes the family strong: prayer.

**2. The family keeps the faith**

We all know that families, especially young families, are often "racing" from one place to another, with lots to do. But did you ever think that this "racing" could also be the race of faith? Christian families are missionary families. …They are missionary in everyday life, in their doing everyday things, as they bring to everything the salt and the leaven of faith! Keeping the faith in families and bringing to everyday things the salt and the leaven of faith.

**3. The family experiences joy**

Dear families, you know very well that the true joy which we experience in the family is not superficial; it does not come from material objects, from the fact that everything seems to be going well… True joy comes from a profound harmony between persons, something which we all feel in our hearts and which makes us experience the beauty of togetherness, of mutual support along life's journey. But the basis of this feeling of deep joy is the presence of God, the presence of God in the family and his love, which is welcoming, merciful, and respectful towards all. And above all, a love which is patient: patience is a virtue of God and he teaches us how to cultivate it in family life, how to be patient, and lovingly so, with each other. To be patient among ourselves. A patient love.

Dear families, always live in faith and simplicity, like the Holy Family of Nazareth! The joy and peace of the Lord be always with you!

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-06-2021 |




**വിശുദ്ധയാം അൽഫോൻസേ പ്രാർത്ഥിച്ചീടണമേ**
**ഭാരതമണ്ണിൻ യാചനകൾ വിണ്ണിലുയർത്തണമേ**

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.